
കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന കുട്ടികളുടെ മാസിക

# തളിര്

2018 ആഗസ്റ്റ്

വില ₹20





പ്രിയപ്പെട്ട കൂട്ടുകാരേ,

ഓണം ദാ ഇങ്ങ് പടിക്കലെത്തി. നന്മയുടെ, സമത്വത്തിന്റെ, സന്തോഷത്തിന്റെ പൂക്കൾ വിടർത്തുന്ന ഓണം.

കഥകളിലൂടെയും പാട്ടുകളിലൂടെയും മുതിർന്നവരുടെ ഓർമകളിലൂടെയും കേട്ടതും അറിഞ്ഞതുമായ ഓണത്തിൽ നിന്ന് നമ്മുടെ ഇപ്പോഴത്തെ ഓണത്തിന് കുറേയൊക്കെ വ്യത്യാസങ്ങൾ ഉണ്ടായേക്കാം. എന്നിരുന്നാലും ഓണം മുന്നോട്ടു വയ്ക്കുന്ന ആശയം എപ്പോഴും ഒന്നു തന്നെയാണ്. മാനുഷരെല്ലാരും ഒന്നുപോലെ കഴിയുന്ന ലോകം; അതാണ് ഓണത്തിന്റെ സത്ത.

കളിക്കുന്നതിനും ആഹ്ലാദിക്കുന്നതിനും ആഘോഷിക്കുന്നതിനുമൊപ്പം നമുക്കു ചുറ്റുമുള്ള അനീതികളെയും സങ്കടങ്ങളെയും കാണാനും അവയെപ്പറ്റി ചിന്തിക്കാനും നല്ലരീതിയിൽ പ്രവർത്തിക്കാനും കൂട്ടുകാർക്ക് കഴിയട്ടേ...

മുന്നോട്ടുള്ള ഓരോ ചുവടിലും തളിര് നിങ്ങൾക്കൊപ്പമുണ്ട്. എല്ലാ കൂട്ടുകാർക്കും ഹൃദയം നിറഞ്ഞ ഓണാശംസകൾ.

**പള്ളിയറ ശ്രീധരൻ**
ഡയറക്ടർ
കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്

വര: ബാബുരാജൻ



പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം


ആഗസ്റ്റ് 2018
വില ₹20
വാർഷികവരിസംഖ്യ ₹200

# ഉള്ളടക്കം

മുൻമൊഴി ............................6
സുഗതകുമാരി
ആനക്കാര്യം............................7
എൻ ടി രാജീവ്
കവിതാപരിചയം.......................8
ഊഞ്ഞാൽപ്പാട്ട്.........................15
ഓണപ്പാട്ട് ..............................38
എസ് രമേശൻ നായർ
കുഞ്ഞുണ്ണി മാവേലി ...............41
പി വി കൃഷ്ണൻ
മാവേലിയുടെ കത്ത്.................42
പ്രൊഫ. എസ് ശിവദാസ്
സ്മരിക്കുക, നമസ്കരിക്കുക..44
ആഗസ്റ്റ് 15...............................45
ഒരു കുട്ടിപ്പാട്ട് .........................45
ശ്രീകുമാരൻ തമ്പി
കേശവന്റെ ജൈത്രയാത്ര.........46
സിപ്പി പള്ളിപ്പുറം
ആരുമറിഞ്ഞില്ല
പോയതും വന്നതും.................48
ചന്ദ്രമതി
പിണ്ടിപ്പായസം.........................52
പി കെ ഗോപി

10

## തിരുവോണം പ്രകൃതി ആനന്ദിക്കുന്ന കാലം



കഥയെഴുത്തിലെ അപൂർവ ചാരുത യാണ് ടി പത്മനാഭൻ. തളിരു വായന ക്കാർക്കു മുന്നിൽ മനസ്സു തുറക്കുക യാണ് അദ്ദേഹം. പയ്യന്നൂർ കുഞ്ഞി രാമൻ തയ്യാറാക്കിയ പ്രത്യേക അഭിമുഖം വായിക്കൂ...

16

## ഓണത്തപ്പൂപ്പന്റെ കഥ

**സി രാധാകൃഷ്ണൻ**



എല്ലാ ഓണക്കാലത്തും കുട്ടികൾക്കു സമ്മാനങ്ങളുമായി ആ നാട്ടിൻപുറത്തേക്ക് അയാൾ ഓടിയെത്തും. അയാളെ ആരൊ ക്കെയോ ആക്കിയ ആ നാട് അയാളുടെ ഓർമയിൽ എന്നും നിറഞ്ഞുനിന്നിരുന്നു. ആണ്ടിലൊരിക്കൽ എത്താറുള്ള ആ ഓണത്തപ്പൂപ്പന്റെ കഥ വായിക്കൂ...



20

## രണ്ടു പക്ഷിക്കവിതകൾ

**സച്ചിദാനന്ദൻ**

കാക്ക, മരംകൊത്തി എന്നീ പക്ഷികളെ കുറിച്ചുള്ള മനോഹരമായ രണ്ടു കവിതകൾ

ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ എ കെ ബാലൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

ചീഫ് എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ & ഡയറക്ടർ
**പള്ളിയറ ശ്രീധരൻ**

പത്രാധിപസമിതി
**എം എസ് കുമാർ**
**സി ആർ ദാസ്**
**എം കെ മനോഹരൻ**
**ആലിന്തറ ജി കൃഷ്ണപിള്ള**
**ജാനമ്മ കുഞ്ഞുണ്ണി**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**സഫിയ ഒ സി**
**ചിഞ്ജു പ്രകാശ്**
**അഞ്ജന സി ജി**

ആർട്ട്, ഡിസൈൻ & ലേ ഔട്ട്
**വിഷ്ണു പി എസ്**

കവർ
**വെങ്കി**

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034
**ഫോൺ**
0471-233 3790
e-mail : thaliru@ksicl.org,
director@ksicl.org


**കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരണം**
1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
www.ksicl.org

# തളിര്

## മനസ്സിനെ വെടിപ്പാക്കുന്ന യാത്രകൾ 22

**യു എ ഖാദർ**

ലോകത്തിന്റെ വിവിധ കോണുകളിൽ നിന്നെത്തുന്ന മനുഷ്യപ്രവാഹത്തിന്റെ ഭക്തിസമ്പൂർണമായ ഒന്നിക്കലായ ഹജ്ജ് യാത്രയെ കുറിച്ചുള്ള അനുഭവം പങ്കുവയ്ക്കുകയാണ് ലേഖകൻ.





## തായ്മൊഴി 27

**പി പി രാമചന്ദ്രൻ**

തായ്‌ലാൻഡിലെ ഗുഹയ്ക്കുള്ളിൽ അകപ്പെട്ട കുട്ടികളും അവരുടെ കോച്ചും നമ്മുടെയെല്ലാം മനസ്സിൽ നൊമ്പരമുണർത്തിയിരുന്നു. അവരുടെ തിരിച്ചുവരവിനായി ലോകം മുഴുവൻ കാത്തിരുന്നു. അതേ കുറിച്ചെഴുതിയ മനോഹരമായ ഈ കവിത വായിക്കൂ...

## പൊടിയരിക്കഞ്ഞി 28

**എം ആർ രേണുകുമാർ**

അച്ഛനമ്മമാർക്കും മക്കൾക്കും ഇടയിലുള്ള സ്നേഹത്തിന്റെയും കരുതലിന്റെയും മനോഹരമായ ആവിഷ്കാരമാണ് *പൊടിയരിക്കഞ്ഞി* എന്ന ഈ നീണ്ടകഥ.






## ജൂഡോ 54

**ഏഴാച്ചേരി രാമചന്ദ്രൻ**

തന്നുടെ തമ്പുരാനെന്തിനിതേ വിധം
തലകുത്തിനിൽക്കുന്നു പുൽപ്പായയിൽ!
കയ്യുകൾ രണ്ടുമുയർത്തിയൊറ്റക്കാലിൽ
മെയ്യനങ്ങാതൊരേനിൽപ്പ്.
ലങ്കോട്ടികെട്ടിപ്പിടലിക്കിരുകാലു-
മെന്തിനിമ്മട്ടിൽപ്പിണയ്ക്കാൻ!
പന്തികേടെന്തോ മണക്കുകയാൽ
പട്ടി കുരയ്ക്കാൻ തുടങ്ങി.




**തമന്നയുടെ നായ്ക്കുട്ടി** ..........56
ഗ്രേസി

**ചിങ്ങം** ..................................... 58
കാവാലം ബാലചന്ദ്രൻ

**മകൻ വഴിയിലാണ്**.................60
ജി ആർ ഇന്ദുഗോപൻ

**ആസ്റ്ററിക്സിന് അറുപതു വയസ്സാകുന്നു** ........64
ഡോ പി കെ രാജശേഖരൻ

**പൂവേ പൊലി പൂവേ**.................66

**കടപയാദി**..................................67
പള്ളിയറ ശ്രീധരൻ

**ആണിയുടെ മൂല്യം**..................68
പുനരാഖ്യാനം :ജോൺ സാമുവൽ

**ദൈവത്തിനൊരു കത്ത്**.......... 72
പ്രിയ എ എസ്

**ഓണം പോലെ**...........................77
എം കൃഷ്ണദാസ്

**ഒരു പ്രേതകഥ**..........................78
ബി.മുരളി

**ഓണക്കണ്ണീർ**............................80
സുമേഷ്കൃഷ്ണൻ എൻ എസ്

**നിറകൺചിരി**............................83
സുജിത്

പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

സന്തോഷിക്കാനുള്ള ദിനങ്ങളാണ് ഓണക്കാലത്തിന്റേത്. ചുറ്റും എത്ര അന്ധകാരമാണെങ്കിലും ഓണം ചിരിച്ചുകൊണ്ട് ഓടിയെത്തുമ്പോൾ എങ്ങും വെളിച്ചമായി, അഴകായി, സുഗന്ധമായി, ആഹ്ലാദമായി...

കുട്ടികളുടേതാണ് ഓണം. നിങ്ങൾ വീണ്ടും ഉണർത്തിയെടുക്കാനുള്ള ചില പഴയ നല്ല കാര്യങ്ങളുണ്ട്. കുറച്ചു മണ്ണുകൊണ്ട് മുറ്റത്തൊരു പൂത്തട്ട് ഉണ്ടാക്കുക. അതിൽ ചാണകം മെഴുകുക. അയ്യേ? കൈകൊണ്ടു ചാണകം തൊടുമോ? എന്ന മുഖം ചുളിക്കൽ ഞാൻ കാണുന്നു. ചാണകം തൊടാം. മെഴുകാം. പണ്ട് എല്ലായിടവും ശുദ്ധമാക്കാൻ ചാണകവെള്ളമായിരുന്നു തളിച്ചിരുന്നത്. ചാണകത്തിന് ദോഷകരമായ അണുജീവികളെ നശിപ്പിക്കാനുള്ള ശക്തിയുണ്ടെന്ന് നമ്മുടെ പൂർവികർ വിശ്വസിച്ചിരുന്നു. ആധുനികശാസ്ത്രം അതേപ്പറ്റി എന്തുപറഞ്ഞാലും മണ്ണിനു ജീവനേകുന്ന ജൈവവളമാണതെന്നതിന് ആരും എതിരു പറയുകയില്ല. പൂത്തട്ടിൽ മനോഹരമായ പൂക്കൾ നിരത്തുക. തുമ്പയ്ക്കാണു പ്രാധാന്യം. നിങ്ങളിൽ ഏറെപ്പേരും തുമ്പ കണ്ടിട്ടില്ലാത്തവരാണെന്ന് എനിക്കറിയാം. അങ്ങനെയുള്ളവർ ഇത്തവണ ഒരു തുമ്പച്ചെടിയെങ്കിലും കണ്ടുപിടിക്കാൻ ശ്രമിക്കണം.





വര: സുധീർ പി വൈ

ഊഞ്ഞാലാട്ടവും ഓണപ്പാട്ടുകളും പൂവടനേദിക്കലും അമ്പെയ്ത് അട സ്വന്തമാക്കലുമെല്ലാം പരമരസമാണ്, മൊബൈലിൽ നോക്കിയിരിക്കുന്നതിലും രസം. അതൊക്കെ വിട്ടുകളഞ്ഞിട്ട് നാം കൃത്രിമരസങ്ങളുടെ പിന്നാലെ പോവുന്നത് കഷ്ടമാണ്.

ഇലയിട്ട് ഓണസദ്യ ഉണ്ണാൻ എല്ലാവർക്കും സാധിക്കുന്ന ഒരു കാലമായിരുന്നു മാവേലിക്കാലം. നമുക്ക് തിരുവോണത്തിനെങ്കിലും ഇലയിട്ടിരുന്ന് ഊണുകഴിക്കാം. കേറ്ററിംഗ്കാരുടെ പക്കൽ നിന്നും വരുത്തുന്ന ഊണല്ല, നിങ്ങളുടെ അമ്മയും വീട്ടിലുള്ള മറ്റുള്ളവരും ചേർന്നൊരുക്കുന്ന നാടൻ ഊണ്. അതിനുമുമ്പ് ഒന്നുകൂടിയുണ്ട്. ജീവജാലങ്ങൾക്ക് അന്നം കൊടുക്കണം. ഉറുമ്പിനുവരെ. കുറച്ച് അരിമാവ് വാങ്ങിച്ച് തേങ്ങയും പഞ്ചസാരയും ചേർത്ത് ഇളക്കി മുറ്റത്ത് വീട്ടിറമ്പിൽ വരിയായി ഇട്ടുനോക്കുക. ആരൊക്കെ വരുമെന്നോ ഓണമുണ്ണാൻ. ഉറുമ്പുകൾ മാത്രമല്ല: ഗൗളികൾ, അരണകൾ, കിളികൾ എല്ലാവരും വരും. അവർക്കും ഓണമാവട്ടെ.


അവരോടൊപ്പം മാവേലിത്തമ്പുരാനും വരും. നിങ്ങളുടെ സന്തോഷമാണ് മാവേലിയുടെ സന്തോഷം. ഞങ്ങളുടെയെല്ലാം സന്തോഷവും അതുതന്നെ.

നന്നായിവരട്ടെ.

സ്നേഹത്തോടെ,

**സുഗതകുമാരി**

**ചുറ്റും എത്ര അന്ധകാരമാണെങ്കിലും ഓണം ചിരിച്ചുകൊണ്ട് ഓടിയെത്തുമ്പോൾ എങ്ങും വെളിച്ചമായി, അഴകായി, സുഗന്ധമായി, ആഹ്ലാദമായി... കുട്ടികളുടേതാണ് ഓണം. ഊഞ്ഞാലാട്ടവും ഓണപ്പാട്ടുകളും പൂവടനേദിക്കലും അമ്പെയ്ത് അട സ്വന്തമാക്കലുമെല്ലാം പരമരസമാണ്, മൊബൈലിൽ നോക്കിയിരിക്കുന്നതിലും രസം. അതൊക്കെ വിട്ടുകളഞ്ഞിട്ട് നാം കൃത്രിമരസങ്ങളുടെ പിന്നാലെ പോവുന്നത് കഷ്ടമാണ്.**





# തുമ്പപ്പൂവിന്റെ ഭാഗ്യം

വൈലോപ്പിള്ളി ശ്രീധരമേനോൻ

മാബലി ദേവനെ സൽക്കരിപ്പാൻ
മാൺപുറ്റ*പൂക്കൾ ചമഞ്ഞുചെന്നൂ
പാടലർത്തൂമലർപ്പാറ്റ പോലെ
പാടവമോടു ചിറ്റാടചെന്നൂ
പാലൊളിപ്പട്ടിനാൽ നെയ്തവെള്ള-
പ്പാവാടചുറ്റിസ്സരോജമെത്തീ
ചെമ്പനീർപ്പൂവു തുടുത്തുവന്നൂ
ചെമ്പകം തൂമണം ചാർത്തിവന്നൂ
മുക്കുറ്റിപൊൻചാറിൽ മുങ്ങിച്ചെന്നൂ
മുല്ലപ്പൂ കസ്തൂരി പൂശിച്ചെന്നൂ

വർണവൈവിധ്യവും വാസനയും
ഒന്നുമില്ലാത്തൊരു തുമ്പമാത്രം
പാവമാം തുമ്പമലരു മാത്രം
വ്രീള*യെതാങ്ങിയൊതുങ്ങിച്ചെന്നൂ

ദേവനോ ചിത്തം തെളിഞ്ഞു മുല്ല
പ്പൂവിനെയൊന്നു കുളുർക്കെ നോക്കീ
ഓമനവെള്ളാമ്പൽപ്പൂവിൻനേരേ
ഓണവെയിൽ പുഞ്ചിരി തൂകി നിന്നൂ
മുക്കുറ്റിപ്പൂവിനെയുമ്മവെച്ചൂ
മുല്ലപ്പൂ ദീർഘമായ് വാസനിച്ചൂ
പാവമാം തുമ്പമലരിനെയോ
ദേവനെടുത്തു ശിരസ്സിൽ വെച്ചൂ
ഭാഗ്യമേ ഭാഗ്യമെൻ കൊച്ചുതുമ്പേ
പൂക്കളിൽ വെച്ചുനീ മുത്തായല്ലോ

*മാൺപുറ്റ - അഴകുള്ള*
*വ്രീള - ലജ്ജ*



വര: സുധീർ പി വൈ





സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച ***കുട്ടികളുടെ മനസ്സും ബാലസാഹിത്യവും*** എന്ന ഡോ. പ്രഭാകരൻ പഴശ്ശിയുടെ ഗവേഷണ ഗ്രന്ഥം ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഡോ. ദേശമംഗലം രാമകൃഷ്ണനു നല്കി പ്രകാശനം ചെയ്തു. ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ശ്രീ. പള്ളിയറ ശ്രീധരൻ, ശ്രീ. പ്രഭാവർമ്മ, ശ്രീ. ചെറിയാൻ ഫിലിപ്പ്, ശ്രീ. എം വി ജയരാജൻ, ഡോ. പ്രഭാകരൻ പഴശ്ശി എന്നിവർ പങ്കെടുത്തു.






സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച ***സണ്ണിച്ചെറുക്കനും സംഗീതപ്പെങ്ങളും*** എന്ന കൃതി 2015 ലെ മികച്ച ബാലസാഹിത്യത്തിനുള്ള കേരള സാഹിത്യ അക്കാദമി പുരസ്കാരത്തിന് അർഹമായി. പുസ്തകത്തിന്റെ രചയിതാവും പ്രശസ്തകവിയുമായ ശ്രീ ഏഴാച്ചേരി രാമചന്ദ്രൻ ബഹു. സാംസ്കാരിക വകുപ്പ് മന്ത്രി ശ്രീ എ കെ ബാലനിൽ നിന്നും പുരസ്കാരം ഏറ്റുവാങ്ങുന്നു. ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകശാലയിൽ ഈ പുസ്തകം ലഭ്യമാണ്.

അഭിമുഖം

ടി പത്മനാഭൻ/
പയ്യന്നൂർ കുഞ്ഞിരാമൻ







# തിരുവോണം

## പ്രകൃതി ആനന്ദിക്കുന്ന കാലം



കഥയെഴുത്തിലെ അപൂർവചാരുതയാണ് ടി പത്മനാഭൻ. അദ്ദേഹം കഥാരംഗത്ത് കാലൂന്നിയിട്ട് നീണ്ട എഴുപതു വർഷമായി. സ്കൂൾ ഫൈനൽ ക്ലാസിൽ പഠിക്കുമ്പോഴാണ് ആദ്യത്തെ കഥ പ്രസിദ്ധീകരിച്ചത്. ഇതുവരേയും അദ്ദേഹം ചെറുകഥകൾ മാത്രമേ എഴുതിയിട്ടുള്ളൂ. പള്ളിക്കുന്നിൽ ജനിച്ച പത്മനാഭൻ, വക്കീലായും ഫാക്ടിലെ ഉദ്യോഗസ്ഥനായും സമൂഹത്തിലിടപെട്ടു. ആരുടെ മുന്നിലും അദ്ദേഹം തല കുനിച്ചില്ല. ആരെയും പ്രീതിപ്പെടുത്തി സംസാരിച്ചില്ല. പറയാനുള്ളത് ഉറക്കെ പറഞ്ഞു. മലയാളകഥാവഴിയിൽ തലയെടുത്തു നിൽക്കുന്ന പത്മനാഭൻ തളിര് വായനക്കാർക്കു മുന്നിൽ മനസ്സ് തുറക്കുകയാണ്.

***''ലോകം മുഴുവൻ നിലാവിൽ കുളിച്ചുനിൽക്കുന്നു. പുന്നെല്ലിന്റെ മണം വഹിച്ചുകൊണ്ട് ഇളങ്കാറ്റ് വീശി. ഒരു കഥയിലെ വിവരണമാണിത്. പുന്നെല്ലിന്റെ മണം പരക്കുന്നത് ചിങ്ങമാസത്തിലാണ്. ആ ചിങ്ങത്തിന്റെ വരദാനമാണ് തിരുവോണം.''***

''ചിങ്ങമാസം തിരുവോണത്തെ ഓർമിപ്പിക്കുന്നു എന്നു പറയുന്നതിൽ തെറ്റില്ല. പ്രകൃതി ആനന്ദിക്കുന്ന കാലമാണ് ഓണക്കാലം. പി കുഞ്ഞിരാമൻ നായർ ഓണത്തെക്കുറിച്ച് ഇങ്ങനെ പാടിയിട്ടുണ്ട്. ആടിവയലുകൾ, നിറഞ്ഞ പൊന്നാറുകൾ, ആനന്ദം കേരളം..? ഈ പ്രകൃതി മുഴുവൻ ആനന്ദത്തിലാറാടുന്ന സമയമാണത്. പുന്നെല്ലിന്റെ മണം മാത്രമല്ല ചിങ്ങത്തിനുള്ളത്. ഏതു പുൽപടർപ്പിൽ നിന്നും പൂക്കളിൽ നിന്നും സുഗന്ധം വമിക്കും. ആ സുഗന്ധം ആസ്വദിക്കാനുള്ള ഒരു മനസ്സുണ്ടാകണം. അതിനുള്ള ക്ഷമയും കഴിവുമുണ്ടാകണം.''

***''ഇന്നത്തെ കാലത്ത് തിരുവോണം പോലുള്ള ആഘോഷങ്ങളുടെ തനിമയും പരിശുദ്ധിയും നഷ്ടപ്പെട്ടിരിക്കുന്നു എന്നു പറയാറുണ്ട്. തിരുവോണവും സ്പോൺസർ ചെയ്യപ്പെടുകയാണ്.''***


''ഈ അഭിപ്രായത്തോട് പൂർണമായും യോജിക്കുന്നു. ഓണത്തിന്റെ തനിമയും പരിശുദ്ധിയും നഷ്ടപ്പെട്ടതിന് പല കാരണങ്ങളുമുണ്ട്. എന്റെ കുട്ടിക്കാലത്ത് തിരുവോണം ഉള്ളിൽ തട്ടിയ ആഘോഷമായിരുന്നു. ഓണം വരുന്നതിനുമുമ്പായി നാട്ടിലെ കണിയാന്മാർ പൂക്കൂടയുണ്ടാക്കി വീട്ടിൽ കൊണ്ടുവരുമായിരുന്നു. കുട്ടികൾ ആ കൊട്ടയും കൊണ്ടാണ് പറമ്പുകളിലും പാടങ്ങളിലും ചെല്ലുക. ഇന്നത്തെ തലമുറയ്ക്ക് ഇത് സങ്കല്പിക്കാനാവുമോ? കൈതയുടെ ഓലകൊണ്ടാണ് പൂക്കൂട ഉണ്ടാക്കുന്നത്. കാട്ടിലും മേട്ടിലും വയൽവക്കത്തും വരമ്പത്തും ആരുടെയും പരിചരണവും ശുശ്രൂഷയും ഇല്ലാതെ തന്നെ പൂക്കൾ സമൃദ്ധമായി വിടർന്നുവരും. ധനിക-ദരിദ്രഭേദമില്ലാതെ കുട്ടികൾ പാറിനടന്ന് പൂക്കൾ പറിച്ചെടുക്കും. വീട്ടുമുറ്റത്ത് പൂക്കളമുണ്ടാക്കും. തലേദിവസം തന്നെ മുറ്റം ചാണകം തേച്ച് വൃത്തിയാക്കിയിരിക്കും.''

***''ചാണകം കാണാത്ത, അതെന്തെന്നറിയാത്ത കുട്ടികൾ ഇന്നുണ്ട്. ചാണകം തേക്കാനുള്ള മുറ്റവും ഇന്നില്ല.''***

''ശരിയാണ്. എന്റെ കുട്ടിക്കാലത്ത് കണ്ടതാണ് ഞാൻ ഓർമിച്ചത്. ഇന്ന് കാടുണ്ടോ? മേടുണ്ടോ? പൂക്കൾക്ക് വിടരാൻ വയലുണ്ടോ? എല്ലാം അപ്രത്യക്ഷമാവുകയല്ലേ? സ്വയം അപ്രത്യക്ഷമായതല്ലെന്ന് നമുക്കറിയാം. ഞാനിപ്പോൾ താമസിക്കുന്ന രാജേന്ദ്രനഗറിലെ ഈ വീട്ടിലിരുന്ന് നോക്കിയാൽ മുന്നിലെ റോഡ് എന്നു വിളിക്കുന്ന ഇടവഴി കാണാം. ആ ഇടവഴിയിൽ പൂത്തുനിൽക്കുന്ന തുമ്പച്ചെടികളുടെ മുകളിൽ മഞ്ഞശലഭങ്ങൾ നൃത്തം വെക്കുന്നുണ്ടാകും. ചാറൽമഴ നിന്നപ്പോഴുള്ള കാഴ്ചയാണത്. എന്റെ കഥ 'ദേശ്-ഒരു ഹിന്ദുസ്ഥാനി രാഗം' ആരംഭിക്കുന്നത് തുമ്പക്കാടുകൾ വർണിച്ചുകൊണ്ടാണ്. വെയിലായാൽ വെയിൽ ശലഭങ്ങൾ പറന്നെത്തും.''

***''ഇന്നത്തെ കുട്ടികൾക്ക് തുമ്പച്ചെടി അറിയില്ല. അവർ തുമ്പപ്പൂ കണ്ടിരിക്കാനും ഇടയില്ല.''***

''വളരെ സത്യം. എന്റെ കുട്ടിക്കാലത്തെ കാഴ്ചയാണ് ഞാൻ പറഞ്ഞത്. ഇന്നത്തെ കുട്ടികൾ തുമ്പ കാണണമെങ്കിൽ എവിടെ പോകും? തുമ്പപ്പൂ ചോദിച്ച് ഏതു ഷോപ്പിൽ ചെല്ലും? കർണാടകത്തിൽ നിന്നും തമിഴ്നാട്ടിൽ നിന്നും തുമ്പപ്പൂ ഇറക്കുമതി ചെയ്യുന്നില്ല. ഇന്നെവിടെയുണ്ട് തുമ്പച്ചെടികൾ? ആയുർവേദ വൈദ്യന്മാർ പോലും തുമ്പച്ചെടി കിട്ടാൻ പെടാപ്പാട് പെടുകയാണ്. കാലം അത്രമേൽ മാറിയിരിക്കുന്നു. ഞാൻ ചാണകം തേച്ച മുറ്റത്താണ് പൂവിട്ടത്. ഇന്നത്തെ



കുട്ടികൾ എവിടെ പൂക്കളമൊരുക്കും? കർണാടകക്കാർ കൊണ്ടുവന്ന പൂക്കൾ വാങ്ങാമെന്നുവെക്കാം. അത് വിലകൊടുത്ത് വാങ്ങിക്കൊണ്ടുവന്നാൽ കോൺക്രീറ്റ് നിലത്തല്ലേ പൂക്കളമൊരുക്കുക? ചാണകമുറ്റങ്ങളെക്കുറിച്ച് ഇന്നത്തെ കുട്ടികൾക്ക് സങ്കല്പിക്കാനാവുമോ?''

***''തിരുവോണം പൂക്കളുടെ ഉത്സവമാണ്. പൂക്കളെന്നു പറഞ്ഞാൽ പത്മനാഭന് പ്രിയമാണ്. പൂക്കളുടെ കൂട്ടുകാരനെന്ന് താങ്കളെ വിളിക്കുന്നതിലും തെറ്റില്ല. ഈ മമത ഇന്നും വറ്റാതെ സൂക്ഷിക്കുന്നു.''***

''ചെടികളോടും പൂക്കളോടും കുട്ടിക്കാലം തൊട്ടേ എന്തെന്നില്ലാത്ത മമതയുണ്ടായിരുന്നു. ആ മമത പരിസ്ഥിതിസാഹിത്യം വായിച്ചുണ്ടായതല്ല. ഈ സ്നേഹം എന്റെ മനസ്സിൽ മുളപൊട്ടിയത് ജ്യേഷ്ഠനിൽ നിന്നാണ്. ജ്യേഷ്ഠൻ മരങ്ങളുടെ പ്രിയനായിരുന്നു. വീട്ടുപറമ്പിൽ പ്ലാവും മാവുമുണ്ടായിരുന്നു. ഏതെങ്കിലും മരം മുറിക്കുന്നത് കൊല്ലുന്നതു പോലെയാണെന്ന് ജ്യേഷ്ഠൻ കരുതി. വീട്ടിന്റെ മുന്നിൽ പൂച്ചെടികളുണ്ടായിരുന്നു. അവയുടെ പേരൊന്നും ഓർക്കുന്നില്ല. ഞങ്ങളുടെ കിഴക്കെ പറമ്പിൽ വലിയൊരു മാവുണ്ടായിരുന്നു. അതിന്റെ ചുവട്ടിൽ ഞങ്ങൾ കുട്ടികൾ കൂടി നിന്നിരുന്നു. പഴുത്ത മാങ്ങകൾ പെറുക്കിക്കൂട്ടിയിരുന്നു. എന്റെ സങ്കല്പത്തിൽ വിശാലമായൊരു വൃക്ഷപ്പറമ്പുണ്ട്. തുഞ്ചത്തെഴുത്തച്ഛൻ രാമായണത്തിൽ വർണിച്ച ആശ്രമം പോലൊരു പറമ്പ്. അതിൽ നിറയെ നാനാതരം മരങ്ങൾ. ഒരു വശത്ത് പ്ലാശ്, വാക, മുരിക്ക് തുടങ്ങിയവ. പ്ലാവ്, മാവ്, അത്തി, കശുമാവ്, പുളി എന്നിവ മറ്റൊരു ഭാഗത്ത്. തേക്ക്, കാഞ്ഞിരം, കരിമ്പന, ഉന്നമരം എന്നിങ്ങനെയുള്ളവ വേറൊരു വശത്ത്. ആടലോടകം, ചിറ്റമൃത്, കരിനിച്ചിൽ, വേപ്പ്, പാണൽ തുടങ്ങിയ ഔഷധച്ചെടികളും ഉണ്ടാവും. പറമ്പിൽ ഒരു വശത്ത് ആലയുണ്ടാവും. പശുക്കളുടെ ഗന്ധം ചുറ്റും പരന്നൊഴുകും. വാസ്തവത്തിൽ തുഞ്ചൻ പറമ്പിൽ വാൽമീകി ആശ്രമത്തിലെ മരങ്ങളാണ് നട്ടുവളർത്തേണ്ടത്. കോൺക്രീറ്റ് കോട്ടേജുകളല്ല.''

***''മരങ്ങളുടെ നിലവിളി ഭരിക്കുന്നവർ കേൾക്കുന്നില്ലേ'' എന്ന പേരിൽ പത്മനാഭന്റെ ഒരു ലേഖനമുണ്ട്. യാത്ര ചെയ്യുമ്പോളെല്ലാം മരങ്ങളെക്കുറിച്ച് സംസാരിക്കാറുണ്ട്. പുഴ കടന്ന് മരങ്ങളുടെ ഇടയിലേക്ക് എന്ന പേരിൽ കഥയെഴുതിയിട്ടുമുണ്ട്.''***

***മരങ്ങളുടെ വേരുകൾ ഭൂമിയുടെ ഉപരിതലത്തിനുതൊട്ട് പരന്നുകിടപ്പുണ്ടാവും. മരങ്ങൾക്കരികിൽ നടക്കുമ്പോൾ മണ്ണ് കട്ടപിടിക്കും. വേരുകൾ ശ്വാസം കഴിക്കാൻ വിഷമിക്കും. കാലക്രമത്തിൽ വൃക്ഷങ്ങൾ ഉണങ്ങിപ്പോവുകയും ചെയ്യും. മരങ്ങൾ വച്ചുപിടിപ്പിച്ചാൽ പോരാ. സ്നേഹിച്ച് പരിപാലിക്കുകയും വേണം.***



''ഞാൻ അമേരിക്കയിലെ 'റെഡ് വുഡ്' മരങ്ങൾ കണ്ടിട്ടുണ്ട്. ലോകത്തിലെ ഏറ്റവും പഴക്കമുള്ള വൃക്ഷങ്ങളിൽപ്പെട്ടതാണത്. ഒരു പകൽ മുഴുവൻ മരങ്ങളുടെ ഭംഗിയും ഗാംഭീര്യവും ആസ്വദിച്ചുനടന്നു. മരങ്ങൾക്കരികിലൂടെ നടക്കരുതെന്ന് അവിടെ എഴുതിവെച്ചിരുന്നു. മരങ്ങളുടെ വേരുകൾ ഭൂമിയുടെ ഉപരിതലത്തിനുതൊട്ട് പരന്നുകിടപ്പുണ്ടാവും. മരങ്ങൾക്കരികിൽ നടക്കുമ്പോൾ മണ്ണ് കട്ടപിടിക്കും. വേരുകൾ ശ്വാസം കഴിക്കാൻ വിഷമിക്കും. കാലക്രമത്തിൽ വൃക്ഷങ്ങൾ ഉണങ്ങിപ്പോവുകയും ചെയ്യും. മരങ്ങൾ വച്ചുപിടിപ്പിച്ചാൽ പോരാ. സ്നേഹിച്ച് പരിപാലിക്കുകയും വേണം. നമ്മുടെ നാട്ടിൽ മരംകൊള്ള നിർബാധം നടക്കുന്നു. ഇവിടെ പ്രകൃതിയെയാകെത്തന്നെ അനുനിമിഷം മാനഭംഗം ചെയ്യുന്നു. പൂഴി വാരി പുഴയെ കൊല്ലുന്നു. വളരുന്ന തലമുറയ്ക്കു വേണ്ടിയെങ്കിലും കുറേ മരങ്ങൾ ബാക്കി വെക്കണം.''

***''മലയാളത്തിൽ കുട്ടികളെ കഥാപാത്രങ്ങളാക്കിയുള്ള കഥകൾ കൂടുതലെഴുതിയത് പത്മനാഭനാണ്. കുട്ടികളുടെ സ്നേഹം മധുരമായ ഒരനുഭവമാണ്. പ്രകാശം പരത്തുന്ന പെൺകുട്ടി എന്ന പേരിൽ – ഒരു കഥയുമുണ്ട്. അശ്വതി, ലില്ലി, ശിശുദിനം എന്നീ കഥകളും ബാലകൗതുകത്തിന്റെ മധുരാനുഭവങ്ങളാണ്.''***

''പുതിയ ജീവനും പുതിയ ചൈതന്യവുമാണ് കുട്ടികൾ. വിശാലമായ ലോകത്ത് താൻ ഒറ്റയ്ക്കല്ലെന്ന് ബോധ്യപ്പെടുത്തുന്നത് കുട്ടികളാണ്. എന്റെ ഉള്ളിലും ഒരു കുട്ടിയുണ്ട്.

മഞ്ഞുതുള്ളികൾ വീണു നനഞ്ഞ വെള്ളാമ്പൽ ജലോപരി നിവർന്നു നിൽക്കുന്നതുപോലെ ആ ഭാവം ഉയർന്നുവരും. കുട്ടികൾ സ്നേഹത്തിന്റെയും സൗന്ദര്യത്തിന്റെയും പൂങ്കുലകളായി വിടർന്നുവരികയും ചെയ്യും. അത്രയ്ക്ക് മമത കുട്ടികളോടുണ്ട്. പുതുതായിറങ്ങിയ 'മരയ' എന്ന കഥാസമാഹാരത്തിൽ ആദ്യ കഥ ഒരു കുട്ടിയെപ്പറ്റിയാണ്. കൊച്ചുചങ്ങാതി എന്ന കഥ. ആ കഥ ഞാൻ തന്നെ പലതവണ വായിച്ചാനന്ദിച്ചിട്ടുണ്ട്. വായിച്ച് വായിച്ച് ഞാനവരിൽ ഒരാളാകും.''



***''ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് കുട്ടികൾക്കുവേണ്ടി പുസ്തകങ്ങൾ പുറത്തിറക്കുന്ന സ്ഥാപനമാണ്. ബാലസാഹിത്യത്തിന്റെ ഗൗരവത്തെക്കുറിച്ച് താങ്കൾ പലപ്പോഴും ഓർമിപ്പിച്ചിട്ടുണ്ട്. ലാഘവത്തോടെ കൈകാര്യം ചെയ്യാവുന്ന ഒന്നല്ലല്ലോ ബാലസാഹിത്യം?''***

''പന്തളം കേരളവർമ്മയും കുമാരനാശാനും ഉള്ളൂരും കുട്ടികൾക്ക് വായിച്ചുരസിക്കാനും ചിന്തിച്ച് വിവേകം നേടാനും പാകത്തിൽ അതിമനോഹരങ്ങളായ കവിതകളും കഥകളും എഴുതിയിട്ടുണ്ട്. അവയെല്ലാം അങ്ങേയറ്റം സാഹിത്യഗുണ സമ്പുഷ്ടമാണ്. തെറ്റായ ഒരു പദം പോലും അവയിൽ കാണില്ല. ഇന്ന് തെറ്റാതെ എഴുതാൻ കഴിയുന്ന ബാലസാഹിത്യകാരൻമാർ കുറവാണ്. ഇന്ന് ബാലസാഹിത്യം നല്ല വില്പനച്ചരക്കാണ്. മലയാളത്തിൽ കുട്ടികൾക്കുവേണ്ടി ധാരാളം പ്രസിദ്ധീകരണങ്ങളുണ്ട്. അവയെല്ലാം നല്ലതുപോലെ വിറ്റുപോകുന്നുമുണ്ട്. ഇത് മനസ്സിലാക്കി ബാലസാഹിത്യം എഴുതുന്നവരും കൂടിവരുന്നു. ഇവരിലെത്രപേർ കഴിവുള്ളവരുണ്ട്? ഉത്തരം സുഖകരമാവില്ല. കുട്ടികൾക്കുവേണ്ടി ഭാഷ പ്രയോഗിക്കുന്നത് വളരെ ശ്രദ്ധിച്ചുവേണം. ആർക്കും എളുപ്പം കയറിക്കളിക്കാവുന്ന ഒരിടമായി ബാലസാഹിത്യം മാറരുത്. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഇക്കാര്യത്തിൽ ജാഗ്രത പുലർത്തണം.''

***''പുസ്തകവായന കുറഞ്ഞുവരുന്നു എന്നാക്ഷേപമുണ്ട്. പുതിയതലമുറ ഇ-വായനയുടെ കാലത്താണ്. മനുഷ്യന്റെ ചിരാർജ്ജിത സംസ്കാരങ്ങളുടെ ഈടുവെപ്പുകളാണ് പുസ്തകങ്ങൾ. ജീവിതത്തിന്റെ അനുസ്യൂതമായ പ്രവാഹത്തിൽ അലിഞ്ഞുചേരാനുള്ള വഴിയല്ലേ പുസ്തകവായന?''***

''പുസ്തകവായനക്ക് ബദലായി ഇ-വായന മാറുമെന്ന് തോന്നുന്നില്ല. ഇത് ഞാനല്ല, പ്രശസ്തരായ എഴുത്തുകാർ ചൂണ്ടിക്കാട്ടിയതാണ്. നാമൊരു കൃതി വായിക്കുന്നെന്നു കരുതുക. ഒരേ പുസ്തകം തന്നെ പലതവണ വായിക്കാനാകും. പുസ്തകത്തിന്റെ ഏതുഭാഗത്തുനിന്നും വായന തുടങ്ങാൻ കഴിയും. വായിച്ചുകഴിഞ്ഞ് പുസ്തകം നെഞ്ചത്ത് കമിഴ്ത്തിവച്ച് ചാർന്നു കിടക്കാം. വായനാനുഭവം ഓർത്തോർത്ത് സന്തോഷപ്പെടാം. സങ്കടങ്ങളിൽ പരിതപിക്കാം. ആവേശം കൊള്ളാം. പുസ്തകം തൊട്ടറിഞ്ഞ് വായിക്കാനുള്ളതാണ്. പുതിയ പുസ്തകം കിട്ടിയാൽ മണപ്പിച്ചുനോക്കുമായിരുന്നു. പുസ്തകഗന്ധം എന്നൊന്നുണ്ടല്ലോ? കുട്ടിക്കാലത്ത് പുസ്തകം വായിച്ച് വിശപ്പടക്കിയവനാണ് ഞാൻ. പുസ്തകവായന എനിക്കൊരിക്കലും യാന്ത്രികമായ അനുഭവമായിരുന്നില്ല. കഥാപാത്രങ്ങളുടെ സുഖദു:ഖങ്ങളിൽ പൂർണമായും ഞാൻ പങ്ക് കൊണ്ടിരുന്നു. അതുകൊണ്ട് ഇപ്പോഴും മനസ്സിൽ ജീൻവാൽജീൻ ഉണ്ട്. പുസ്തകവായന നമ്മെ സ്വപ്നം കാണാൻ പ്രേരിപ്പിക്കും. ഈ സ്വപ്നങ്ങളാണ് എന്നെ കഥാകൃത്താക്കിയത്. ഈയിടെ പുറത്തുവന്ന ഒരു സർവെ റിപ്പോർട്ട് കാണുകയുണ്ടായി. ഇന്ത്യയിലെ പത്രവായനയിൽ കേരളം മുന്നിട്ടുനിൽക്കുന്നു

എന്നാണതിൽ വായിച്ചത്. സത്യത്തിൽ പത്രവായനയിൽ മാത്രമല്ല, പുസ്തകവായനയിലും നമ്മൾ മുന്നിട്ടുനിൽക്കുന്നുണ്ട്. പുസ്തകപ്രസാധന ശാലകൾ കൂടി വരുന്നത് അതിന്റെ തെളിവാണ്.''

***'പരിസ്ഥിതിയെക്കുറിച്ച് ഉൽക്കണ്ഠപ്പെടുന്ന എഴുത്തുകാരനാണ് പത്മനാഭൻ. ജീവൻ പിടിച്ചുനിർത്താൻ ധാന്യം വിളയിക്കേണ്ട കൃഷിഭൂമിയിൽ വിഷവൃക്ഷങ്ങൾ വളരുന്നു എന്ന് താങ്കൾ എഴുതിയിട്ടുണ്ട്. പ്രകൃതിയുടെ താളം തെറ്റുന്ന സംഭവങ്ങൾ അനുദിനം നടക്കുകയല്ലേ?''***

''മണ്ണപ്പം കമിഴ്ത്തി വച്ചതുപോലുള്ള കുന്നുകൾ നമ്മുടെ ഗ്രാമങ്ങളിലുണ്ടായിരുന്നു. അവയുടെ ചരിവിൽ കുറ്റിക്കാടുകളുണ്ടായിരുന്നു. എന്റെ വീട്ടിന്റെ പടിഞ്ഞാറെ പറമ്പിൽ ധാരാളം വൃക്ഷങ്ങളുണ്ടായിരുന്നു. പാലമരം പൂത്താൽ പരിമളം പരക്കുമായിരുന്നു. ഇന്ന് കുന്നെവിടെ? കാടെവിടെ? പ്രകൃതിയെ ഓരോ ദിവസവും ബലാത്സംഗം ചെയ്യുകയാണ്. പ്രകൃതി നിലവിളിക്കുകയാണ്. വയനാട്ടിലും മൂന്നാറിലും മറ്റും ഇതുതന്നെ സംഭവിക്കുന്നു. ഏറ്റവുമധികം എയർ കണ്ടീഷനുകൾ വില്ക്കപ്പെടുന്നത് വയനാട്ടിലാണെന്ന് വാർത്ത കണ്ടു. കൊല്ലങ്ങൾക്കു മുമ്പ് മൂന്നാറിൽ പോയിട്ടുണ്ട്. ഇരവികുളം ദേശീയോദ്യാനം ഗസ്റ്റ് ഹൗസിൽ താമസിച്ചിട്ടുണ്ട്. വളരെ നേരം നടന്നാലേ ആ ഗസ്റ്റ് ഹൗസിലെത്തൂ. കുന്നുകൾ കയറിയിറങ്ങണം. ഏതാനും വർഷം കഴിഞ്ഞാൽ മൂന്നാറും വയനാടും എന്തിന്, പശ്ചിമഘട്ടം തന്നെ ഇല്ലാതാകും. രാഷ്ട്രീയക്കാർക്ക് വോട്ട് മതി. പ്രകൃതിസംരക്ഷണം ഒരു പ്രശ്നമല്ല. അതേപ്പറ്റി ബോധവാൻമാരുമല്ല. ഉരുൾപൊട്ടലിന്റെ വാർത്തകൾ നാം വായിച്ചതാണ്. അതിന്റെ കാരണവും മനസ്സിലാക്കി. എന്നിട്ടും നാം പിന്തിരിയുന്നില്ല. എന്റെ വിദേശയാത്രകളിൽ ഒരു അത്ഭുത വൃക്ഷം കണ്ടിട്ടുണ്ട്. ബഹറൈനിലെ മണലാരണ്യത്തിലാണ്. മരം ഏതു വർഗത്തിൽപ്പെട്ടതാണെന്നറിയില്ല. പടർന്നു പന്തലിച്ചുകിടക്കുന്ന മരം. ആളുകൾ അതിനെ വിളിക്കുന്നത് 'ജീവന്റെ മരം' എന്നാണ്.''



ടി പത്മനാഭനും പയ്യന്നൂർ കുഞ്ഞിരാമനും

സംഭാഷണം അവസാനിച്ചു. മുന്നിലെ സോഫയിൽ പുസ്തകങ്ങൾ അട്ടിവച്ചിരിക്കുന്നു. പത്മനാഭന്റെ തെരഞ്ഞെടുത്ത കഥകൾ ഞാൻ കൈയിലെടുത്തു. അസ്വസ്ഥതയുടെ പൂച്ചെടികൾ എന്ന കഥ കണ്ണിൽപ്പെട്ടു.

'ചാണകം മെഴുകിയ കളത്തിൽ പെൺകുട്ടി പൂക്കളും ഇലകളും കൊണ്ട് അത്തപ്പൂവിടുകയാണ്. ഹാളിൽ മത്സരിച്ച് അത്തപ്പൂവിടുന്ന വേറെയും പെൺകുട്ടികളുണ്ട്. എങ്കിലും അയാൾ അവളെത്തന്നെ നോക്കുകയായിരുന്നു. ദീപം കാട്ടുന്ന ഒരു യുവതിയെയാണ് അവൾ വരച്ചിരുന്നത്. എത്രതന്നെ ശ്രമിച്ചിട്ടും യുവതിയുടെ ചോളിയുടെ ബോർഡർ ശരിയായി വന്നില്ല. ഒന്നിലധികം തവണ അവൾ പൂക്കളും ഇലകളും മാറ്റി നോക്കി. പക്ഷേ, ഒന്നും തൃപ്തിയായില്ല. നോക്കിനിന്ന അയാൾക്കും തൃപ്തി തോന്നിയില്ല. പെൺകുട്ടി വാച്ചിലേക്കു നോക്കി. മത്സരസമയം തീരാറായിരുന്നു. അവൾ സങ്കടത്തിലായി. അയാൾ പെട്ടെന്ന് അടുത്തെത്തി പറഞ്ഞു. മന്ദാരത്തിന്റെ ഇതളുകൾ വച്ചു നോക്കൂ! പെൺകുട്ടി അയാളെ നോക്കി. അയാൾ ചിരിച്ചു. ഒരു നിമിഷം സംശയിച്ചു നിന്ന ശേഷം അവൾ മന്ദാരത്തിന്റെ ഇതളുകൾ വെച്ചു. എന്തൊരു വ്യത്യാസം. പെൺകുട്ടിയിൽ സന്തോഷവും ആവേശവും കളിയാടി..'



# ഊഞ്ഞാൽപ്പാട്ട്



ഒന്നേ ഒന്നേ പോ
ഓമനയായി വളർന്നാനുണ്ണി
രണ്ടേ രണ്ടേ പോ
രണ്ടില്ലം പുക്കുവളർന്നാനുണ്ണി
മൂന്നേ മൂന്നേ പോ
മുലയുണ്ടു പൂതനേ കൊന്നാനുണ്ണി
നാലേ നാലേ പോ
നാരായണനെന്നു പേരുണ്ണിക്ക്
അഞ്ചേ അഞ്ചേ പോ
അഞ്ചാതെ ചാടു തകർത്താനുണ്ണി
ആറേ ആറേ പോ
ആനക്കഴുത്തങ്ങറുത്താനുണ്ണി
ഏഴേ ഏഴേ പോ
ഏഴുനിലയും കടന്നാനുണ്ണി
എട്ടേ എട്ടേ പോ
എട്ടാമൻ കംസനെ കൊന്നാനുണ്ണി
ഒൻപതേ ഒൻപതേ പോ
ഒൻപതു ഗോക്കളെ മേച്ചാനുണ്ണി
പത്തേ പത്തേ പോ
പത്മനാഭനെന്നു പേരുണ്ണിക്ക്.

വര: ആദ്ര ആർ



കഥ



വര: വെങ്കി



# ഓണത്തപ്പൂപ്പന്റെ കഥ

സി രാധാകൃഷ്ണൻ

എന്നോടു ചോദിച്ചുവല്ലോ 'എന്തിനാണ് എല്ലാ ഓണക്കാലത്തും കുട്ടികൾക്ക് സമ്മാനങ്ങളുമായി നാട്ടിൻപുറത്തേക്ക് ഓടിയെത്തുന്നത്?' എന്ന്.

പറയാം.

ഞാനൊരു 'ആരുമില്ലാത്ത' കുട്ടിയായിരുന്നു. അച്ഛനും അമ്മയും ആരെന്ന് അറിയില്ല. പിറന്നത് എവിടെയെന്നും നിശ്ചയമില്ല.

ഉൾനാട്ടിലൊരു നിരത്തുവക്കിലിരുന്ന് വിശന്നു കരയുന്നതാണ് ആദ്യത്തെ ഓർമ. മഴ നനഞ്ഞുവിറച്ചും മഴ മാറിയിട്ടും വൻമരത്തിൽ നിന്ന് തലയിൽ വീഴുന്ന കനത്ത കാനൽത്തുള്ളികളേറ്റ് നൊന്തും...

എന്നെ മരച്ചുവട്ടിലിരുത്തി പണിക്കു പോയതാണ് അമ്മ എന്നും കഷ്ടി ഓർമയുണ്ട്. ഒരു കാലിന് സ്വാധീനമില്ലാത്ത അമ്മ ഭിക്ഷയാചിച്ചും അതിനിടെ സൗകര്യം കിട്ടിയാൽ വല്ലതും മോഷ്ടിച്ചുമാണ് ഭക്ഷണത്തിനുള്ള വക നേടിയിരുന്നതെന്നും എവിടെയോ വച്ച് ആരോ പിടിച്ച് പോലീസിൽ ഏൽപ്പിച്ചുവെന്നുമൊക്കെ തിരിച്ചറിഞ്ഞത് വളരെ പിന്നീടാണ്. ചുമന്നുനടക്കാൻ വയ്യാതായപ്പോൾ എന്നെ എവിടെയെങ്കിലും ഇരുത്തി പോവുകയായിരുന്നു പതിവ്. മിക്കവാറും ഒരു പെട്ടിക്കടയുടെ ഓരത്ത്. മുഖം നിറയെ വസൂരിക്കലയുള്ള ഒരാളാണ് കടക്കാരൻ. അയാൾ കാവൽ. അമ്മയെപ്പോലെ കുറേ സ്ത്രീകളെ അയാൾ ഈ ജോലിക്കു വെച്ചിരുന്നു. അവരിൽ മിക്കവരും തീവണ്ടി കയറി അടുത്ത പട്ടണങ്ങളിലേക്കു പോകും. വണ്ടിയിലൊന്നും പിടിച്ചുക

യറാൻ വയ്യാത്തതുകൊണ്ട് അമ്മ ചുറ്റുവട്ടത്ത് 'പണി' നോക്കും.

അതെന്റെ അമ്മയായിരുന്നുവോ എന്നും അറിയില്ല. വല്ലേടത്തുനിന്നും മോഷ്ടിച്ചെടുത്തതാവാം എന്നെ. കൈയിലൊരു കുഞ്ഞുമായി ചെന്നാൽ ആരും വെറുംകൈയോടെ മടക്കിയയക്കില്ലല്ലോ.

ആ പെട്ടിക്കടക്കാരനെ നിങ്ങൾക്ക് ഓർമയുണ്ടോ? ആകെ നാലുവർഷമേ ഞങ്ങൾ അവിടെ ഉണ്ടായിരുന്നുള്ളൂ. നാടുനീളെ വ്യാപിച്ചു കിടന്ന ഒരു ഭിക്ഷാടനസംഘത്തിലെ 'സൂപ്പർവൈസർ' മാരിൽ ഒരാളായിരുന്നു അത്. ആദിത്യൻ എന്ന് പേര്, അച്ഛൻ മലയാളി, അമ്മ കർണാടകക്കാരി. 'പണിക്കാരോട്' ഒട്ടും മയമില്ലാതെയാണ് ആ മനുഷ്യൻ പെരുമാറിയത്. എന്തുകൊണ്ടെന്നറിയില്ല

**അമ്മ പിന്നെ വന്നില്ല. ആ പെട്ടിക്കടക്കാരൻ എനിക്കു ഭക്ഷണം തന്നു. ആ ഇട്ടുസ്സു കുട്ടുസ്സു പെട്ടിക്കടയ്ക്കകത്ത് ഒരു മൂലയിൽ കിടക്കാൻ അനുവദിച്ചു. പിന്നെപ്പിന്നെ അയാൾ വല്ലേടത്തും പോകുമ്പോൾ എന്നെ അയാളുടെ വീഞ്ഞപ്പെട്ടിസീറ്റിൽ ഇരുത്തി. അയാളുടെ മനസ്സിൽ എന്നോട് ഇത്തിരി ഇഷ്ടമുണ്ടായതിന്റെ പ്രേരണ എന്തോ ആവട്ടെ, അയാളെന്നെ സ്കൂളിൽ ചേർത്തു.**

എന്നെപ്പക്ഷേ അയാൾ ഒരിക്കലും ഉപദ്രവിച്ചില്ല. നോവിച്ചുമില്ല. അതൊരതിശയംതന്നെ. കാരണം ഗൗരവമേറിയ പല കേസുകളുമായി ബന്ധപ്പെട്ട് പിടികിട്ടാപ്പുള്ളിയായിരുന്നു അയാൾ.

അമ്മ പിന്നെ വന്നില്ല.

ആ പെട്ടിക്കടക്കാരൻ എനിക്കു ഭക്ഷണം തന്നു. ആ ഇട്ടുസ്സു കുട്ടുസ്സു പെട്ടിക്കടയ്ക്കകത്ത് ഒരു മൂലയിൽ കിടക്കാൻ അനുവദിച്ചു. പിന്നെപ്പിന്നെ അയാൾ വല്ലേടത്തും പോകുമ്പോൾ എന്നെ അയാളുടെ വീഞ്ഞപ്പെട്ടിസീറ്റിൽ ഇരുത്തി.

അയാളുടെ മനസ്സിൽ എന്നോട് ഇത്തിരി ഇഷ്ടമുണ്ടായതിന്റെ പ്രേരണ എന്തോ ആവട്ടെ, അഞ്ചു വയസ്സുതോന്നിക്കുന്ന വളർച്ച ആയപ്പോൾ അയാളെന്നെ സ്കൂളിൽ ചേർത്തു. അച്ഛന്റെ സ്ഥാനത്ത് ആദിത്യൻ എന്നും ചേർത്തു. കുമാരൻ മകൻ ആദിത്യൻ. മകൻ കുമാർ, 'കുമാർ ആദിത്യൻ കെ'. അന്നോളം 'തിരു



**കുറച്ചിടയെങ്കിൽ കുറച്ചിട എന്നെ രക്ഷിച്ചതിന് കനത്ത ശിക്ഷയാണല്ലോ പ്രതിഫലമായി നൽകിയതെന്ന കുറ്റബോധം എനിക്കുണ്ടായിരുന്നു. മുഖത്ത് കാർക്കിച്ചു തുപ്പിയാൽ അത്ഭുതമില്ലെന്നും അതെങ്കിലത് സസന്തോഷം ഏറ്റുവാങ്ങി കുറ്റബോധം ലഘൂകരിക്കാമെന്നും കരുതിയാണ് പുറപ്പെട്ടത്. ഡിഗ്രി ജയിച്ച് ഒരു ആസ്പത്രിയിൽ കയറിയതേ ഉണ്ടായിരുന്നുള്ളൂ അപ്പോൾ.**

മാലി' എന്നു മാത്രമാണ് അയാൾ എന്നെ വിളിച്ചിരുന്നത്. അയാൾ തുടർന്നും അങ്ങനെതന്നെ വിളിച്ചെന്നാലും സ്കൂളിൽ ഞാൻ വേറൊരാളായി.

ചോർന്നൊലിക്കുന്ന ആ സ്കൂളിൽ രണ്ടാംക്ലാസ്സിൽ പഠിക്കുമ്പോഴാണ് എന്റെയും എന്റെ അച്ഛന്റെയും ജീവിതത്തിൽ വലിയ വഴിത്തിരിവായ ആ ഓണക്കാലം വന്നത്.

അപ്പോഴും ഞങ്ങളുടെ വീട് ആ പെട്ടിക്കടതന്നെ. നാലു വീടപ്പുറത്ത് ഒരു കൂരയിൽ അമ്മുവും അമ്മയും താമസം. അച്ഛൻ 'വരാതായ'തിൽപ്പിന്നെ വീടുതോറും നടന്ന് നെല്ലുവാങ്ങി പുഴുങ്ങിയുണക്കി കുത്തി അരിയാക്കി കൊടുത്തതിന് കൂലി വാങ്ങിയാണ് അവർ പുലർന്നത്. നല്ല ഉടുപ്പോ മുടികെട്ടാൻ ഒരു റിബൺ പോലുമോ ഉണ്ടായിരുന്നില്ലെന്നാലും അമ്മു, താൻ വാങ്ങാൻ പോകുന്ന ഉടുപ്പിനെയും ജിമിക്കിയെയും പറ്റി ഞങ്ങളോടൊക്കെ കണ്ണും തുറുപ്പിച്ച് പറയുമായിരുന്നു. നാണയത്തുട്ടുകളിട്ടു വയ്ക്കുന്ന ഒരു 'മണ്ണുണ്ടി' (ഹുണ്ടിക) നിറഞ്ഞുവരുന്നു! കൊയ്ത്തുകഴിഞ്ഞ വയലിൽ 'പിടിത്താൾ' പെറുക്കിയും ഇടവഴിയിലെ ചപ്പില അടിച്ചുകൂട്ടി ചുട്ട് ചാമ്പലാക്കിയുമൊക്കെ വിറ്റ് സ്വരൂപിച്ച നാണയങ്ങളാണ്.

എപ്പോഴും ചിരിക്കുന്ന അമ്മുവിന്റെ ഹൃദയം ശരിയല്ലെന്നും ഓപ്പറേഷൻ വേണമെന്നും വീടുകളിൽ പറഞ്ഞ് സഹായം വാങ്ങി വരണമെന്നും ഒരുദിവസം സാർ ക്ലാസ്സിൽ പറഞ്ഞു. അച്ഛനോടു പറഞ്ഞപ്പോൾ കണ്ണുരുട്ടി ഒരു നോട്ടമേ സംഭാവനയായി



കിട്ടിയുള്ളൂ. ഏറെ താമസി യാതെ ഒരുദിവസം അമ്മു സ്കൂളിൽ വന്നില്ല. അമ്മുവിന്റെ വീട്ടിൽ മോഷണം നടന്നെന്നും ഓണത്തിന് അമ്മു വാങ്ങിവെച്ച ഉടുപ്പും ജിമിക്കിയും മാത്രമല്ല, അമ്മ അമ്മുവിന്റെ ചികിത്സ യ്ക്കായി സ്വരൂപിച്ച് നിധി പോലെ കാത്ത പണക്കിഴിയും പോയി.

സന്ധ്യകഴിഞ്ഞ് ഞാൻ ചെല്ലുമ്പോൾ അമ്മു ചോർന്നൊ ലിക്കുന്ന കൂരയിൽ ഒരു പഴ മ്പായയിൽ കിടപ്പാണ്. വല്ലാതെ കിതയ്ക്കുന്നുണ്ട്. മുഖം വല്ലാതെ വിളറിയിട്ടുണ്ട്. അമ്മ ഒരു മൂലയിലിരുന്ന് നിശ്ശബ്ദം കരയുന്നു.

മോഷണത്തിനുപോയ പെണ്ണുങ്ങൾ സന്ധ്യകഴിഞ്ഞ് തൊണ്ടിയേൽപ്പിക്കാൻ കട യിൽ വരുന്ന പതിവുണ്ട്. അവർക്ക് കൂലിയേ കിട്ടൂ. ഇടനിലക്കാരന്റെ കമ്മീഷൻ 'അച്ഛന്'. ബാക്കി കൊണ്ടു പോകാൻ ആഴ്ചയിലൊരി ക്കൽ മോട്ടോർസൈക്കിളിൽ ആൾ വരും.

'അച്ഛൻ' കളവുമുതൽ സൂക്ഷിക്കുന്ന ഇടം കടയ്ക്ക കത്ത് താഴെ കിടക്കുന്ന മെത്ത പ്പായയ്ക്കടിയിലൊരു കുഴി യാണ്. സാമാന്യം വലിയ കുഴിയുടെ മീതെ പാകത്തി ലൊരു പലകവച്ച് പത്തായം പോലെ ആക്കിയിരിക്കുന്നു.

അച്ഛൻ അന്തിക്കള്ളു മോന്താൻ പോയ നേരത്ത് ഞാനതു തുറന്നു. അമ്മു വിന്റെ പട്ടുപാവാടയും ജിമി ക്കിയും കുറെ കാശും കിട്ടി. അതൊക്കെ വാരി ഞങ്ങൾക്കു കുടിക്കാൻ വെള്ളം മുക്കി ക്കൊണ്ടുവരുന്ന ബക്കറ്റി ലാക്കി അതുമായി ഞാൻ അമ്മുവിന്റെ വീട്ടിലേക്കോടി. അപ്പോഴേക്കു തുള്ളിക്കൊരു കുടം എന്ന കണക്കിൽ മഴ തുടങ്ങി.

ബക്കറ്റിനകത്ത് വെള്ള മെത്താതെ മാറത്തടക്കിപ്പി ടിച്ച് ഓടി അമ്മുവിന്റെ വീടെ ത്തിയപ്പോഴേക്കു ഞാനാകെ നനഞ്ഞു കുളിച്ചിരുന്നു.

അമ്മുവിന് അസുഖം കൂടിയതിനാൽ അതിനിടെ അയൽക്കാരൊക്കെ എത്തി യിട്ടുണ്ട്.

'ഇതാ!' എന്ന് അമ്മുവിന്റെ പായയ്ക്കരികെ ഞാൻ ബക്കറ്റ് കമഴ്ത്തിക്കൊട്ടി.

പക്ഷേ അമ്മു മരിച്ചുകഴി ഞ്ഞിരുന്നു.

എന്നെത്തേടി പിന്നാലെ എത്തിയ അച്ഛനെ ആളുകൾ പിടികൂടി പെരുമഴയത്ത് മുറ്റത്തെ മാവിൽ കെട്ടിയിട്ടു. നേരം പുലർന്നപ്പോൾ പോലീസു കാർ വന്നുകൊണ്ടുപോയി.

വീണ്ടും ആരോരുമില്ലാ തായ എനിക്കു പിന്നെ അഭയം കിട്ടിയത് ഒരു അനാഥാലയത്തി ലാണ്. അവരെനിക്ക് അന്നവും നിലനിൽപ്പും വിദ്യാഭ്യാസവും തന്നു. എൻട്രൻസ് എഴുതി ജയിച്ച് പഠിച്ച് ഡോക്ടറാകാൻ സഹായിച്ചു. ആരോരുമില്ലാ തിരുന്ന എനിക്ക് എല്ലാരുമായി. പിന്നെ എനിക്കു സ്വന്തമായി ആതുരാലയമായി. അത് എന്തുകൊണ്ടൊരു ഹൃദ്രോ ഗാസ്പത്രിയായി എന്ന് ഇനി പ്രത്യേകം പറയേണ്ടതില്ലല്ലോ. എന്തുകൊണ്ട് എല്ലാ പൂരാ ടനാളിലും കുട്ടികൾക്ക് സമ്മാനങ്ങളുമായി ഇവിടെ വരുന്നുവെന്നും.

എന്റെ ആദ്യത്തെ 'അമ്മ' എവിടെപ്പോയെന്ന് അറിഞ്ഞു കൂടാ. അച്ഛൻ, വിധിച്ചുകിട്ടിയ ശിക്ഷാകാലം മുഴുമിക്കാതെ മരിച്ചുപോയി.

രണ്ടു സംഭവങ്ങൾ എന്റെ ജീവിതത്തിലെ വിശിഷ്ടാനുഭ വങ്ങളായി ഉണ്ട്. ജയിൽപ്പുള്ളി യായിത്തന്നെ ആസ്പത്രിയിൽ കിടക്കെ അച്ഛൻ കാണണ മെന്നാവശ്യപ്പെട്ടതനുസരിച്ച് ഞാൻ ചെന്നത് ഒന്ന്, കുറച്ചി ടയെങ്കിൽ കുറച്ചിട എന്നെ രക്ഷിച്ചതിന് കനത്ത ശിക്ഷ യാണല്ലോ പ്രതിഫലമായി നൽ കിയതെന്ന കുറ്റബോധം എനി ക്കുണ്ടായിരുന്നു. മുഖത്ത് കാർക്കിച്ചു തുപ്പിയാൽ അത്ഭു തമില്ലെന്നും അതെങ്കിലത് സസന്തോഷം ഏറ്റുവാങ്ങി കുറ്റബോധം ലഘൂകരിക്കാ മെന്നും കരുതിയാണ് പുറ പ്പെട്ടത്. ഡിഗ്രി ജയിച്ച് ഒരു ആസ്പത്രിയിൽ കയറിയതേ ഉണ്ടായിരുന്നുള്ളൂ അപ്പോൾ.

എന്നിട്ടോ?

''ദൈവം നിന്റെ കൂടെയുണ്ട്. നിനക്ക് നല്ലതു വരും.'' എന്നാ യിരുന്നു വേർപാടുമൊഴി. അതു പറയുമ്പോൾ രണ്ടു കണ്ണും നിറഞ്ഞൊഴുകി. ഇതോടെ കഴി ഞ്ഞുപോയി. തലച്ചോറിൽ അർബുദം ബാധിച്ചുള്ള കിട പ്പായിരുന്നു.

ആദ്യത്തെ ശമ്പളവുമായി അമ്മുവിന്റെ അമ്മയെ ചെന്നു കണ്ടതാണ് രണ്ടാമത്തെ അനു ഭവം. കാഴ്ച മങ്ങിയ കണ്ണു കൾക്ക് എന്നെ തിരിച്ചറിയാനാ യില്ല. അറിഞ്ഞപ്പോൾ സന്തോ ഷമായി. പക്ഷേ പണം സ്വീക രിക്കാൻ തയ്യാറായില്ല. നാട്ടു കാരുടെ സഹായം തനിക്ക് ധാരാളമാണ്. പണം വല്ല കുട്ടി കളുടെ ആസ്പത്രിക്കും കൊ ടുക്കാം.

ഞാൻ അമ്മയെ എന്റെ കൂടെ കൊണ്ടുപോകാനാണ് വന്നത് എന്നു പറഞ്ഞ ഉടനെ വന്ന മറുപടി.

'ഇവിടെ അമ്മുവിന് പിന്നെ ആരാ?'

എന്റെ കുടുംബത്തെപ്പറ്റി ചോദിച്ചല്ലോ. ഞാൻ വളർന്ന അനാഥാലയത്തിലെ അന്തേ വാസികളും ഇതാ ഇപ്പറഞ്ഞ വരൊക്കെയുമാണ് എന്റെ കുടുംബം. എന്റെ രോഗികളും കൂടി ആവുമ്പോൾ ഇപ്പോൾ അംഗസംഖ്യ കുറവല്ല!

# രണ്ടു പക്ഷിക്കവിതകൾ

സച്ചിദാനന്ദൻ



വര: ഗോപു പട്ടിത്തറ

## 1. കാക്ക

കാക്കക്കറുപ്പാണെനിക്കെന്നു ചൊല്ലല്ലേ,
കാക്ക ഞാൻ, മുറ്റത്തിൻ ഭംഗിയല്ലോ.
ഞാനേ കുയിലിന്നടയിരിപ്പോൾ, പുലർ
കാലേ വിരുന്നു വിളിപ്പവൾ ഞാൻ
മാനം കറുക്കുമ്പൊഴാനന്ദം പെയ്യുന്ന
പാവം കൃഷീവലനെന്റെ തോഴൻ
കണ്മഷി കാൺകെക്കവിതകളോർക്കുന്ന
നല്ല വിദ്യാർഥിനിയുറ്റതോഴി.
കാടിന്റെയാഴങ്ങൾ പോലെൻ കറുപ്പെന്നു
പാടുന്ന ഗായികയെന്റെ ചേച്ചി.
എൻ പൊന്നനിയത്തിമാരല്ലോ കാളിയെ,
കാളിന്ദിയെ, വാഴ്ത്തുമോമനമാർ.
കാർമഷി കൊണ്ടു നൽച്ചിത്രം വരയ്ക്കുവോർ,
കാവ്യം രചിക്കുവോർ സോദരന്മാർ.
കാക്കക്കറുപ്പാണെനിക്കെന്നു ചൊല്ലല്ലേ,
കാക്ക ഞാൻ വാനിന്റെ പുത്രിയല്ലോ.



## 2.മരങ്കൊത്തി

ഹേ,മരങ്കൊത്തി,ഞാൻ കാണ്മൂ നിൻ
വാലാദ്യം, ആത്തെങ്ങു നോക്കുമ്പോൾ.
സാവധാനം നിൻ കിരീടം ഹായ്
മാളത്തിൽ നിന്നും തിരനോട്ടം.

കൊട്ടിയും തട്ടിയും നോക്കുന്നൂ
കൊത്തിയും ചെത്തിയും നോക്കുന്നൂ :
കുട്ടനാശാരി മരത്തിന്റെ
മൂപ്പും മുഴുപ്പും തിരയും പോൽ.


മുത്തശ്ശിയോതിക്കഥ പണ്ടേ
കേട്ടു ഞാൻ, കപ്പൽ നീയുണ്ടാക്കീ
പൂച്ചയ്ക്കും കീരിക്കുമണ്ണാനും
യാത്ര നടത്താൻ സമുദ്രത്തിൽ.

വെള്ളം കയറിയപ്പായ്ക്കപ്പൽ
മുങ്ങിപ്പോയ്, പോയ് കൂട്ടരെല്ലാരും.
നീ മാത്രം പാറിക്കരയ്ക്കെത്തി
നീറിക്കരഞ്ഞു നിൻ തെറ്റോർക്കെ.

അന്നു തുടങ്ങി നീ കൊത്തുന്നൂ
ഉള്ളുറപ്പുള്ള മരം തേടി.
നാളെയും കണ്ണു തുറക്കുമ്പോൾ
കാണണേ നിന്റെ കുടമാറ്റം.

കാതു വെളുപ്പിനു കൂർപ്പിക്കെ
നീളെ 'ക്കുടുകുടു' കേൾക്കേണം.
ഞാനാ മരച്ചോട്ടിൽ നിൽക്കുമ്പോൾ
മാരിവിൽ പോലെ പറക്കേണം.

മുങ്ങാത്ത കപ്പൽ പണിയുമ്പോൾ
എന്നെയും യാത്രയ്ക്കു കൂട്ടേണം.
ഏറെക്കൊതി, കടൽ താണ്ടാനും
ദൂരത്തെക്കാഴ്ചകൾ കാണാനും.



ചിത്രം കടപ്പാട് : അൽജസീറ



# മനസ്സിനെ വെടിപ്പാക്കുന്ന യാത്രകൾ

**യു എ ഖാദർ**

എന്റെ പ്രിയ പേരമക്കൾക്കെല്ലാവർക്കും,

നേരെ ചൊവ്വേ കണ്ണും മനസ്സും നിറയെ നിങ്ങളെയൊക്കെ കണ്ടും കൂട്ടുകൂടിയും കുറച്ചുദിവസങ്ങൾ കടന്നുപോയത് എത്ര വേഗത്തിലാണ്. അടുത്ത വേനലവധിക്ക് വരുമ്പോഴാവുമല്ലോ ഇനിയൊരിക്കൽ കൂടി നമുക്കെല്ലാവർക്കും ''തടിമറന്ന് ഒന്നു കെട്ടിമറിയാൻ'' അവസരം ലഭിക്കുക.

കണയങ്കോട് പുഴയിലൂടെ അന്ന് പുരവഞ്ചിയിൽ ഓരോരോ തമാശകൾ പറഞ്ഞ് അന്നേരം ചുട്ടെടുത്ത മരച്ചീനി തുണ്ട് ചൂടാവിയാറും മുമ്പ് ചീരാപറങ്കി ചമ്മന്തിയിൽ തോണ്ടി ഓരോരോ കഷ്ണവും മത്സരിച്ചു തിന്നുകയും പുഴയോളങ്ങളുടെ മർമരങ്ങൾ കാതോർത്ത് ആസ്വദിക്കുകയും ചെയ്യുന്നതിനിടയിൽ ഓരോരുത്തരും താന്താങ്ങൾ പങ്കിട്ടാസ്വദിച്ച മറക്കാനാവാത്ത അനുഭവങ്ങളെക്കുറിച്ച് വാ നിറയെ ''പറഞ്ഞൂറ്റം'' കൊൾകയും ചെയ്ത ആ ദിവസം. തലതല്ലി ചിരിച്ചു മദിച്ച നേരമ്പോക്കിന്റെ നിമിഷങ്ങൾ... അതെല്ലാം ഉപ്പാപ്പ ഇങ്ങനെയിരിക്കെ പുനരോർമിക്കുകയാണ്. ഉപ്പാപ്പയുടെ അടുത്ത് ഇപ്പോഴാരും ഇല്ല. മക്കളൊക്കെ അവരവരുടെ ദിക്കിലേക്ക് വിദ്യാലയങ്ങളിലേക്ക് വേനലവധിക്കുശേഷം പുതിയ അധ്യയന വർഷത്തെ എതിരേൽക്കാനായി പുറപ്പെട്ടുപോയല്ലോ. നല്ലതുതന്നെ. മക്കളും പേരമക്കളും പല പല ദിക്കു

**ചുട്ടെടുത്ത മരച്ചീനി തുണ്ട് ചൂടാവിയാറും മുമ്പ് ചീരാ പറങ്കി ചമ്മന്തിയിൽ തോണ്ടി ഓരോരോ കഷ്ണവും മത്സരിച്ചു തിന്നുകയും പുഴയോളങ്ങളുടെ മർമരങ്ങൾ കാതോർത്ത് ആസ്വദിക്കുകയും ചെയ്യുന്നതിനിടയിൽ ഓരോരുത്തരും താന്താങ്ങൾ പങ്കിട്ടാസ്വദിച്ച മറക്കാനാവാത്ത അനുഭവങ്ങളെക്കുറിച്ച് വാനിറയെ "പറഞ്ഞൂറ്റം" കൊൾകയും ചെയ്ത ആ ദിവസം. അതെല്ലാം ഉപ്പാപ്പ ഇങ്ങനെയിരിക്കെ പുനരോർമ്മിക്കുകയാണ്.**

കളിൽ വിദ്യാലയങ്ങളിൽ, അവരുടെ പഠനകാര്യങ്ങൾക്കായി പറന്നുപോകുമ്പോൾ അവരെ ആശീർവദിച്ച് പറഞ്ഞയയ്ക്കുക 'പറത്താൻ വിടുക' ഞങ്ങളുടെ കടമ. എന്നാലും തിരിച്ചുപോവുമ്പോൾ വേദനയാണ്. സ്വാഭാവികമായും നല്ലതിനായുള്ള ഒരു വിരഹവേദന. തേനൂറുന്ന വേദന...

അന്ന് പുരവഞ്ചി യാത്രയ്ക്കിടയിൽ തമാശാനുഭവങ്ങൾ വിവരിക്കുന്ന കൂട്ടത്തിൽ ഉപ്പാപ്പയോട് ചോദിച്ച ഒരു കാര്യമുണ്ടല്ലോ. മക്കൾ മറന്നു കാണില്ലെന്നറിയാം. ഉപ്പാപ്പയും ഉമ്മാമയും ഹജ്ജ് യാത്രയ്ക്കായി പോയകാര്യം. ഒരു പുണ്യകർമനിർവഹണം എന്നോ മറ്റോ ചുരുക്കിയൊതുക്കി പറഞ്ഞാൽ പോരല്ലോ ആ പുണ്യയാത്രാസ്മൃതികൾ...

ഇസ്‌ലാം മതാനുയായികൾ നിർബന്ധമായും അനുഷ്ഠിക്കേണ്ട ഒരു പുണ്യകർമമാണ് പരിശുദ്ധ ഹജ്ജ്. ആ യാത്രയ്ക്ക് സ്വന്തമായി അധ്വാനിച്ചു സമ്പാദിച്ച കളങ്കമേശാത്ത ധനമാണ് ഉപയോഗപ്പെടുത്തേണ്ടത്. യാത്രയ്ക്ക് ശരീരം മെരുങ്ങുന്ന മട്ടിൽ ആരോഗ്യമുണ്ടായിരിക്കണം. മക്കയിലേക്ക് ആവശ്യമായ ദൂരം സഞ്ചരിക്കാനുള്ള യാത്രാസൗകര്യങ്ങളും വേണം. കുട്ടിക്കാലത്ത്, മദ്രസയിൽ പഠിക്കുന്ന കാലത്ത് ആ വിദ്യാലയത്തിലെ പ്രധാന അധ്യാപകൻ ഉസ്താദ് ബീരാനിക്ക പറയാറുള്ള ഒരു ചൊല്ലുണ്ട്.

കുട്ടികളെ ഇസ്‌ലാം കാര്യം അഞ്ച്.

അഞ്ചാമത്തെ കാര്യം പരിശുദ്ധ ഹജ്ജ് കർമം. 'തടിയാലും മുതലാലും വഴിയാലും' യാതൊരു വിധമായ ഇണ്ടലും കൂടാത്ത യാത്രയാവണം.

ഹജ്ജ് പുണ്യകർമം നിർവഹിക്കണം എന്ന ആഗ്രഹം പണ്ടേ ഉണ്ടായിരുന്നു. അതിനാവശ്യമായ ധനം സ്വന്തമായി അധ്വാനത്തിലൂടെ നേടിയെടുത്തതാവണം എന്നും യാതൊരു കടബാധ്യതയും ഉണ്ടാവരുതെന്നും. ഈശ്വരാനുഗ്രഹത്താൽ അതെല്ലാം ഒത്തുകിട്ടിയെന്നു പറയാനായി. ഭാര്യയോടൊത്ത് ഹജ്ജ് എന്ന് പണ്ടേ ആഗ്രഹിച്ചതാണല്ലോ.

ഹംസക്കുട്ടി ചോദിച്ചത് ഉപ്പാപ്പ നിർവഹിച്ച ഹജ്ജ് കർമത്തിന്റെ ചിട്ടവട്ടത്തെക്കുറിച്ചും ഹജ്ജ് അനുഭവങ്ങളെക്കുറിച്ചുമായിരുന്നുവല്ലോ. ഈ കത്തിലൂടെ ഉപ്പാപ്പ അത് വിശദീകരിച്ചുതരാം. ഹൃദ്യമായെങ്കിൽ കൂട്ടുകാർക്കെല്ലാം 'ഷെയർ' ചെയ്യുക. അറിയുന്നതെല്ലാം കീബോർഡിലെ അക്ഷരങ്ങളിൽ വിരൽതൊട്ടു പങ്കുവയ്ക്കുകയാണല്ലോ ഇന്നത്തെ പതിവ്. നല്ല കീഴ്‌വഴക്കം തന്നെ.


യാത്രായൊരുക്കങ്ങളെല്ലാം യഥാവിധി നടത്തി. ഹിജറ വർഷം ദുൽഹജ്ജ് മാസത്തിലെ ആദ്യപത്ത് ദിനങ്ങളിലാണ് ഹജ്ജ് ദിനങ്ങൾ. ബന്ധുക്കൾ, സുഹൃത്തുക്കൾ എല്ലാവരെയും കണ്ട് ജീവിതത്തിൽ എന്തെങ്കിലും അപകടമായത് സംഭവിച്ചിട്ടുണ്ടെങ്കിൽ അതൊക്കെ 'വിട്ടുപൊറുത്ത് മാപ്പാക്കണമെന്ന്' പറഞ്ഞ് പരസ്പരം സ്നേഹാലിംഗനങ്ങൾ ചെയ്യാം. ഹജ്ജിന് പുറപ്പെടുമ്പോൾ 'മനസാ വാചാ കർമണാ' എന്തെങ്കിലും അമംഗളമായത് സംഭവിച്ചിട്ടുണ്ടെങ്കിൽ അതെല്ലാം ഏറ്റുപറഞ്ഞ് മനസ്സ് 'വെടിപ്പാക്കണമെന്നത്' ഒഴിച്ചുകൂടാൻ പറ്റാത്ത ആചാരമുറയാണ് നമ്മുടെ നാട്ടിൽ.

ഹജ്ജിനുള്ള അപേക്ഷാഫോറങ്ങൾ പൂരിപ്പിക്കുക, സമർപ്പിക്കുക തുടങ്ങിയവയൊക്കെ ആദ്യമേ ചെയ്തിരുന്നു. സർക്കാർ വക ഹജ്ജ് ക്വാട്ടയിൽ എനിക്കും ഉമ്മാമയ്ക്കും സ്ഥാനം കിട്ടിയത് ഹജ്ജൊരുക്കത്തിന്റെ പ്രാരംഭ നടപടി ക്രമപ്രകാരമായിരുന്നു.

പുറപ്പെടുന്ന ദിവസം കുടുംബാംഗങ്ങൾ എല്ലാരും വന്നുചേർന്നിരുന്നു. നമ്മുടെയെല്ലാം തറവാട്ടു വീട്ടിൽ നിന്നാണ് പുറപ്പെട്ടത്. വിമാനത്താവളത്തിൽ ഹജ്ജിനായി ഒരുങ്ങിയിറങ്ങിയ തീർഥാടക സംഘാംഗങ്ങൾ അവരവർക്ക് നിശ്ചയിക്കപ്പെട്ട വിമാനങ്ങളിൽ യാത്രയ്ക്കായെത്തിയിട്ടുണ്ട്.

അക്കാലത്ത് ബോംബെയിൽ നിന്ന് മറ്റൊരു വിമാനത്തിൽ മാറിക്കയറണം. കോഴിക്കോട് വിമാനത്താവളത്തിൽ നിന്നാണ് പുറപ്പെട്ടത്. യാത്രയ്ക്കാവശ്യമായ എല്ലാ അനുമതി പത്രങ്ങളും ഹജ്ജ് കാലത്ത് ധരിക്കേണ്ട വസ്ത്രങ്ങളും ബന്ധുക്കൾ പെട്ടിയിൽ അടക്കം ചെയ്തിട്ടുണ്ട്. പുരുഷന്മാർ ധരിക്കേണ്ടത് വെള്ളത്തുണിയും അതുപോലെ ഒരു വെള്ളപുതപ്പും. തോളെല്ലിനെ മറച്ച് പുതയ്ക്കുന്ന രീതിയിലാണ് ഷാൾ അണിയേണ്ടത്. ഹജ്ജിന് മനസ്സാ ഒരുങ്ങി ദേഹശുദ്ധി വരുത്തിയാണ് ഹജ്ജിന്റെ വസ്ത്രം അണിയേണ്ടത്. ഹജ്ജ് ക്ലാസുകളിൽ നിന്ന് അവയെല്ലാം ശീലിപ്പിച്ചിരുന്നു.

ബോംബെയിൽ നിന്ന്


ചിത്രം കടപ്പാട് : അൽജസീറ

ഹജ്ജ് കർമം നിർവഹിക്കുന്ന വിശ്വാസികൾ

**വിമാനത്തിൽ കയറ്റിയ ബാഗ് ജിദ്ദാ എയർപോർട്ടിൽ എത്തിയാലേ കൈയിൽ തിരിച്ചു കിട്ടുകയുള്ളൂ. ഹജ്ജിനുള്ള വസ്ത്രം മറ്റൊരു കൈസഞ്ചിയിൽ എല്ലാവരും കരുതിയിട്ടുണ്ട്. എന്റെ കൈയിൽ യാത്രാരേഖകൾ അല്ലാതെ മറ്റൊന്നുമില്ല. വസ്ത്രങ്ങളും മറ്റു സാധനങ്ങളുമെല്ലാം വിമാനത്തിൽ കയറ്റിയ വലിയപെട്ടിയിൽ. എനിക്കാകപ്പാടെ 'എരിപൊരി സഞ്ചാരം' കിട്ടിയപോലെയായി.**

വിമാനം മാറിക്കയറേണ്ടതിനാൽ കുളിയും ദേഹശുദ്ധി വരുത്തലും ഹജ്ജ് വസ്ത്രം ധരിക്കലും അക്കാലത്ത് ബോംബെ എയർപോർട്ടിൽ വച്ചാണ്. വിമാനത്താവളത്തിൽ അതിനൊക്കെ സൗകര്യമുണ്ട്.

മനസ്സിനെ നടുക്കുന്ന ഒരു അനുഭവമാണ് കോഴിക്കോട്ട് ബോംബെ വിമാനത്തിൽ നിന്നനുഭവപ്പെട്ടത്. വിമാനത്തിൽ കയറ്റിയ ബാഗ് ജിദ്ദാ എയർപോർട്ടിൽ എത്തിയാലേ കൈയിൽ തിരിച്ചു കിട്ടുകയുള്ളൂ. ഹജ്ജിനുള്ള വസ്ത്രം മറ്റൊരു കൈസഞ്ചിയിൽ എല്ലാവരും കരുതിയിട്ടുണ്ട്. എന്റെ കൈയിൽ യാത്രാരേഖകൾ അല്ലാതെ മറ്റൊന്നുമില്ല. വസ്ത്രങ്ങളും മറ്റു സാധനങ്ങളുമെല്ലാം വിമാനത്തിൽ കയറ്റിയ വലിയ പെട്ടിയിൽ. എനിക്കാകപ്പാടെ 'എരിപൊരി സഞ്ചാരം' കിട്ടിയപോലെയായി.

അത്ഭുതം പോലെ വിമാനത്തിൽ തൊട്ടരികെയിരുന്ന പട്ടാമ്പിക്കാരനായ മറ്റൊരു തീർഥാടകൻ അന്നേരം പറയുന്നു. ''സാരമാക്കേണ്ടാ, എന്റെ കൈയിൽ ഒരു ജോടി ഹജ്ജ് വസ്ത്രം അധികമുണ്ട്. അതെടുത്തുതരാം.''

കാര്യം നടന്നു. അപരിചിതനായ ആ തീർഥാടകൻ തക്കസമയത്ത് സഹായിച്ചിരുന്നില്ലായെങ്കിലോ?

ഹജ്ജിന്റെ വസ്ത്രം എന്ന നിലയ്ക്കണിയാൻ 'ഇഹ്റാമിന്നുള്ള' വസ്ത്രം ഉമ്മാമയുടെ ബാപ്പ സമ്മാനിച്ചിരുന്നു. അത് പെട്ടിയിൽ തന്നെ. നിർബന്ധമായും അണിയേണ്ട ഹജ്ജ് വസ്ത്രം അജ്ഞാതനായ മറ്റൊരു തീർഥാടകൻ എനിക്കായി വച്ചുനീട്ടുന്നു. ദൈവനിയോഗം അതാവുമെന്ന് ആദ്യപാഠം.

അജ്ഞാത സുഹൃത്ത് സമ്മാനിച്ച ഹജ്ജ് വസ്ത്രവുമായാണ് ജിദ്ദയിൽ തീർഥാടക വേഷത്തിൽ ഇറങ്ങിയത്. യാത്രാബദ്ധപ്പാടുകൾക്കിടയിൽ പട്ടാമ്പിക്കാരനായ ആ മനുഷ്യനെ ആൾകൂട്ടത്തിൽ കണ്ടുപിടിക്കാനുമായില്ല. ഞങ്ങൾക്കായി നിശ്ചയിക്കപ്പെട്ട ബസ്സിൽ കയറി. മക്കയിലേക്കു പുറപ്പെട്ടു. തീർഥാടകരെല്ലാം ഉച്ചത്തിൽ സ്തോത്രങ്ങൾ ഉരുവിടുന്നുണ്ടായിരുന്നു.

''ലബ്ബയിക്ക ല്ലാഹുമ്മ ലബ്ബയിക്ക്. യാ ശരീക്ക ലക ലബ്ബൈയിക്ക്.''

പുലരാൻ നേരത്താണ്

മക്കയിൽ ഞങ്ങൾ ഇറങ്ങിയത്. മസ്ജിദുൽ ഹറമിലെ ദീപപ്രഭയിൽ മുങ്ങിനിൽക്കുന്ന പരിസരം. കണ്ണുകൾ അന്വേഷിച്ചത് കഅബാലയമായിരുന്നു.

യാത്രാബാഗുകൾ നിശ്ചയിക്കപ്പെട്ട മുറികളിൽ സൂക്ഷിച്ച് ഞങ്ങൾ ഹറം പള്ളിയിലേക്കു പുറപ്പെട്ടു. ഹറം പള്ളിയുടെ പ്രധാന കവാടം ബാബുസലാം കടന്ന് പ്രവേശിച്ചപ്പോൾ കറുത്ത മേലങ്കി ധരിച്ച കഅബാലയം. നിറദീപപ്രഭയിൽ സമാധാനത്തിന്റെ കവാടം കടന്നെത്തിയത് വിശുദ്ധ കഅബായുടെ നടുത്തളത്തിൽ.


കണ്ണും മനസ്സും വിതുമ്പിയത് അളവറ്റ ആനന്ദംകൊണ്ടും ഭക്തികൊണ്ടും അലൗകികമായ ഏതോ ദിവ്യാശ്ലേഷ സ്പർശനങ്ങൾ കൊണ്ടുമാവണം. ദൈവത്തിന്റെ അപാരമായ അനുഗ്രഹത്തലോടൽ അനുഭവിക്കാനായതുപോലെ ഞാൻ ഉറക്കെയുറക്കെയുരുവിട്ടുകൊണ്ടിരുന്നു. 'ലബ്ബയിക്കല്ലാ ഹുമ്മ ലബൈക്ക്. യാ ശരീക്ക ലക ലബ്ബൈയിക്ക്.'

ഏഴുവട്ടം കഅബാലയം പ്രദക്ഷിണം നടത്തി. പ്രദക്ഷിണ വഴിയിൽ ആൾക്കൂട്ടത്തിന്നിടയിൽ തന്നെ ഇടം കണ്ടെത്തി സുന്നത്ത് നമസ്കരിച്ചു. പ്രദക്ഷിണ വഴികടന്ന് സഫാ മർവാ കുന്നുകൾക്കിടയിൽ ഏഴുചാൽ നടക്കണം. പൂർവികനായ ഇബ്രാഹിമിന്റെ മകൻ ഇസ്മയിലിന് കുടിനീരിടം അന്വേഷിച്ചലഞ്ഞ ഹാജറാ ബീവിയുടെ പരിഭ്രാന്തി. പൊട്ടിയൊഴുകിയ വിശുദ്ധജലം സംസം സംസം... ആ കർമം നിർവഹിച്ച് തലമുടി അൽപ്പം കത്രിക്കുന്നതോടെ ഹജ്ജിന്റെ ആദ്യചുവടായ ഉംറാ നിർവചിക്കപ്പെട്ടു. ഇനി വരുംനാളുകളിലാണ് ഹജ്ജ്.

ഹിജറ വർഷം ദുൽഹജ് മാസം പത്തിനാണ് ഹജ്ജിന്റെ പൂർത്തീകരണദിവസം.

ഹജ്ജ് കർമത്തിന്റെ പ്രധാന ചടങ്ങുകൾക്ക് മുന്നോടിയായി മിനായിലേക്ക് തീർഥാടകന്മാർ പ്രവഹിക്കുന്നു. തീർഥാടകർക്ക് അന്തിപാർക്കാൻ പ്രത്യേക സൗകര്യങ്ങൾ ഭരണകൂടം ഏർപ്പാടാക്കിയിട്ടുണ്ട്. മിനായിലെ കൂടാരങ്ങളിൽ പാർപ്പും പ്രാർഥനകളും മുറയ്ക്ക് നടക്കുന്നതിനിടയിലാണ് അറഫാ ദിനം. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് എത്തിപ്പെട്ട ഹാജിമാർ അറഫാ മൈതാനത്തിന്റെ തുറസ്സുകളിലും കൂടാരങ്ങളിലും കൂടിയിരുന്നു പ്രാർഥനകൾ നടത്തുന്നു. ഓരോരുത്തർക്കും അവനവന്നറിയുന്ന ഭാഷയിൽ പ്രാർഥിക്കാം. തുറന്ന വിഹായസ്സിലേക്കു കൈനീട്ടി പ്രാർഥിക്കാം. ദിവ്യമന്ത്രങ്ങൾ ഉരുവിട്ട് ജീവിത വിശുദ്ധിക്കായ് പ്രാർഥിക്കാം, ഹജ്ജിന്റെ പ്രധാന ചടങ്ങ്...

ഒരുപകൽ മുഴുക്കെ അനന്ത വിഹായസ്സിലേക്ക് കണ്ണുംനട്ട് പ്രാർഥന. അന്തിയിരുളുന്നതിനുമുമ്പായി മുസ്തലിഫായെന്ന ദിക്കിലേക്ക് കൂട്ടപ്രയാണം. ആ തുറസ്സിലും ഒരു രാത്രി. തീർഥാടക സമുച്ചയത്തോടൊപ്പം പ്രാർഥനാനിർഭരമായ നിമിഷങ്ങൾ.



ചിത്രം കടപ്പാട്: അൽജസീറ

പുലരുന്നതോടെ പുലർ ബാങ്ക് വിളിയുയരുന്ന നിമിഷം എല്ലാവരും മിനായിൽ തിരിച്ചെത്തുന്നു. മിനായിലെ പിശാചിന്റെ പ്രതീകാത്മക സ്തൂപം. മുസ്തലിഫായിൽ നിന്ന് ശേഖരിച്ച ചെറുകല്ലുകളാൽ പിശാചിനെ എറിയുന്ന കർമം. അതിനുശേഷം തലമുടിയെടുക്കൽ, കഅബാലയ പ്രദക്ഷിണം. അങ്ങനെ ഹജ്ജിന്റെ അനുഷ്ഠാന ദിവസങ്ങൾ പൂർത്തിയാവുന്നു.

മനംനിറയെ പ്രാർഥനാപൂരിതമായ ദിവസങ്ങളിൽ ചില വിസ്മയങ്ങൾ ഉപ്പാപ്പയെയും ഉമ്മാമയെയും അനുഗ്രഹപൂർവം പിന്തുടരുന്നുണ്ടായിരുന്നു.

മിനായിലെ കല്ലേറിന്റെ തിക്കിലും തിരക്കിലും കാലിടറി ഉമ്മാമയൊന്നു വീണു വീണില്ലായെന്ന പരുവത്തിൽപ്പെട്ടു. ഏതോ ഒരു കറുത്ത് നെടുതായ മനുഷ്യൻ ഉമ്മാമയെ താങ്ങിപ്പിടിച്ച് നിർത്തിയതിനാൽ ഉമ്മാമ വീണില്ല. താങ്ങിപ്പിടിച്ച കരങ്ങൾ വീശി പിശാചിനെ കല്ലെറിഞ്ഞ് ആ മനുഷ്യൻ ആൾക്കൂട്ടത്തിലേക്കു നടന്നുമറഞ്ഞു. തടിച്ചുകൂടിയ പുരുഷാരത്തിന്റെ കാൽച്ചുവട്ടിൽ വീണുടഞ്ഞുപോകുമായിരുന്നു ഉമ്മാമ.

കല്ലേറിനുശേഷം ഉമ്മാമ ശരിക്കും തളർന്നുകഴിഞ്ഞിരുന്നു. പാലത്തിന്റെ ചുവട്ടിൽ വട്ടം കൂടിയിരുന്ന ഒരു സദസ്സ് ഉമ്മാമയുടെ വെപ്രാളം ശ്രദ്ധിച്ചു. കൂട്ടത്തിലൊരു സ്ത്രീയെത്തി ഉമ്മാമയെ താങ്ങിപ്പിടിച്ച് അവരുടെ കൂട്ടത്തിലേക്കു കൊണ്ടുവന്നപ്പോഴേക്കും ഉമ്മാമ ബോധരഹിതയായി അവിടെ തളർന്നുകിടന്നു. കൂട്ടത്തിലെ ഒരു സ്ത്രീ ഉമ്മാമയുടെ നെഞ്ചത്തടിക്കുകയും തിരുമ്മുകയും ഉമ്മാമയുടെ വായിൽ ഊതിയൂതി കുലുക്കുകയും ചെയ്തുകൊണ്ടിരുന്നു.

ഏതാനും നിമിഷങ്ങൾക്കു ശേഷം ഉമ്മാമ കണ്ണുതുറന്നു.

**കല്ലേറിനുശേഷം ഉമ്മാമ ശരിക്കും തളർന്നുകഴിഞ്ഞിരുന്നു. പാലത്തിന്റെ ചുവട്ടിൽ വട്ടം കൂടിയിരുന്ന ഒരു സദസ്സ് ഉമ്മാമയുടെ വെപ്രാളം ശ്രദ്ധിച്ചു. കൂട്ടത്തിലൊരു സ്ത്രീയെത്തി ഉമ്മാമയെ താങ്ങിപ്പിടിച്ച് അവരുടെ കൂട്ടത്തിലേക്കു കൊണ്ടുവന്നപ്പോഴേക്കും ഉമ്മാമ ബോധരഹിതയായി അവിടെ തളർന്നുകിടന്നു.**

അന്തംവിട്ടു നിൽക്കുകയായിരുന്ന ഞാൻ എന്തു വേണ്ടു എന്ന പരിഭ്രാന്തിയിലായിരുന്നു. മൊറോക്കോ എന്ന ദിക്കിൽ നിന്ന് ഹജ്ജിനെത്തിയ സംഘമായിരുന്നു അത്.

ഉമ്മാമയെ നിരന്തരം പരിചരിച്ച സ്ത്രീ മൊറോക്കോക്കാരിയായ ഡോക്ടറാണ്. അവർ കാര്യം വിശദീകരിച്ചു. താത്കാലിക ആശ്വാസത്തിന് ഗുളിക നൽകി.

പതുക്കെ എഴുന്നേറ്റ് നടക്കുന്നതിനിടയിൽ ഞങ്ങളുടെ ടെന്റിൽ എത്തും മുമ്പായി വീണ്ടും ഉമ്മാമയ്ക്ക് കിടക്കണമെന്ന തോന്നൽ. തോന്നലും കിടത്തവും ഒപ്പം. ഞാനും ഉമ്മാമയും മലയാളത്തിൽ സംസാരിക്കുന്നത് കേട്ടപ്പോൾ തീർഥാടക സംഘത്തിലൊരാൾ ചോദിക്കുന്നു ''ഖാദർക്കയല്ലേ? കഥയെഴുതുന്ന...'' ഞാൻ അതെയെന്ന് തലകുലുക്കി. ''ഞങ്ങൾ കൊടുവള്ളിയിൽ നിന്ന് എത്തിയവരാ.''

അത്രയും മൊഴിഞ്ഞ് അവർ ടെന്റിനകത്ത് കയറി. ഉമ്മാമയ്ക്ക് കുടിക്കാൻ പാകത്തിൽ ഒരു പിഞ്ഞാണത്തിൽ കഞ്ഞി പകർന്നുനൽകി. ആ ചൂടുകഞ്ഞി ഉമ്മാമ മോന്തിമോന്തി കുടിച്ചു. ശ്വാസം നേരെ വീണപോലെ ഉമ്മാമ ഉന്മേഷവതിയായി. തക്കസമയത്ത് രുചികരമായ കഞ്ഞിയുണ്ടാക്കി ഉമ്മാമയെ സത്കരിച്ച ആ കൊടുവള്ളിക്കാർ സുഹൃത്തുക്കൾ വിസ്മയപ്രകാശങ്ങളായി മനസ്സിൽ നിറഞ്ഞു. ഹൃദയത്തിലേക്ക് മാനുഷികതയുടെ ജീവവായു ഊതിയൂതിക്കയറ്റിയ മൊറോക്കോവിലെ തീർഥാടകയായ ഡോക്ടർ, ഹജ്ജ്‌വസ്ത്രം സമ്മാനിച്ച ആൾക്കൂട്ടത്തിലലിഞ്ഞ പട്ടാമ്പിക്കാരൻ...

ഹജ്ജ് കർമപൂർത്തീകരണത്തിനിടയിൽ ലഭിച്ച അനുഗ്രഹത്തിന്റെ അപാരമായ ആലിംഗനങ്ങൾ.

മക്കയിൽ തിരിച്ചെത്തി വീണ്ടും കഅബാലയത്തിൽ യാത്രപറയലിന്റെ പ്രദക്ഷിണം അവസാനിക്കുന്നതോടെ ഹജ്ജ് അനുഷ്ഠാന പ്രാർഥനകൾ സമാപിക്കുന്നു.


ലോകത്തിന്റെ വിവിധ കോണുകളിൽ നിന്നെത്തുന്ന മനുഷ്യപ്രവാഹത്തിന്റെ ഭക്തിസമ്പൂർണമായ ഒന്നിക്കലാണ് ഹജ്ജിന്റെ പരിപൂർത്തി... അത് ജീവിതത്തിലൊരിക്കൽ നിർവഹിക്കാനായാൽ ആ കർമവിശുദ്ധിയിൽ മനസ്സ് കഴുകി വൃത്തിയാക്കിയ നിർവൃതി ലഭിക്കുന്നു. ഉപ്പാപ്പയും ഉമ്മാമയും പൂർത്തിയാക്കിയ പവിത്രനാളുകളെക്കുറിച്ചാണ് ഈ കത്തിൽ എഴുതിയത്. ഞങ്ങൾ രണ്ടുപേരുടെയും മാത്രം ലോകയാത്രാവിസ്മയങ്ങൾ...

എന്റെ പേരമക്കൾക്ക് സുഖം തന്നെയല്ലേ? ഇതുപോലെ മനസ്സിനെ വെടിപ്പാക്കുന്ന ചില യാത്രകളുണ്ട്. അവയെക്കുറിച്ചും വിസ്തരിച്ചെഴുതാം. സന്തോഷമുണ്ടാകട്ടെ പ്രിയരിൽ.

ഉപ്പാപ്പയും ഉമ്മാമയും പ്രിയത്തിൽ സലാം.

# തായ്മൊഴി

പി പി രാമചന്ദ്രൻ



വര:രാജീവ് എൻ ടി

'പന്തുകളിപ്രാന്തരാകുമെന്റെ
പന്ത്രണ്ടു മക്കളെക്കണ്ടോ?'
തായ്നാടു നെഞ്ചത്തടിച്ചു
മാലോകരോടു ചോദിച്ചു.

'പാവങ്ങളാണു, 'കാൽപ്പന്തേ
ലോക'മെന്നെണ്ണുവോരാണേ,
പാഠങ്ങളേറെപ്പഠിക്കാൻ
പാകതയില്ലാത്തോരാണേ!

ആരും തിരിച്ചുവന്നില്ല
നേരമവർക്കു നന്നല്ല.
കോരിച്ചൊരിയും മഴയും
ചീറിയടിക്കുന്ന കാറ്റും.
കൂരിരുട്ടെങ്ങും പരക്കും
ദൂരവും ദിക്കും മറക്കും.

ചേറും ചെളിയും നിറഞ്ഞ്
നീരൊഴുക്കേറി വന്നെങ്കിൽ
കേറിയിരിക്കുമോ കുന്നിൽ
പാറയിടുക്കിൽ, ഗുഹയിൽ?
മേലേ വിശാലമാകാശം,
താഴേ നിരന്ന മൈതാനം
വേറൊന്നറിയാത്ത ബാല്യം
വാഴുന്നതെങ്ങനെയുള്ളിൽ?

ആരുണ്ടവർക്കു തുണയായ്
നീളുമിരുട്ടിൽ, തണുപ്പിൽ?
ഏതുണ്ടവർക്കു കഴിക്കാൻ
പ്രാണനെടുക്കും വിശപ്പിൽ?'

കാൽപ്പന്തു കപ്പിന്നു വേണ്ടി
കോപ്പിട്ടു നിൽക്കുന്ന ലോകം
തായ്മൊഴി കേട്ടോടിയെത്തി,
താഴ്മയോടേ കൈകൾ നീട്ടി:

'മൃത്യുവുമൊത്താണു മർത്യ
മത്സരമെങ്കിലീഞങ്ങൾ
എത്തിടും ജീവരക്ഷയ്ക്കായ്
തത്സമയത്തും സ്ഥലത്തും!'

# പൊടിയരിക്കഞ്ഞി

എം ആർ രേണുകുമാർ

## ഒന്ന്


വെള്ളിയാഴ്ച ദിവസങ്ങളിലെ അവസാന പീരിയഡ് നല്ല രസമാണ്. അന്ന് കുട്ടികൾക്ക് തങ്ങളുടെ കലാവാസനകൾ പ്രകടിപ്പിക്കാനുള്ള അവസരമാണ്. ഞാനാണതിന്റെ സെക്രട്ടറി. കൂട്ടുകാർ അവതരിപ്പിക്കാൻ പോകുന്ന പരിപാടികളൊക്കെ ഒരു ബുക്കിലെഴുതി മത്തായിസാറിനെ കാണിച്ച് സമ്മതം വാങ്ങിയിട്ടുവേണം അതു തുടങ്ങാൻ. രാജന്റെ ലളിതഗാനം, ഷാജിയുടെ കഥ, ബിജുവിന്റെ മിമിക്രി, രങ്കന്റെ കവിത.... അങ്ങനെ പരിപാടികൾ നീളും. ഓരോരുത്തരുടെയും അവതരണത്തിനുശേഷം മത്തായിസാർ അതേപ്പറ്റി എന്തേലും അഭിപ്രായങ്ങൾ പറയും. കൊള്ളാമെന്നോ, തരക്കേടില്ലെന്നോ, നന്നാവാനുണ്ടെന്നോ, പോരാന്നോ ഒക്കെ... അതു കേൾക്കാനായി ഞങ്ങൾ കാതു കൂർപ്പിച്ചിരിക്കും.

മറ്റൊരു നേരത്തുമില്ലാത്ത പ്രാധാന്യമാവും അന്നെനിക്ക് ക്ലാസിലുണ്ടാവുക. കസേരയിൽ ഇരിക്കുന്ന സാറിന്റെ അടുത്തുനിന്നാണ് ഞാനോരോരുത്തരുടെയും പേരുകൾ വിളിക്കുക. പലപ്പോഴും ഇഴഞ്ഞുവലിഞ്ഞ് നീങ്ങുന്ന പീരിയഡുകൾ പോലെയല്ല. ഇ സി എ പീരിയഡ്. അത് പൊടുന്നനെ തീരും. അത്രയ്ക്ക് ഓളമാണ്. ഈ പീരിയഡിൽ കുട്ടികൾക്ക് ചിരിക്കാം, കൈയടിക്കാം, വർത്തമാനം പറയാം, സ്ഥലം മാറിയിരിക്കാം. അങ്ങനെ പലതരം സ്വാതന്ത്ര്യമുണ്ടായിരുന്നു. ഒച്ചയും ബഹളവും അതിരുവിട്ടാൽ മാത്രം മത്തായിസാർ ഡസ്കിൽ ചൂരൽകൊണ്ട് ചെറുതായി താളമിടും.

പക്ഷേ ഇന്നെന്താണെന്നറിയില്ല. മറ്റു പീരിയഡുകളെയും പോലെ ഇതുമൊന്നു തീർന്നുകിട്ടാൻ മനസ്സ് ആഗ്രഹിക്കുന്നു. എനിക്ക് പലതിലും ശ്രദ്ധ ചെലുത്താനും കഴിയുന്നില്ല. പ്രോഗ്രാമെഴുതിയ ബുക്കുമായി ഞാൻ ചിലപ്പോഴെങ്കിലും സ്വയം നഷ്ടപ്പെട്ട് നിന്നു പോകുന്നുണ്ട്. ആകപ്പാടെ ഒരു വല്ലായ്മ.

എന്താണ് എന്നങ്ങോട്ട് കൃത്യമായി പിടികിട്ടുന്നുമില്ല. മുൻബെഞ്ചിലെ സൈഡ് സീറ്റിൽ ഞാൻ തുറന്ന ബുക്കിലേക്ക് നോക്കിയിരിക്കുകയാണ്. രാജൻ പതിവുപോലെ മധുരമായി പാടുന്നു. കുട്ടികളെല്ലാവരും അതിൽ മുഴുകിയിരിക്കുകയാണ്. എനിക്കുമാത്രം അതിൽ ശ്രദ്ധിക്കാനാവുന്നില്ല. എങ്ങനേലും ഈ പീരിയഡ് ഒന്നു കഴിഞ്ഞുകിട്ടിയാൽ വീട്ടിൽ പോകാമായിരുന്നു എന്നൊരു ചിന്ത മാത്രമാണ് മനസ്സിൽ. ഇതിനിടെ രാജൻ പാടിത്തീർന്നതൊന്നും ഞാൻ അറിഞ്ഞില്ല.

“അടുത്തയാളെ വിളിക്കെടാ വേണൂ, നീയെന്നാ ഓർത്തിരിക്കുവാ.'' മത്തായിസാർ ഡസ്കിൽ മെല്ലെ തട്ടിക്കൊണ്ട് എന്നോടു പറഞ്ഞു. ഞാൻ




വര: സജി വി

ചാടിയെഴുന്നേറ്റ് ബുക്കിൽ നോക്കി വായിച്ചു. ''അടുത്തതായി കഥപറച്ചിലാണ്. കഥ അവതരിപ്പിക്കാൻ ഷാജിയെ ക്ഷണിക്കുന്നു.'' പുതിയ ഉടുപ്പിട്ട ഷാജി പോക്കറ്റിൽ നിന്ന് കഥയെഴുതിയ പേപ്പർ എടുത്ത് നിവർത്തിക്കൊണ്ട് സാറിന്റെ അടുത്തേക്ക് നടന്നു. എന്റെ മുഖഭാവം കണ്ടിട്ടാവാം മത്തായിസാർ ശബ്ദമുണ്ടാക്കാതെ ആംഗ്യത്തിലൂടെ എന്നോട് എന്താന്ന് തിരക്കി. ഞാൻ ചുമലുചുരുക്കി ഒന്നൂല്ലാന്ന് മറുപടി പറഞ്ഞു. മത്തായിസാർ ഷാജിയുടെ കഥയിലേക്ക് തിരിഞ്ഞു. എന്റെ മനസ്സ് മെല്ലെ ക്ലാസിൽ നിന്നും ഊർന്നിറങ്ങി. ദിക്കും പൊക്കും നോക്കി വീട്ടിലേക്കുള്ള വഴിയെ നടക്കാൻ തുടങ്ങി. നടത്തം മെല്ലെ ഒരോട്ടമായി മാറി. മനസ്സുകൊണ്ടുള്ള ആ യാത്രയെ ഇടയ്ക്കിടെ തടസ്സപ്പെടുത്തിക്കൊണ്ട് മത്തായിസാറിന്റെ ചൂരൽ ഡസ്കിൽ വീഴുകയും കൂട്ടുകാർ ഓരോരുത്തരായി പരിപാടികൾ അവതരിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. പൊടുന്നനെയാണ് കൂട്ടമണി മുഴങ്ങിയത്. പുസ്തകക്കെട്ടുമെടുത്ത് എല്ലാവരുടെയും മുമ്പേ ഞാൻ വീട്ടിലേക്കു കുതിച്ചു.

''ഇന്നെന്താ ഇത്ര ധൃതി നിനക്ക്?'' ഒപ്പം ഒന്നുരണ്ട് ചുവട് ഓടിക്കൊണ്ട് സാബു ചോദിച്ചു. മുഖം തിരിച്ചു അവനെയൊന്ന് നോക്കിയതല്ലാതെ ഞാനൊന്നും മിണ്ടിയില്ല. പല വെള്ളിയാഴ്ചകളും ഇങ്ങനെയായിരുന്നില്ല. ശനിയും ഞായറും അവധിയാകയാൽ സ്കൂൾമുറ്റത്തെ വാകമരത്തിന്റെ ചോട്ടിലെ പടികളിൽ ഞങ്ങൾ ഏറ്റവും അടുപ്പമുള്ള കൂട്ടുകാർ വട്ടംകൂടി നിൽക്കുമായിരുന്നു. എല്ലാവർക്കും പിരിയാൻ ഇത്തിരി വിഷമമാകും. അതുകൊണ്ടാണ് ഓരോന്ന് പറഞ്ഞ് അങ്ങനെ നിൽക്കുക. ''പോ... പോ... സ്കൂളുവിട്ടില്ലേ വീട്ടിപ്പോ...'' എന്ന് ഏതേലും സാറ് പറയുന്നതുവരെ ഞങ്ങളങ്ങനെ ചുറ്റിപ്പറ്റി നിൽക്കും. ആ ഞാനാ ഇപ്പോ ഇങ്ങനെ വീട്ടിലേക്ക് മുറുകി നടക്കുകയും ഓടുകയും ചെയ്യുന്നത്. വീട്ടിലേക്കുള്ള ദൂരം കൂടുന്നതായി എനിക്കുതോന്നി. കാല് ചെറുതായി കല്ലിൽ തട്ടിയെങ്കിലും ഞാനത് കൂട്ടാക്കിയില്ല. ടാറിട്ട വഴികൾ ചെമ്മൺനിരത്തിനും ഊടുവഴികൾക്കും കെട്ടുവരമ്പിനും വഴിമാറിക്കൊണ്ടിരുന്നു.



## രണ്ട്

കടത്തുവള്ളം ഓളത്തിൽ ചെറുതായി ഇളകിക്കൊണ്ടിരുന്നു. തോടിനോടു ചേർത്ത് താഴ്ത്തിയ തെങ്ങിൻ കുറ്റിയിൽ അത് തട്ടിയും മുട്ടിയും ചേർന്നുകിടന്നു. കരയിലും വള്ളത്തിലുമായി നീളൻ കഴുക്കോൽ വിലങ്ങനെ കിടപ്പുണ്ട്. കടത്തിറങ്ങാൻ എത്തുന്നവരെ കാത്ത് ചെല്ലനമ്മാൻ വള്ളത്തിന്റെ കോതിൽ കിടന്ന് ഉറങ്ങിപ്പോയിരുന്നു. ഓടിച്ചെന്നപാടെ ഞാൻ വള്ളത്തിലേക്കു ചാടിക്കയറി. വള്ളം നന്നായൊന്നിളകി. ചെല്ലനമ്മാൻ ചെറിയൊരു ഞെട്ടലുമായി ചാടിയെണീറ്റു.

''എന്നതാടാ... ചെറുക്കാ'' ഞാനാണെന്ന് കണ്ടതോടെ ചെല്ലനമ്മാൻ തികട്ടിവന്ന തെറിവാക്ക് വിഴുങ്ങി.

''ചെല്ലനമ്മാ വേഗം അക്കരയ്ക്ക് വിട്.'' ഞാൻ പടിയിലിരുന്ന കഴുക്കോൽ ചെല്ലനമ്മാന്റെ അടുത്തേക്ക് ഉന്തിക്കൊടുത്തുകൊണ്ട് പറഞ്ഞു.

''നീയെന്താ ഇത്രനേരത്തെ. അതും ഒറ്റയ്ക്ക്. കൂട്ടുകാരൊക്കെ എന്തിയേ?'' ചെല്ലനമ്മാൻ വള്ളമൂന്നിക്കൊണ്ട് ചോദിച്ചു.

''പുറകെയുണ്ട്. ഞാനോടിപോന്നതാ.''

''അതെന്താ?''

''എന്തോ എനിക്കങ്ങനെ തോന്നി.'' വള്ളം പുഴയുടെ നടുക്കെത്തി. ആലപ്പുഴേന്ന് കോട്ടയത്തേക്ക് വരുന്ന ഒരു ബോട്ടിനെ പടിഞ്ഞാറ് കാണാം.

''ചെല്ലനമ്മാ വേഗമൂന്നിക്കോ ബോട്ടുവരുന്നുണ്ട്.''

**പുതിയ ഉടുപ്പിട്ട ഷാജി പോക്കറ്റിൽ നിന്ന് കഥയെഴുതിയ പേപ്പർ എടുത്ത് നിവർത്തിക്കൊണ്ട് സാറിന്റെ അടുത്തേക്ക് നടന്നു. എന്റെ മുഖഭാവം കണ്ടിട്ടാവാം മത്തായിസാർ ശബ്ദമുണ്ടാക്കാതെ ആംഗ്യത്തിലൂടെ എന്നോട് എന്താന്ന് തിരക്കി. ഞാൻ ചുമലുചുരുക്കി ഒന്നൂല്ലാന്ന് മറുപടി പറഞ്ഞു. മത്തായിസാർ ഷാജിയുടെ കഥപറച്ചിലിലേക്ക് തിരിഞ്ഞു. എന്റെ മനസ്സ് മെല്ലെ ക്ലാസിൽ നിന്നും ഊർന്നിറങ്ങി.**

ഞാൻ പറഞ്ഞു.

''പിന്നേ... ബോട്ടങ്ങ് വെട്ടിക്കാട്ടുമുക്കിൽ കെടക്കുന്നതേയുള്ളൂ. ഒന്നു പോടാ ചെക്കാ.'' എന്നു പറഞ്ഞെങ്കിലും ചെല്ലനമ്മാൻ വള്ളം വേഗമൂന്നി കരയിലേക്ക് കുത്തിയടുപ്പിച്ചു. പിന്നെ ഇറങ്ങാൻ ധൃതി വയ്ക്കുന്ന എന്നോടു പറഞ്ഞു.

''നോക്കിയിറങ്ങ്... ഇന്നാളത്തെപ്പോലെ മറിഞ്ഞുകളിച്ച് തോട്ടിൽ വീഴരുത്.'' ഞാൻ പൊളിഞ്ഞുകിടക്കുന്ന ബണ്ടിലെ ഇളകാത്ത ഒരു കല്ലിലേക്ക് സൂക്ഷിച്ചു കാലുവെച്ചിറങ്ങി. ചെല്ലനമ്മാൻ എന്റെ പുസ്തകക്കെട്ട് എടുത്ത് കൈയിലേക്ക് തന്നു. ചെല്ലനമ്മാൻ അമ്മേടെ വകേലൊരു ആങ്ങളയാ. അതാണ് എന്നോടിത്ര സ്നേഹം. മറന്നതെന്തോ ഓർത്തെടുക്കുമ്പോലെ ചെല്ലനമ്മാൻ പറഞ്ഞു.

''എടാ... ഒരു കാര്യം പറയാൻ വിട്ടുപോയി. നിന്റച്ചനെ സുഖമില്ലാതെ ആശൂത്രിയിലോട്ട് കൊണ്ടുപോയേക്കുവാ, വീട്ടിലാരൂല്ല.''

പൊടുന്നനെ മുഖം മങ്ങിയ ഞാൻ പാടത്തിന്റെ നടുവിലെ തുരുത്തിലിരിക്കുന്ന വീട്ടിലേക്ക് കെട്ടുവരമ്പിലൂടെ ഓടാൻ തുടങ്ങിയപ്പോൾ ചെല്ലനമ്മാൻ വീണ്ടും പറഞ്ഞു.

''എടാ പത്തായത്തിന്റെ പുറത്ത് തിന്നാനെന്തോ എടുത്തുവച്ചിട്ടുണ്ട്. അതുകഴിച്ചോണ്ട് വീട്ടിത്തന്നെ ഇരിക്കണോന്ന് പറഞ്ഞിട്ടാ നിന്റെ അമ്മ പോയത്.''

മറുപടി പറയാൻ നിൽക്കാതെ കെട്ടുവരമ്പിലൂടെ ഞാൻ വീട്ടിലേക്കു കുതിച്ചു. എന്തിനാണിങ്ങനെ വീട്ടിലേക്ക് ഓടുന്നതെന്ന് എനിക്കു മനസ്സിലായില്ല. വീട്ടിലാണെങ്കിൽ അച്ഛനും അമ്മയുമില്ല. അവർ ആശുപത്രിയിൽ പോയേക്കുവാണ്. ചെറിയ മടകൾ ചാടിക്കടന്നും വീതികൂടിയവ നീന്തിയും ഞാൻ നടുച്ചിറയുടെ അടുത്തെത്തി. എന്നെക്കാത്തെന്നപോലെ ചിറയുടെ ഇറമ്പിൽ വരമ്പിലേക്കുള്ള വഴിയിൽ വീരൻ നിൽപ്പുണ്ട്. അവൻ മുരളുകയും ചെവികുടയുകയും വാലിട്ടിളക്കുകയും ചെയ്യുന്നുണ്ട്. അവന്റെ അടുത്തെത്താറായപ്പോൾ ഞാൻ ഓട്ടത്തിന്റെ വേഗത കുറച്ചു. അവൻ കൈകൾ രണ്ടുമുയർത്തി എന്റെ ദേഹത്തേക്കു ചാഞ്ഞു. ഞാൻ മുട്ടുകാലിൽ ഇരുന്നു. അവൻ സ്നേഹത്തോടെ മുരണ്ടപ്പോൾ എന്റെ കണ്ണുകൾ ഈറനായി. അവൻ പറഞ്ഞതൊക്കെ എനിക്കു മനസ്സിലായി. ആളനക്കമില്ലാത്ത വീട്ടിലേക്ക് നോക്കിയപ്പോൾ എനിക്കു വല്ലാതെ വിഷമം തോന്നി. വീടിന്റെ പിന്നിൽ അമ്മ മുറ്റമടിക്കുന്നുണ്ടെന്ന് തോന്നി. കടത്തിറങ്ങി തലയിൽ പലചരക്കും പച്ചക്കറിയുമായി അച്ചൻ വരുന്നുണ്ടോന്ന് വെറുതെ നോക്കി. അൽപ്പം മുമ്പുകണ്ട ബോട്ട് ചെറിയ ഇരമ്പത്തോടെ കോട്ടയത്തിനു പോകുന്നു. തോട്ടിനക്കരെയുള്ള കെട്ടുവരമ്പിലൂടെ സ്കൂൾ കുട്ടികൾ നിരനിരയായി കടവിലേക്ക് നടന്നടുക്കുന്നുണ്ട്.

പലകമറ വാതിൽ തള്ളിത്തുറന്ന് ഞാൻ അകത്തേക്കു കയറി. പുസ്തകക്കെട്ട് പത്തായത്തിന്റെ പുറത്തേക്ക് തള്ളിവച്ചു. കല്ലിൽ തല്ലിയ കാല് ചെറുതായി നീറുന്നുണ്ട്. കാലിലൊരു നേർത്ത ഉരുമ്മൽ; സുന്ദരിപ്പൂച്ചയാണ്. ഞാൻ നോക്കിയതും അതെന്നെ നോക്കി. അരുമയോടെ കരഞ്ഞു. വീടിന്റെ വാതിൽക്കൽ എന്റെ ചലനങ്ങൾ ശ്രദ്ധിച്ചുകിടക്കുന്ന വീരനും അതു കേട്ട് ഒന്നുമുരണ്ടു. പത്തായത്തിനു പുറത്ത് മൂടിവച്ചിരുന്ന പാത്രം ഞാൻ തുറന്നുനോക്കി. പിഞ്ഞാണത്തിൽ കുറച്ച് അവല് തേങ്ങാചെരണ്ടിയിട്ടു നനച്ചുവച്ചിട്ടുണ്ട്. എന്തോ എനിക്കത് കഴിക്കാൻ തോന്നിയില്ല. സ്റ്റീൽ കപ്പിൽ ചക്കരക്കാപ്പിയുണ്ട്. അതു തണുത്തുപോയിരിക്കുന്നു. അപ്പോൾ വീടിന്റെ പുറത്ത് മുറ്റത്ത് വീരന്റെ സ്നേഹത്തോടെയുള്ള മുരളൽ കേട്ടു. പരിചയമുള്ള ആരെങ്കിലും വരുമ്പോഴാണങ്ങനെ അവൻ ശബ്ദമുണ്ടാക്കുന്നത്. പുറകെ വന്നു വിളി.

''എടാ പൊന്നാ'' വിളി കേട്ടപ്പോഴേ എനിക്കാളെ മനസ്സിലായി. അത് ഓാലോടത്തിലെ സുകുച്ചേട്ടനാ. വീട്ടിലും നാട്ടിലുമൊക്കെ എന്നെയെല്ലാരും പൊന്നാന്നാ വിളിക്കുന്നെ. ഞാൻ വാതിൽക്കലേക്ക് ഓടിച്ചെന്നു ചോദിച്ചു.

''എന്നാ സുകുച്ചേട്ടാ?''

''ഒന്നൂല്ലടാ. നിന്റെ അച്ചനെ ആശുപത്രിയിൽ കിടത്തി. ഇത്തിരിപനിയുണ്ട്. അതാ കിടത്തിയെ. പേടിക്കാനൊന്നൂല്ല. നീ വേഗമൊരുങ്ങി അങ്ങോട്ടു ചെല്ലാൻ അമ്മാമ്മ പറഞ്ഞു.''

**ചെറിയ മടകൾ ചാടിക്കടന്നും വീതികൂടിയവ നീന്തിയും ഞാൻ നടുച്ചിറയുടെ അടുത്തെത്തി. എന്നെക്കാത്തെന്ന പോലെ ചിറയുടെ ഇറമ്പിൽ വരമ്പിലേക്കുള്ള വഴിയിൽ വീരൻ നിൽപ്പുണ്ട്. അവൻ മുരളുകയും ചെവികുടയുകയും വാലിട്ടിളക്കുകയും ചെയ്യുന്നുണ്ട്. അവന്റെ അടുത്തെത്താറായപ്പോൾ ഞാൻ ഓട്ടത്തിന്റെ വേഗത കുറച്ചു. അവൻ കൈകൾ രണ്ടുമുയർത്തി എന്റെ ദേഹത്തേക്കു ചാഞ്ഞു.**

സുകുച്ചേട്ടൻ പറഞ്ഞു നിർത്തിയിട്ട് വീണ്ടും പറഞ്ഞു.

''പഠിക്കാനോ വായിക്കാനോ മറ്റോ ഒണ്ടെങ്കി അതുമെടുത്തോളാൻ പറഞ്ഞു.''

''ശരി സുകുച്ചേട്ടാ.''

''എന്നാ നേരം കളയാതെ വിട്ടോ.'' കെട്ടുവരമ്പിലേക്ക് അപ്പോ വീണ ഒരോലമടൽ വലിച്ച് ചിറയിലേക്ക് കേറ്റിയിട്ടിട്ട് സുകുച്ചേട്ടൻ വരമ്പിലേക്കിറങ്ങി നടന്നു. വേഗം ആശുപത്രിയിൽ പോകണമെന്ന് മനസ്സിലുറപ്പിച്ചെങ്കിലും ഒരുപിടി അവലുവാരി വായിലിട്ടോണ്ട് കാപ്പിക്കപ്പുമെടുത്ത് ഞാൻ വീടിന്റെ പുറകിലേക്കു നടന്നു.



## മൂന്ന്

അമ്മയുടെ അടുക്കളത്തോട്ടം പച്ചപിടിച്ചുകിടക്കുന്നു. അച്ചിങ്ങയും പാവലും പടവലവും തക്കാളിയും ഒക്കെയുണ്ട്. അതുങ്ങൾക്ക് പന്തലിടാനും വെള്ളമൊഴിക്കാനും മറ്റും അച്ചനും കൂടിക്കൊടുക്കാറുണ്ട്. പാവലിന് കടലാസുകൂട് കുത്താനും കുഞ്ഞൻ പടവലങ്ങയുടെ വാലിൽ കല്ലുകെട്ടിത്തൂക്കാനുമൊക്കെ ഞാനും കൂടാറുണ്ട്. അച്ചനും അമ്മേം പാവൽപ്പന്തലിനു താഴെ നിന്ന് ഒന്നുംരണ്ടും പറഞ്ഞു പിണങ്ങുന്നത് വെറുതെ സങ്കൽപ്പിച്ചുനോക്കി. അമ്മ എപ്പോഴും എന്തേലും കുസൃതിയൊപ്പിച്ച് അച്ചനെ കളിയാക്കും. അച്ചനത് തീരെ ഇഷ്ടമാവില്ല. അച്ചനപ്പോ അമ്മയോട് ദേഷ്യം കയറും. അച്ചനെ ചൂടുപിടിപ്പിക്കാൻ അമ്മ അപ്പോൾ പിന്നേം എന്തേലും പറയും. അതോടെ അച്ചന് കലികയറും. ദാണ്ടെ കിടക്കുന്നു എന്നു പറഞ്ഞ് അപ്പോഴച്ചൻ കലിച്ചു തുള്ളി ചെയ്യുന്ന പണിയുമിട്ട് വീട്ടിനകത്തേക്ക് കേറിപ്പോകും. തമാശയാണോ കാര്യമാണോ എന്നറിയാതെ അന്തംവിട്ടു നിൽക്കുന്ന എന്നെ നോക്കി അപ്പോഴമ്മ പറയും.

''നിന്റച്ചനുണ്ടല്ലോ... ഒരു മൊശടനാ... തമാശയൊന്നും പറഞ്ഞാൽ പുള്ളിക്കാരന് പിടിക്കില്ല.''

''ദേ എന്റച്ചനെ പറഞ്ഞാലുണ്ടല്ലോ...'' എന്നു പറഞ്ഞു ഞാനപ്പോൾ അമ്മയുടെ നേരെ വിരൽചൂണ്ടും. എത്രശ്രമിച്ചാലും മുഖത്തെ കൃത്രിമദേഷ്യംഅമ്മയുടെ കുസൃതിനോട്ടത്തിനു മുന്നിൽ മുട്ടുമടക്കിപ്പോകും...

''പറഞ്ഞാലെന്തു ചെയ്യുവെടാ മാക്രി'' എന്നു പറഞ്ഞ് അമ്മയെന്നെ പിടിക്കാനായുമ്പോൾ 'അച്ചാ... അച്ചാ...' ന്നു വിളിച്ച് ഞാൻ വീട്ടിനുള്ളിലേക്കു പായും. അമ്മ പിറകെ ഒന്നുരണ്ടു ചുവടുവെച്ചിട്ട് അടുക്കളയിലേക്കോ പശുത്തൊഴുത്തിലേക്കോ മറ്റോ പോകും.

ദൈവമേ ഓരോന്നോർത്തു നിന്നാൽ ശരിയാകില്ലല്ലോ. ആശുപത്രിയിൽ പോകണ്ടേ. ഞാൻ തന്നത്താൻ പറഞ്ഞു. എന്നാൽ നേരം കളയാതെ പൊക്കളയാം എന്നുവിചാരിച്ച് പുറകുവശത്തെ വാതിലിൽ കൂടി വീട്ടിനുള്ളിലേക്കു കയറുമ്പോഴാണ് എന്റെ മനസ്സിലൊരു ആശയം പൊട്ടിവിരിഞ്ഞത്. നടക്കുമോ എന്തോ? ഒപ്പമൊരു സംശയവും കൂട്ടത്തിൽ കൂടി. എന്തായാലും ഒന്നു ശ്രമിച്ചുനോക്കാം. ഒക്കുന്നെങ്കിൽ ഒക്കട്ടെ. എന്നെ ഞാൻ സ്വയം ധൈര്യപ്പെടുത്തി. ഞാൻ പടർന്നുകിടക്കുന്ന അച്ചിങ്ങപ്പയറിന്റെ വള്ളികളിലേക്കു നോക്കി. അത്യാവശ്യം അച്ചിങ്ങ പറിക്കാനുണ്ട്. ഓടിയകത്ത് ചെന്ന് അരിക്കലത്തിന്റെ മൂടി തുറന്നുനോക്കി. കഷ്ടം ഒരുപിടി അരികാണും കഷ്ടിച്ച്. അതുകൊണ്ട് എന്താകാനാണ്. ഞാൻ അടുത്തിരുന്ന മറ്റൊരു പാത്രം തുറന്നു നോക്കി. ഹോ... ആശ്വാസം... പൊടിയരി കുറച്ചിരിപ്പുണ്ട്. പിന്നെയൊട്ടും താമസിച്ചില്ല. തീരുമാനമുറപ്പിച്ചു. രണ്ടുനാഴി പൊടിയരിയെടുത്ത് ചരുവത്തിലിട്ട് കുറച്ചു വെള്ളമൊഴിച്ചുവച്ചു. ഒന്നു കുതിരട്ടെയെന്നു മനസ്സിൽ പറഞ്ഞു. അമ്മയങ്ങനെ ചെയ്യുന്നത് ഞാൻ കണ്ടിട്ടുണ്ട്. ഓർമയിൽ അടുക്കളയിലെ അമ്മയുടെ ചലനങ്ങൾ മനസ്സിൽ തെളിച്ചെടുത്തു. മൺകലത്തിൽ കുറച്ചു വെള്ളമെടുത്ത് പാതകത്തിൽ വച്ചു. അപ്പോഴാണ് തീപിടിപ്പിക്കുന്ന കാര്യം ഓർമവന്നത്.

**ദൈവമേ ഓരോന്നോർത്തു നിന്നാൽ ശരിയാകില്ലല്ലോ. ആശുപത്രിയിൽ പോകണ്ടേ. ഞാൻ തന്നത്താൻ പറഞ്ഞു. എന്നാൽ നേരം കളയാതെ പൊക്കളയാം എന്നുവിചാരിച്ച് പുറകുവശത്തെ വാതിലിൽ കൂടി വീട്ടിനുള്ളിലേക്കു കയറുമ്പോഴാണ് എന്റെ മനസ്സിലൊരു ആശയം പൊട്ടിവിരിഞ്ഞത്. നടക്കുമോ എന്തോ? ഒപ്പമൊരു സംശയവും കൂട്ടത്തിൽ കൂടി. എന്തായാലും ഒന്നു ശ്രമിച്ചുനോക്കാം. ഒക്കുന്നെങ്കിൽ ഒക്കട്ടെ. എന്നെ ഞാൻ സ്വയം ധൈര്യപ്പെടുത്തി.**

ദൈവമേ തീപ്പെട്ടി എവിടാണോ വെച്ചിരിക്കുന്നത്. അടുക്കളയിൽ പലേടത്തും തീപ്പെട്ടി തിരഞ്ഞെങ്കിലും കിട്ടിയില്ല. അപ്പോഴാണ് അച്ഛന്റെ ഉടുപ്പിന്റെ പോക്കറ്റിൽ അതുണ്ടാവുമെന്ന് തോന്നിയത്. ഓടിച്ചെന്ന് അതിലുണ്ടോന്ന് നോക്കി. ഓ.. രക്ഷപ്പെട്ടു. പാതിയോളം കൊള്ളികളുള്ള ഒരു തീപ്പെട്ടി ഉടുപ്പിന്റെ പോക്കറ്റിലുണ്ടായിരുന്നു.

തീപ്പെട്ടി ഉരച്ചുകത്തിക്കൽ അത്രയെളുപ്പമല്ല എന്ന് ഉരച്ചുനോക്കിയപ്പോഴാണ് മനസ്സിലായത്. മൂന്നുനാലു കൊള്ളികൾ ഉരയ്ക്കേണ്ടിവന്നു അതൊന്നു കത്തിക്കിട്ടാൻ. കത്തിയപാടെ പാതകത്തിലിരുന്ന ഓട്ടുവിളക്ക് കത്തിച്ചു. എനിക്കറിയാം കെട്ടുകിടക്കുന്ന അടുപ്പിൽ തീ പൂട്ടാൻ പാടാണെന്ന്. അപ്പോൾ അമ്മ ചെയ്യുന്ന സൂത്രപ്പണി എനിക്കറിയാം. ഞാൻ അടുക്കളയുടെ മൂലയിൽ കൂട്ടിയിട്ടിരിക്കുന്ന ചിരട്ടകളിൽ രണ്ടെണ്ണം തല്ലിപ്പൊട്ടിച്ച് അടുപ്പിലിട്ടു. കുറച്ചു മണ്ണെണ്ണയും ഒഴിച്ചു. പിന്നെ ഓലച്ചൂട്ട് കത്തിച്ച് അതിലേക്കു കാട്ടി. ഭും... തീ കത്താൻ തുടങ്ങി. ഞാൻ മൂന്നാലുവിറകുകൊള്ളികൾ കൂടി പെറുക്കി അടുപ്പിലേക്കു വച്ചു. വെള്ളവും കലവും പിറകെ വച്ചു. ഓട്ടുവിളക്ക് കൈവീശി കെടുത്തി. ഇനി വെള്ളം തിളയ്ക്കുമ്പോൾ അരി കഴുകിയിടണമെന്ന് സ്വയം പറഞ്ഞുറപ്പിച്ചു. അതിനുമുമ്പ് മറ്റൊരു പണിയുണ്ട്. ഞാൻ പുറത്തേക്കു പാഞ്ഞു. എന്റെ ഓട്ടപ്പാച്ചിൽ കണ്ട് വീരനും ഒപ്പം കൂടി. സുന്ദരിപ്പൂച്ച കള്ളമയക്കത്തിനിടെ ഒന്നു തലയുയർത്തിനോക്കി കരഞ്ഞെങ്കിലും അവിടെ തന്നെ കിടന്നു. താൻ ഉറക്കത്തിലല്ല എന്ന് അറിയിക്കാൻ വേണ്ടിയാണെന്നു തോന്നുന്നു ഇടയ്ക്കിടെ കക്ഷി വാലിളക്കിക്കൊണ്ടിരുന്നു.

വേഗം ഒരുപിടി അച്ചിങ്ങ ഞാൻ പറിച്ചെടുത്തു. കൈകൊണ്ടുതന്നെ ചെറുതായി ഒടിച്ച് പാത്രത്തിലിട്ടു. ചിലവ ഒടിക്കാനുള്ള മൂപ്പ് കഴിഞ്ഞിരുന്നു. അവ പൊളിച്ച് പയറുമണികളും ഒപ്പം ചേർത്തു. ഇതിനിടെ വെള്ളം തിളയ്ക്കാൻ തുടങ്ങിയിരുന്നു. കഴുകിവാരിയ അരി കുറേശ്ശെ അതിലേക്ക് വെള്ളം തെറിക്കാതെ ഇട്ടു. കല്ലുവല്ലതും ഉണ്ടാകുമോ? അരി കഴുകിയതല്ലാതെ ഞാൻ അത് അരിച്ചില്ലല്ലോ എന്ന് അപ്പോഴാണ് ഓർത്തത്. ഓ... സാരമില്ല. ഞാനിത് വാർക്കാനൊന്നും പോകുന്നില്ലല്ലോ. പതിവില്ലാതെ എന്റെ അടുക്കളയിലെ പെരുമാറ്റം കണ്ടിട്ടാവണം സുന്ദരിപ്പൂച്ച മയക്കംവിട്ട് എഴുന്നേറ്റ് അടുക്കളപ്പടിയിൽ വന്ന് എന്റെ ചലനങ്ങൾ ശ്രദ്ധിച്ചിരിപ്പുണ്ട്. തിണ്ണയിലേക്കിറങ്ങുന്ന പടിയുടെ അടുത്ത് അലസം കിടക്കുന്ന വീരന്റെ കണ്ണും ഇടയ്ക്കിടെ എന്നിലേക്ക് എത്തുന്നുണ്ട്. അടുപ്പിനു പുറത്തേക്ക് കത്തിയിറങ്ങിയ തീക്കൊള്ളികൾ ഞാൻ അകത്തേക്ക് തള്ളിവച്ചു.

## നാല്

ഇനിയീ അച്ചിങ്ങ കൂടി കറി

**വേഗം ഒരുപിടി അച്ചിങ്ങ ഞാൻ പറിച്ചെടുത്തു. കൈ കൊണ്ടുതന്നെ ചെറുതായി ഒടിച്ച് പാത്രത്തിലിട്ടു. ചിലവ ഒടിക്കാനുള്ള മൂപ്പ് കഴിഞ്ഞിരുന്നു. അവ പൊളിച്ച് പയറുമണികളും ഒപ്പം ചേർത്തു. ഇതിനിടെ വെള്ളം തിളയ്ക്കാൻ തുടങ്ങിയിരുന്നു. കഴുകിവാരിയ അരി കുറേശ്ശെ അതിലേക്ക് വെള്ളം തെറിക്കാതെ ഇട്ടു. കല്ലുവല്ലതും ഉണ്ടാകുമോ? അരികഴുകിയതല്ലാതെ ഞാൻ അത് അരിച്ചില്ലല്ലോ എന്ന് അപ്പോഴാണ് ഓർത്തത്.**



വയ്ക്കണം. മെഴുക്കുപെരട്ടി വയ്ക്കാം. ചിലപ്പോഴൊക്കെ എന്തെങ്കിലും കാര്യം സാധി ക്കാൻ അമ്മേടെ അടുത്തുകൂടി അടുക്കളയിൽ നിൽക്കുമ്പോൾ അമ്മ കറിവയ്ക്കുന്നതൊക്കെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതു പോലൊക്കെ ഒന്നു വച്ചു നോക്കാം. ഒരു പരീക്ഷണം. എന്തായാലും കഞ്ഞി വെന്തു. ചിരട്ടത്തവികൊണ്ട് കോരി സ്റ്റീലിന്റെ തൂക്കുപാത്രത്തിലെ ടുത്തുവച്ചു. അടപ്പ് ശ്രദ്ധയോടെ അടച്ചു. ചീനച്ചട്ടി കഴുകി അടുപ്പത്തുവച്ചു. ഭാഗ്യം! വെളി ച്ചെണ്ണക്കുപ്പിയുടെ മൂട്ടിൽ ഇത്തിരി വെളിച്ചെണ്ണ ഉണ്ട്. അതങ്ങട്ട് ഒഴിച്ചു. ഇനി പൊടു പൊടാ പൊട്ടുന്ന കടുക് ഇടണം. അതുംകുറച്ചിട്ടു. ഇട്ടപാടെ പൊട്ടു തുടങ്ങി. ഹാവൂ... രണ്ടു മൂന്നെണ്ണം കൈയിലേക്കു തെറിച്ചു. പുറകെ കുറച്ച് കറി വേപ്പില ഇട്ടുകൊടുത്തു. കുറച്ച് ഉള്ളിയരിഞ്ഞതും ഒപ്പം ചേർത്തു. പിന്നെ അമ്മ ചെയ്യുമ്പോലെ തവി കൊണ്ട് ചെറുതായി ഇള ക്കിക്കൊടുത്തു. തീ കുറച്ചു വച്ചു. ഇടിച്ചൊതുക്കിയ മൂന്നാല് പത്തല് മുളകുകൂടെ ചേർത്തു. പിന്നെ കഴുകി വച്ചി രുന്ന അച്ചിങ്ങപ്പയറുകൂടെ അതിലേക്കിട്ടു. അപ്പോ ചെറു തായി എന്തോ കരിയുന്നതു പോലെ തോന്നി. വേഗം കുറ ച്ചുവെള്ളമെടുത്ത് അതിലേ ക്കൊഴിച്ചു. ഹോ... ഞാനിപ്പോ എല്ലാം കൊളമാക്കിയേനെ. ഇനി എന്താ ചേർക്കേണ്ട തെന്ന് ഞാനൊരു നിമിഷം ആലോചിച്ചു. കറിയുടെ രുചി മനസ്സിലിട്ട് ഒന്നു കൂടെ കിണഞ്ഞാലോചി ച്ചു. ദൈവമേ ഉപ്പ് ചേർത്തി ട്ടില്ല. ഞാൻ കുറച്ച് ഉപ്പുകൂടെ ചേർത്തു. ഉപ്പെങ്ങാനും കൂടി പ്പോയോ എന്നൊരാധിയും ഉടനെ ഉണ്ടായി. കുറഞ്ഞാൽ ഇത്തിരി ചേർത്താൽ മതി കൂടിയാലെന്തുചെയ്യും. അപ്പോ ഴാണ് മഞ്ഞളുപൊടീടെ കാര്യം ഓർമവന്നത്. ഓരോ ചെറിയ ടിന്നും തുറന്നു നോക്കി. ഒന്നിലുമില്ല മഞ്ഞളുപൊടി. ശ്ശോ... അതൂടെ വേണാരുന്നു. അല്ലെങ്കി സാരമില്ല. ഇത്രേ മൊക്കെ മതി. കറി ചെറുതായി തിളയ്ക്കാൻ തുടങ്ങി. ഞാൻ തീ കുറച്ച് ചീനച്ചട്ടി മൂടിവച്ച് പാതകത്തിനടുത്തുതന്നെ നിന്നു. ഇടയ്ക്കിടെ വെള്ളം വറ്റിയോ, പയറുവെന്തോ എന്നൊക്കെ മൂടി പൊക്കി നോക്കി. കൈലു കൊണ്ട് ഇളക്കു കയും ചെയ്തോണ്ടിരുന്നു. പാത്രത്തിലെ വെള്ളം വറ്റിയ പ്പോൾ കരിക്കലത്തുണി കൂട്ടിപ്പിടിച്ച് ഞാൻ ചീനച്ചട്ടി വാങ്ങിവച്ചു.

എന്തു പറയാനാ, അങ്ങനെ യൊടുക്കം അച്ചിങ്ങാ മെഴുക്കു പെരട്ടി ഉണ്ടായി. തവികൊണ്ട് ഒന്നുരണ്ട് കഷണം കോരി യെടുത്ത് ഊതി തണുപ്പിച്ച് ഞാൻ രുചിനോക്കി. ആഹാ... കൊള്ളാല്ലോ എന്ന് ഞാൻ സ്വയം പറഞ്ഞുചിരിച്ചു. അടു ക്കളയാകെ അച്ചിങ്ങാമെഴു ക്കുപെരട്ടിയുടെ മണം നിറ യുന്നതായി തോന്നി. അടുക്ക ളപ്പടിയിൽ കൗതുകത്തോടെ വീരനും സുന്ദരിയും എന്റെ ആഹ്ലാദം കണ്ട് മിഴിച്ചുനിൽപ്പു ണ്ടായിരുന്നു. ഈ ചേട്ടായിക്ക് ഇന്ന് എന്തുപറ്റിയെന്ന് അവർ വിചാരിക്കുന്നുണ്ടാവും.

പുറത്തുപോയി ഒരു വാഴ യില കീറിക്കൊണ്ടുവന്നു. അടുപ്പിലെ കനലിനുമീതെ വച്ച് അത് വാട്ടിയെടുത്തു. തവികൊണ്ട് പാതിയോളം മെഴുക്കുപെരട്ടി അതിലേക്ക് കോരിയിട്ടു. പേപ്പറിൽ പൊതി ഞ്ഞെടുത്തു. അമ്മ ഇങ്ങനെ യൊക്കെ ചെയ്യുന്നത് പലപ്പോ ഴും ഞാൻ കണ്ടിട്ടുണ്ട്. ഇതിനി എങ്ങനെ പിടിച്ചോണ്ട് പോകും. കഞ്ഞിയായതുകൊണ്ട് മറി യാതെ നോക്കണം, നല്ല ചൂടു മുണ്ട്. എല്ലാവരും കാൺകെ തൂക്കുപാത്രോം പിടിച്ചോണ്ട് പോയാൽ ഇതെന്താ... ഇതെ ന്താന്ന് കാണുന്നോരൊക്കെ ചോദിക്കും. എന്തുചെയ്യു മെന്ന് ഞാനാലോചിച്ചു.

അപ്പോഴാണ് പത്തായ



ത്തിന്റെപുറത്ത് അടുക്കി വച്ചിരിക്കുന്നതഴമടികൾക്കിടയിൽ ഒരു തുണിസഞ്ചി കിടന്നിരുന്ന കാര്യം ഓർമവന്നത്. അതെടുത്ത് നിവർത്തി നോക്കി. കുറച്ചു മുഷിഞ്ഞിട്ടുണ്ട്. എന്നാലും കുഴപ്പമില്ല. മെഴുക്കുപെരട്ടി പൊതിഞ്ഞതും ഉപ്പുപൊതിയും സഞ്ചിയിലെടുത്തുവച്ചു. കഞ്ഞിപ്പാത്രയാൻ തുടങ്ങി.

'വല്ലോ കാര്യോണ്ടോ... തന്നെ ഇറങ്ങിക്കോ' എന്നു പിറുപിറുത്തുകൊണ്ട് ഞാൻ വരമ്പിലൂടെ കടത്തുകടവിലേക്ക് വേഗം നടക്കാൻ തുടങ്ങി. ആലപ്പുഴയ്ക്കുള്ള ഒരു ബോട്ട് പടിഞ്ഞാട്ട് പോകുന്നുണ്ട്. അക്കരെക്കിടക്കുന്ന വള്ളം ഇക്കരയ്ക്ക് കൊണ്ടുവരാനായി പിടിച്ച് ക്ലാസ്ടീച്ചറുടെ അടുത്തു കൊണ്ടാക്കിയതിൽപ്പിന്നെ അവളെന്നോട് വല്യകൂട്ടാ. എപ്പോ കണ്ടാലും ചിരിച്ചോണ്ട് എന്തേലും ചോദിക്കും. ഇരുവശത്തേക്കും പിന്നിയിട്ട അവളുടെ കറുകറാ കറുത്ത മുടി കാണാൻ നല്ല ചേലാണ്. ''അച്ചനാശൂത്രീലാ... ഞാനങ്ങോട്ടു പോകുവാ.'' ഞാൻ പറഞ്ഞു



**സഞ്ചിയുമെടുത്ത് വാതിൽ ചേർത്തുചാരി ഞാൻ മുറ്റത്തേക്കിറങ്ങി നടന്നു. വീരൻ പുറകെ ഓടി വന്ന് ചിറയുടെ ഇറമ്പിൽ നിന്നു വാലാട്ടി. കേറിപ്പൊക്കോന്ന് ഞാൻ ആംഗ്യം കാണിച്ചപ്പോൾ കുറച്ചു പുറകോട്ട് ഇറങ്ങിയെങ്കിലും വീരൻ എന്നെ നോക്കിത്തന്നെ നിന്നു. സുന്ദരി എന്റെ പുറകെ വന്നെങ്കിലും കണ്ടത്തിലേക്കു ചാഞ്ഞ മാവിന്റെ കൊമ്പിൽ എന്തോ അനക്കം കണ്ട് അവൾ അതിലേക്ക് ഓടിക്കയറി. കയറിയ വേഗത്തിൽ ഇറങ്ങാനറിയാതെ താഴേക്കു നോക്കി അവിടെയിരുന്ന് കരയാൻ തുടങ്ങി.**

വും അതിലേക്കിറക്കി വച്ചു.

പിന്നെ സഞ്ചി തൂക്കുപാത്രത്തിന്റെ കൊളുത്തുമായി ചേർത്തുപിടിച്ചു. ഇനി കുഴപ്പമില്ല. തൂക്കുപാത്രം ആരും കാണുകയുമില്ല, പാത്രം മറിഞ്ഞ് കഞ്ഞി തൂവിപ്പോവുകയുമില്ല.

വെയിൽവാടിത്തുടങ്ങി. താമസിയാതെ സന്ധ്യയാകുമെന്ന് തോന്നുന്നു. സഞ്ചിയുമെടുത്ത് വാതിൽ ചേർത്തുചാരി ഞാൻ മുറ്റത്തേക്കിറങ്ങി നടന്നു. വീരൻ പുറകെ ഓടി വന്ന് ചിറയുടെ ഇറമ്പിൽ നിന്നു വാലാട്ടി. കേറിപ്പൊക്കോന്ന് ഞാൻ ആംഗ്യം കാണിച്ചപ്പോൾ കുറച്ചു പുറകോട്ട് ഇറങ്ങിയെങ്കിലും വീരൻ എന്നെ നോക്കിത്തന്നെ നിന്നു. സുന്ദരി എന്റെ പുറകെ വന്നെങ്കിലും കണ്ടത്തിലേക്കു ചാഞ്ഞ മാവിന്റെ കൊമ്പിൽ എന്തോ അനക്കം കണ്ട് അവൾ അതിലേക്ക് ഓടിക്കയറി. കയറിയ വേഗത്തിൽ ഇറങ്ങാനറിയാതെ താഴേക്കു നോക്കി അവിടെയിരുന്ന് കര

ആരോ ചെല്ലനമ്മാനെ കൂവി വിളിക്കുന്നുണ്ട്. ''ഞാനും വരുന്നുണ്ടേ'' എന്നുറക്കെ വിളിച്ചുപറഞ്ഞുകൊണ്ട് ഞാൻ നടത്തത്തിന് വേഗം കൂട്ടി.

## അഞ്ച്

സാഗറിന്റെ ആശുപത്രിയിലേക്ക് കുറേദൂരം നടക്കാനുണ്ട്. രണ്ടുമൂന്നു കിലോമീറ്ററെങ്കിലും ഉണ്ടാവും. വഴിയുടെ ഓരംപറ്റി ഞാൻ നടക്കുകയാണ്. ഇടയ്ക്ക് സഞ്ചി കൈമാറി പിടിക്കുന്നുണ്ട്. സ്കൂളുവിട്ട് ട്യൂഷനുപോകാറുള്ള കുട്ടികൾ അതുംകഴിഞ്ഞ് തിരിച്ചുവരുന്നുണ്ട്. അവരിൽ ചിലരെ ഞാനും ചിലർ എന്നെയും ചിരിച്ചുകാട്ടി. അതിനിടയിലൂടെ ഒരു ശബ്ദം എന്റെ കാതിൽ വീണു ചിതറി. ''ഏട്ടനിതെവിടെപ്പോണൂ... ഈ നേരത്ത് സഞ്ചിയൊക്കെപ്പിടിച്ച്.'' നാലാം ക്ലാസിൽ പഠിക്കുന്ന മീരയാണ്. ഒരിക്കൽ സൈക്കിളിടിച്ച് വീണ് മുട്ടുപൊട്ടി കരഞ്ഞുനിന്ന അവളെ കൈക്കു

''ന്താ ഈ സഞ്ചീല്'' അവൾ തിരക്കി. എന്തുപറയണമെന്നോർത്ത് ഞാനൊന്ന് മടിച്ചു.

''സഞ്ചീലെന്താ... ഏട്ടാ?'' അവളതിൽ തൊട്ടോണ്ട് ചോദിച്ചു.

''കുറച്ചു പൊടിയരിക്കഞ്ഞിയാ... അച്ചനുകൊടുക്കാൻ.''

''കഞ്ഞിയോ...? ഹ ഹ ഹ '' അവൾ പൊട്ടിച്ചിരിച്ചു. അതൊരു കളിയാക്കി ചിരിയായി എനിക്ക് തോന്നിയില്ലെങ്കിലും എനിക്ക് ചെറുതായി ചമ്മലടിച്ചു.

''നീ പോയേ പെണ്ണേ, ഞാൻ പോട്ടെ... സന്ധ്യയ്ക്കു മുമ്പ് വീട്ടിൽച്ചെല്ല്.'' ഞാനവളോട് ഗൗരവത്തിൽ പറഞ്ഞുകൊണ്ട് നടക്കാനാരംഭിച്ചു.

''ശരിയേട്ടാ''ന്ന് പറഞ്ഞുകൊണ്ടവൾ നിന്ന നിൽപ്പിൽ ഒറ്റയോട്ടം. ഈ പെങ്കൊച്ചിന്റെയൊരു കാര്യം. ഇനിയും ഏതേലും സൈക്കളിനിട്ട് ചെന്നിവൾ ഇടിക്കുമോ എന്തോ?

ഈ സാഗറിന്റെ ആശുപത്രി

രസമുള്ള സ്ഥലമാണ്. മിക്കവാറും വല്യ തിരക്കൊന്നുമില്ലാത്ത ആശുപത്രിയാണ്. ചില സീസണുകളിൽ മാത്രമാണ് തിരക്കുണ്ടാവുക.

എനിക്കും അച്ഛനും അമ്മയ്ക്കുമൊക്കെ എന്തേലും അസുഖംവന്നാൽ അവിടുന്നാണ് മരുന്നു വാങ്ങുന്നത്. രണ്ടുതവണ ഞാനവിടെ കിടന്നിട്ടുണ്ട്. ഒരിക്കൽ മഞ്ഞപ്പിത്തം വന്നപ്പോളും പിന്നീടൊരിക്കൽ ടൈഫോയ്ഡ് വന്നപ്പോഴും. ഓരോ ആഴ്ചവീതം. നല്ലരസമാ അവിടുത്തെ കിടപ്പ്. ഒന്നുമില്ലേ ഫാനിന്റെ കീഴിൽ കിടക്കാമല്ലോ, പല്ലുതേച്ച് വാഷ്ബേയ്സിനിൽ തുപ്പാമല്ലോ, ബാത്റൂമിൽ കുളിക്കാമല്ലോ, ബെഡിൽ കിടന്ന് ഉറങ്ങാമല്ലോ. ചിലപ്പോ കുത്തിവെപ്പ് ഉണ്ടാകും. അതുമാത്രം ഇത്തിരി കട്ടിയാ. ബാക്കിയൊന്നും കുഴപ്പമില്ല.

വൈകുന്നേരങ്ങളിൽ വരാന്തയിൽ ഇറങ്ങിനിൽക്കും. ചെറിയമുറ്റത്ത് പച്ചമുന്തിരി പന്തലിട്ട് വളർത്തുന്നുണ്ട്. കുലകുലകളായി മുന്തിരിങ്ങ വിളഞ്ഞുകിടക്കുന്ന പന്തലിനു താഴെ നിന്നുകൊണ്ടുള്ള കാഴ്ച സൂപ്പറാണ്. അങ്ങിങ്ങായ് കാണുന്ന ആകാശത്തിന്റെ നീലക്കീറുകൾ ഒഴിച്ചാൽ ആകെ പച്ചമാത്രമേ കാണാനാവൂ. അതിന്റെ ചോട്ടിൽ നല്ല തണുപ്പും കുളിർമയുമുണ്ടാവും. കുറച്ചുനേരം അതിന്റെ ചുവട്ടിൽ കിടന്നാൽ ഒരു മാതിരി അസുഖങ്ങളൊക്കെ തന്നെ മാറിക്കൊള്ളുമെന്ന് എനിക്കു തോന്നിയിട്ടുണ്ട്.

ചെമ്മൺനിരത്തു വിട്ട് ഞാൻ ബസ്സ് ഓടുന്ന ടാറിട്ട വഴിയിലെത്തി. ഇനിയുമുണ്ട് കുറേദൂരംകൂടി നടക്കാൻ. ഓരോന്നും ആലോചിച്ചുകൊണ്ട് നടപ്പോടുനടപ്പാണ് ഞാൻ. വല്ലപ്പോഴും വണ്ടികൾ അങ്ങോട്ടുമിങ്ങോട്ടും പോകുന്നുണ്ട്. ഭീമൻപടിയിലെത്തിയപ്പോൾ ഞാൻ വെറുതെ മുക്കിലെ കടയിലേക്കു നോക്കി. ആ പലചരക്കുകട എന്റെ കൂടെപ്പഠിക്കുന്ന പ്രകാശിന്റെ അച്ചന്റെയാ. അവൻ സ്കൂളുവിട്ട് നേരെ കടയിലേക്കാ പോകുന്നത്. വൈകുന്നേരം കടയിൽ നല്ല തിരക്കുണ്ടാവും. അപ്പോൾ അവനാവും അച്ചനെ സഹായിക്കുക. കുറച്ചുനേരം അവിടെ നോക്കിനിന്നപ്പോൾ അവൻ ഇറങ്ങിവന്നു.

''എടാ നീയെങ്ങോട്ടാ?''

''ആശുത്രീലോട്ടാ... അച്ചന് പനിപിടിച്ചെടാ. അവിടെ കിടത്തിയേക്കുവാ.'' ഞാൻ പറഞ്ഞു.

''അതായിരുന്നോ നീയിന്ന് ക്ലാസിൽ വല്യ മൂഡൗട്ട്?'' അവൻ ചോദിച്ചു.

''ആവോ എനിക്കറിയില്ല. ഞാനങ്ങനാരുന്നോ?'' എനിക്ക് ഉറപ്പിക്കാൻ കഴിഞ്ഞില്ല.

''എന്നാ ശരീടാ... കടേ നല്ല തിരക്കാ. ഞാൻ പോണൂ തിങ്കളാഴ്ച കാണാം.''

''ശരീടാ....''

അവൻ നീട്ടിയ കൈവെള്ളയിൽ അടിച്ചുകൊണ്ട് ഞാൻ പറഞ്ഞു. ഇടംവലം നോക്കി റോഡ് കുറുകെ കടന്ന് അവൻ കടയിലേക്ക് ഓടിക്കയറി. അവൻ പോയിക്കഴിഞ്ഞപ്പോഴാണ് ഓർത്തത് അവന്റെ കടേന്ന് ഒരു വട്ടുസോഡാ വാങ്ങി ഉപ്പിട്ട് കുടിക്കാരുന്നെന്ന്. ശ്ശോ... അതു മറന്നു പോയി. സാരമില്ല നടന്നേക്കാം. ഞാൻ പിന്നെയും നടന്നു തുടങ്ങി. കാല് കഴച്ചുതുടങ്ങി. നേരമാണെങ്കിൽ രാത്രിയാകാനും തുടങ്ങി. ഇനിയുമുണ്ട് നാലഞ്ചു വളവുകൾ. എത്രയോ കാലമായി അച്ചനോട് പറയുന്നു ഒരു സ്ലിപ്പറെങ്കിലും വാങ്ങിച്ചു തരാൻ. എവിടെ കേക്കാൻ. പാവം അച്ചൻ! ചെരുപ്പൊന്നും വാങ്ങിത്തരാൻ പൈസയുണ്ടാവില്ല കൈയിൽ. ചെരുപ്പിട്ടിട്ടാവില്ലല്ലോ ഭൂമിയിൽ മനുഷ്യരെല്ലാവരും നടക്കുന്നത്. എന്റെ ക്ലാസിൽത്തന്നെ പകുതിയോളം കുട്ടികൾക്കും ചെരുപ്പില്ലല്ലോ, ഞാൻ ആശ്വസിക്കാൻ ശ്രമിച്ചു. പഠിച്ചു മിടുക്കനായി ജോലിയൊക്കെ വാങ്ങണം. അപ്പോ പണമുണ്ടാകും. എനിക്കു മാത്രമല്ല; അച്ചനും അമ്മയ്ക്കും അപ്പോ ചെരുപ്പുവാങ്ങി കൊടുക്കണം. സുകുച്ചേട്ടനും ചെല്ലനമ്മാനും മീരക്കുട്ടിക്കും ഒക്കെ വാങ്ങിക്കൊടുക്കണം. അങ്ങനെ നടക്കുമ്പോഴാണ് പിന്നിൽ നിന്നും ആ മണിനാദം കേട്ടത്.

## ആറ്

ട്രിണീം... ട്രിണീം... നടത്തം ഒന്നൂകൂടെ വഴിയുടെ അരികിലേക്കാക്കി ഞാൻ തിരിഞ്ഞു നോക്കി. ഒരു കാൽ നിലത്തു കുത്തി സൈക്കിളിലിരുന്ന് ചിരിച്ചോണ്ട് ഒരാൾ ചോദിക്കുന്നു...

''ആശുത്രീലോട്ടാ...ല്ലേ, കേറിക്കോ ഞാനും അങ്ങോട്ടാ.''

ആ ചേട്ടനെ എവിടെയോ കണ്ടിട്ടുണ്ടല്ലോ എന്നൊരാലോചന ഉള്ളിലൂടെ പാഞ്ഞു.

''മോനെന്നെ മനസ്സിലായില്ലേ... ഞാനാശുത്രീലെ ജോലിക്കാരനാ... മോനവിടെ കിടന്നപ്പോ എന്നെ കണ്ടിട്ടുള്ളതോർമയില്ലേ...'' ആ ചേട്ടൻ വിശദീകരിച്ചു. ശരിയാ എനിക്കാ ചേട്ടനെ ഓർമവന്നു. ആശുപത്രിയിൽ മരുന്നെടുത്ത് കൊടുക്കുന്ന ചേട്ടൻ. നഴ്സുമാരില്ലാത്തപ്പോൾ ചിലപ്പോ ഷീറ്റു വിരിക്കാനും ഡ്രിപ്പൂരാനുമൊക്കെ വരാറുള്ള ചേട്ടൻ. ''എനിക്ക് ഓർമവന്നു.... ചേട്ടാ.'' എന്നു പറഞ്ഞുകൊണ്ട് അൽപ്പം ചരി

ച്ചുതന്ന സൈക്കിളിന്റെ പുറകിലെ കാരിയറിലേക്ക് ഞാൻ എത്തിക്കുത്തിക്കയറി. സഞ്ചി മടിയിൽ ഒതുക്കിവച്ച് സൈക്കിളിന്റെ സീറ്റിൽ മുറുകെ പിടിച്ചിരുന്നു.

''ഇരുന്നോ''

''ഉം. ഇരുന്നേട്ടാ''

''മോനിപ്പോ എത്രേലാ''

''ഏഴിലാ'' ഞങ്ങളോരോന്നു പറഞ്ഞുകൊണ്ടിരുന്നു. ചെറിയ കയറ്റങ്ങൾ വരുമ്പോൾ ചേട്ടൻ എണീറ്റ് നിന്ന് സൈക്കിള് ചവിട്ടും. ഒന്നുരണ്ട് ചവിട്ട് കഴിഞ്ഞപ്പോ ഒരു ഇറക്കമെത്തി. ചേട്ടൻ സൈക്കിളിൽ അനങ്ങാതിരുന്നു. ഇടയ്ക്ക് ബെല്ലടിച്ചു. ചില പരിചയക്കാരെ ചിരിച്ചു കാണിച്ചു. ചിലരെ കൈയുയർത്തി കാണിച്ചു. ഞാൻ വലിയ ഗമയിലിരുന്നു.

ഈ ചേട്ടൻ തന്നെയല്ലേ രാധാകൃഷ്ണാ ടാക്കീസിൽ ചിലപ്പോ ടിക്കറ്റ് കീറികൊടുക്കാൻ നിൽക്കുന്നത്. വർഷത്തിൽ ഓണത്തിനും വിഷുവിനുമാണ് ഞങ്ങൾ സിനിമ കാണാൻ പോവുക. സംശയം തീർക്കാനായി ഞാൻ ചോദിച്ചു.

''ചേട്ടാ ചേട്ടൻ തന്നെയല്ലേ ചിലപ്പോഴൊക്കെ തീയറ്ററിൽ ടിക്കറ്റ് കീറാൻ നിൽക്കുന്നത്.''

''അതെ മോനെ ഞാൻ തന്നാ. ആശൂത്രിയിൽ തിരക്കില്ലെങ്കിൽ ഞാനവിടെ ടിക്കറ്റ് കീറാൻ പോകാറുണ്ട്.'' ചേട്ടൻ തലയൽപ്പം പുറകോട്ട് ചരിച്ചുകൊണ്ട് പറഞ്ഞു.

''അതെന്താ... ങ്ങനെ'' കാര്യമായൊന്നും ആലോചിക്കാതെയാണ് ഞാനാ ചോദ്യം ചോദിച്ചത്.

''ഹ ഹ ഹ... ജീവിക്കേണ്ടേ മോനേ...'' ചെറുതായി ചിരിച്ചുകൊണ്ടാണ് ചേട്ടനങ്ങനെ പറഞ്ഞത്. ചേട്ടൻ പൊടുന്നനെ വല്ലാതെ നിശ്ശബ്ദനായി. അങ്ങനെ ചോദിക്കേണ്ടിയിരുന്നില്ലെന്ന് എനിക്കു തോന്നി. ഹാൻഡിൽ തിരിക്കുന്നതിനിടയിൽ ചേട്ടന്റെ കക്ഷത്തിന്റെ താഴെ ഷർട്ട് ചെറുതായി പിഞ്ഞിക്കീറിയിരിക്കുന്നത് ഞാൻ കണ്ടു. നിറം മങ്ങിയ ആ നീലഷർട്ടിൽ ഓളങ്ങൾ പോലെ ചുളിവുകൾ വീഴുന്നതും നിവരുന്നതും ഞാൻ കണ്ടു. എനിക്ക് ചെറുതായി സങ്കടം വന്നു. വെളുവെളാ വെളുത്ത പല്ലുകളും തിളങ്ങുന്ന കണ്ണുകളുമുള്ള കറുത്ത് സുന്ദരനായ ഈ ചേട്ടന് ഒരു പുത്തൻ നീലയുടുപ്പ് വലുതാകുമ്പോൾ വാങ്ങിക്കൊടുക്കണമെന്ന് ഞാൻ മനസ്സിലുറപ്പിച്ചു.

## ഏഴ്

''ഇറങ്ങുന്നില്ലേ'' സൈക്കിൾ ആശുപത്രിയുടെ മുറ്റത്ത് നിർത്തിക്കൊണ്ട് ചേട്ടൻ ചോദിച്ചുചിരിച്ചു. എന്തൊക്കെയോ ഓർത്തിരുന്ന ഞാൻ പെട്ടെന്ന് ചാടിയിറങ്ങി.

''താങ്ക്യൂ... ചേട്ടാ.'' ഞാൻ പറഞ്ഞു. ഓ അതൊന്നും സാരമില്ല എന്നമട്ടിൽ ചേട്ടൻ എന്റെ പുറത്തുതട്ടി. പിന്നെ സൈക്കിൾ സ്റ്റാൻഡിൽ വച്ചുകൊണ്ടു പറഞ്ഞു.

''അച്ചന് കുഴപ്പോന്നൂല്ല കേട്ടോ. മിക്കവാറും നാളെ വീട്ടിപ്പോകാം.'' ഞാൻ ചേട്ടനെ നോക്കിച്ചിരിച്ചു. ആശുപത്രിയിലെ ലൈറ്റുകൾ തെളിഞ്ഞിരുന്നു.



“വാ... അച്ഛൻ കിടക്കുന്ന മുറി ഞാൻ കാണിച്ചുതരാം.”

ചേട്ടൻ എന്നെ വിളിച്ചുകൊണ്ട് മുമ്പേ നടന്നു. മുണ്ടിന്റെ തുമ്പ് ഒരു കൈയിൽ നുള്ളിപ്പിടിച്ച് ചുവന്ന സിമന്റിട്ട വരാന്തയിലൂടെ ചേട്ടൻ നടന്നുപോകുന്നതുകാണാൻ നല്ല രസം. സഞ്ചിയും തൂക്കിപ്പിടിച്ച് നടത്തത്തിൽ ചെറിയൊരു ഗൗരവമൊക്കെ വരുത്തി ഞാനും പുറകെ നടന്നു. ചേട്ടന്റെ രണ്ടു സ്ലിപ്പറുകളുടെയും ഉപ്പൂറ്റി തേഞ്ഞുതീരാറായിരുന്നു. മായുന്ന അമ്പിളിയമ്മാവനെപ്പോലെ.

ഒരു മുറിയുടെ വാതിൽക്കൽ എത്തിയപ്പോൾ തോളിൽ പിടിച്ചുകൊണ്ട് ചേട്ടൻ പറഞ്ഞു.

“മോന്റച്ഛനീ മുറീലുണ്ട്. ഞാൻ കേറുന്നില്ല. ഇത്തിരി പണിയുണ്ട്. പിന്നെക്കാണാം.” ചേട്ടൻ വരാന്തയിലൂടെ മരുന്നെടുത്തുകൊടുക്കുന്ന മുറിയിലേക്കു നടന്നു. ഏതോ മുറിയിലേക്ക് മരുന്നുമായി പോകുന്ന നഴ്സ് ചേട്ടനെ നോക്കി ചിരിച്ചു.

പരിചയമുള്ള ആശുപത്രിയാണെങ്കിലും പെട്ടെന്ന് അവിടം എനിക്ക് അപരിചിതമായിത്തോന്നി. മുറിയുടെ വാതിൽക്കൽ പൊടുന്നനെ ഞാൻ ഒറ്റയ്ക്കായതുപോലെ. മുറിയിൽ ലൈറ്റ് തെളിഞ്ഞിട്ടുണ്ടായിരുന്നെങ്കിലും അതിന് തീരെ വെളിച്ചമുണ്ടായിരുന്നില്ല. സഞ്ചിയും താങ്ങിപ്പിടിച്ച് പതുക്കെ ഞാൻ മുറിക്കുള്ളിലേക്കു കയറി. മുറിയിൽ നാലഞ്ചു കട്ടിലുകളുണ്ട്. ഒന്നിലും ആരും കിടപ്പില്ല. ഒരു ബെഡിന്റെ താഴെ മാത്രം ഒരു പ്ലാസ്റ്റിക് കൂട് ഇരിപ്പുണ്ട്. അതിന്റെ തലയ്ക്കൽ ഒരു ചെറിയ ഇരുമ്പു സ്റ്റാൻഡുണ്ട്. അതിനു മീതെ ഒന്നുരണ്ട് മരുന്നുകുപ്പികളും മരുന്നിന്റെ കൂടുകളുമുണ്ട്. ഡ്രിപ്പ് തൂക്കുന്ന സ്റ്റാൻഡുമുണ്ട് അടുത്തായി. അതിൽ നിറയെ ബാൻഡേജുകൾ ഒട്ടിച്ചുവച്ചേക്കുന്നത് കാണാൻ രസമുണ്ട്.

കൈയിലെ തുണിസഞ്ചി എവിടെയും വയ്ക്കാൻ തോന്നാതെ അങ്ങനെ നിൽക്കുമ്പോൾ മുറിയുടെ മൂലയിലെ ബാത്റൂമിന്റെ കതകുതുറന്ന് അച്ഛൻ മെല്ലെ പുറത്തേക്കു വന്നു. പിന്നാലെ അച്ഛന്റെ കൈ പിടിച്ച് അമ്മയും. പുറകെയാണെങ്കിലും അമ്മയാണെന്നെ ആദ്യം കണ്ടത്.

“ങ്ഹാ... നീ വന്നോ. കുറച്ചുകൂടെ നേരത്തെ വന്നുകൂടാരുന്നോടാ... സന്ധ്യയ്ക്കു മുമ്പ്.” അച്ഛനെ കട്ടിലിൽ കിടക്കാൻ സഹായിച്ചുകൊണ്ട് അമ്മ പറഞ്ഞു.

“ഇവിടെ മരുന്നെടുത്തുകൊടുക്കുന്ന ചേട്ടനില്ലേ... ആ ചേട്ടന്റെ സൈക്കിളിലാ.... മ്മേ ഞാൻ വന്നത്.” എന്നു പറഞ്ഞുകൊണ്ട് ഞാൻ കൈയിലെ തുണിസഞ്ചി അമ്മയുടെ നേരെ നീട്ടി. അച്ഛനെ പരിചരിക്കുന്നതിനിടയിൽ അപ്പോഴാണ് എന്റെ കൈയിലെ സഞ്ചി അമ്മയുടെ ശ്രദ്ധയിൽപ്പെട്ടത്.

“ഇതെന്താ മോനേ സഞ്ചീല്?” അമ്മ തൂക്കുപാത്രത്തിന്റെ കൊളുത്തിൽ പിടിച്ചു പൊക്കിക്കൊണ്ട് ചോദിച്ചു.

“കഞ്ഞിയാ...മ്മേ പൊടിയരിക്കഞ്ഞി.” ഞാൻ പറഞ്ഞു.

അമ്മയുടെ വായ് എന്തോ പറയാൻ തുടങ്ങിയെങ്കിലും ഒന്നും പുറത്തേക്കു വന്നില്ല.

നിറയുന്ന കണ്ണുകളോടെ അമ്മയെന്നെ ചേർത്തുപിടിച്ചു. സഞ്ചിയിലെ മറ്റു പൊതികളുമെടുത്ത് അമ്മ തുറന്നു നോക്കി. നിറഞ്ഞൊഴുകുന്ന കണ്ണുകൾ തുടച്ചുകൊണ്ട് അമ്മ ചിരിച്ചു. മഴയിലും കത്തുന്ന മെഴുകുതിരികളായി അമ്മയുടെ കണ്ണുകൾ. അമ്മ എന്നെ പിന്നെയും വാരിപ്പിടിച്ചു. അമ്മ ഇത്രമേലെന്നെ ചേർത്തുപിടിക്കുന്നത് എന്തിനാണെന്ന് എനിക്ക് മനസ്സിലായില്ല. ഒരിക്കൽപ്പോലും കണ്ണുകൾ നിറഞ്ഞുകാണാത്ത അച്ഛൻ ആരും കാണാതെ കിടക്കയിൽ കിടന്ന് കണ്ണീരടക്കാൻ പാടുപെടുന്നതും ഞാൻ കണ്ടു.

**പരിചയമുള്ള ആശുപത്രിയാണെങ്കിലും പെട്ടെന്ന് അവിടം എനിക്ക് അപരിചിതമായിത്തോന്നി. മുറിയുടെ വാതിൽക്കൽ പൊടുന്നനെ ഞാൻ ഒറ്റയ്ക്കായതുപോലെ. മുറിയിൽ ലൈറ്റ് തെളിഞ്ഞിട്ടുണ്ടായിരുന്നെങ്കിലും അതിന് തീരെ വെളിച്ചമുണ്ടായിരുന്നില്ല. സഞ്ചിയും താങ്ങിപ്പിടിച്ച് പതുക്കെ ഞാൻ മുറിക്കുള്ളിലേക്കു കയറി.**

മുമ്പ് അഡ്മിറ്റായിരുന്ന ഏതോ കുട്ടി മറന്നിട്ടുപോയ ഒരു ബാലരമയെടുത്ത് ഞാൻ മറിച്ചുനോക്കിക്കൊണ്ടിരുന്നു. തലയണയെടുത്തു വച്ച് അച്ഛനെ ചാരിയിരുത്തി അമ്മ ഉപ്പുചേർത്ത കഞ്ഞി അച്ഛന് കോരികൊടുത്തു. ആദ്യ സ്പൂൺ കഴിച്ചപ്പോഴേ അച്ഛന്റെ കണ്ണുകൾ പിന്നെയും നിറഞ്ഞൊഴുകാൻ തുടങ്ങി. അച്ഛൻ കൈകൊണ്ട് അമ്മയെ തടസ്സപ്പെടുത്തി.

“ന്താ... എന്തുപറ്റി?” അമ്മ തിരക്കി

“ന്റെ പനി പോയടീ...” അച്ഛൻ കണ്ണീരിനിടയിലൂടെ ചിരിച്ചുകൊണ്ട് പറഞ്ഞു.



# ഓണപ്പാട്ട്

**എസ് രമേശൻ നായർ**

പുലരിവരുന്നൂ കയ്യിലൊരോല-
പ്പൂക്കൂടയുമായി
നിറയെപ്പൂവുകളുണ്ടവിടോണ-
ക്കളമെഴുതാനായി
തുമ്പപ്പൂവും തുളസിപ്പൂവും
മന്ദാരപ്പൂവും
ചേമന്തിപ്പൂ തെച്ചിപ്പൂവും
ചിറ്റാടപ്പൂവും
കാക്കപ്പൂവും കദളിപ്പൂവും
കോളാമ്പിപ്പൂവും
കണ്ണാന്തളിയും കായാമ്പൂവും
മുക്കുറ്റിപ്പൂവും
ഒക്കെ നിരന്നുകഴിഞ്ഞൂ മുറ്റ-
ത്തോണം വരവായി!

അത്തം തൊട്ടേ പൂവിടണം-അതു
മുത്തശ്ശിക്കറിയാം
കുട്ട്യേടത്തിയുമപ്പോട്ടനുമതി-
നൊപ്പം നിന്നോളും
ഓണത്തപ്പനെ എതിരേൽക്കാനും
കുടചൂടിക്കാനും
ഓരോരുത്തർക്കുണ്ടേമത്സര-
മടനേദിക്കാനും
''ഓണത്തപ്പാ കുടവയറാ'യെ-
ന്നാർത്തുവിളിക്കാനും
ഒരുമയിലോണപ്പാട്ടുകൾ പാടി
ചെകിടുനിറയ്ക്കാനും.



വര: ടി ആർ രാജേഷ്



ഉറ്റവരെല്ലാമെത്തീ,തറവാ-
ടുത്സവലഹരിയിലായ്
മുത്തശ്ശൻ വല്യമ്മാവനുമായ്
തർക്കം കൂടുകയായ്
''മാബലിയാണോ വാമനനാണോ
മലയാളപ്പെരുമാൾ?
തൃക്കാക്കരയിലിരിക്കും തേവർ-
ക്കെത്രനമസ്കാരം?''

വാക്കുകൊടുത്തതു പാലിക്കുംബലി
വലിയ മഹാനല്ലോ
തലയിലമർന്നൊരു കാലിലുമീശ്വര-
മഹിമയറിഞ്ഞല്ലോ
വിനയത്തിന്റെ ബലത്താൽ മാബലി
വിണ്ണോർക്കും പ്രിയനായ്!

തക്കംപാർത്തു കവർന്നൂ കുട്ടികൾ
ശർക്കരയുപ്പേരി
പപ്പടമുണ്ടേ പാലടയുണ്ടേ
പച്ചടി കിച്ചടിയും
കാളനുമോലനുമവിയലുമുണ്ടേ
കടുമാങ്ങയുമുണ്ടേ
നാക്കിലവച്ചുവിളമ്പുന്നുണ്ടേ
നാനാവിഭവങ്ങൾ
ഓണക്കോടിയുടുത്തവരെല്ലാം
ഓടിവരുന്നുണ്ടേ
ഓമന ശാരദ ശാന്തയുമപ്പുവു-
മൊപ്പമിരിപ്പുണ്ടേ
ഊണുകഴിഞ്ഞാലൂഞ്ഞാലാട്ടം
ഉടനേ പതിവുണ്ടേ
ഓണപ്പന്തുകളിക്കാനും ചില-
രോടിവരുന്നുണ്ടേ





കൈകൊട്ടിക്കളി കുമ്മാട്ടിക്കളി
പുലികളി കടുവകളി
കളിചിരിമേളം കൊണ്ടീയോണം
കണ്ണിനുമാനന്ദം

കന്നിക്കൊയ്ത്തിനു കാത്തുകിടക്കും
പൊന്നിൻ പാടങ്ങൾ
കൺനിറയെക്കണ്ടാനന്ദിക്കും
നമ്മുടെ മാവേലി
കണ്ണുനിറഞ്ഞാമന്നൻചൊല്ലി
''നന്മകൾ വിളയുന്നൂ
നമ്മുടെ നാട്ടിൽ പ്രജകൾക്കെല്ലാം
നല്ലതു നേരുന്നൂ!''
മണ്ണുഭരിച്ച മഹാബലി നമ്മുടെ
മനസ്സുഭരിക്കുന്നൂ
പണ്ടേപ്പോലാ മഹിമകൾ നമ്മൾ
പാടിനടക്കുന്നൂ
മാനവരെല്ലാമൊന്നാണെന്ന
മനോഹരസന്ദേശം
ഓണക്കാലത്തിന്നും നമ്മുടെ
ഓർമ്മയിലെത്തുന്നൂ

മലയാളപ്പെരുമാളാം മാബലി
ഇനിയും വരുമല്ലോ
പൊന്നിൻചിങ്ങത്തിരുവോണത്തിനു
നന്മകൾ നേർന്നീടാൻ
ഓലക്കുടയും ചൂടിവരും പൊ-
ന്നോണപ്പെരുമാളേ
ഓരോ വഴിയിലുമുണ്ടേ മെതിയടി-
നാദം! ഒരാനന്ദം!



## കുഞ്ഞുണ്ണിമാവേലി

**പി വി കൃഷ്ണൻ**



# മാവേലിയുടെ കത്ത്

പ്രൊഫ. എസ് ശിവദാസ്

പ്രിയപ്പെട്ട കൂട്ടുകാരേ, ആണ്ടിലൊരു തവണ മാത്രം നമ്മുടെ നാട്ടിലെത്തി എല്ലാവരെയും കാണാനല്ലേ എനിക്ക് അനുവാദമുള്ളൂ. ആ ഭാഗ്യമെങ്കിലും ലഭിച്ചല്ലോ എന്നാണ് എന്റെ സമാധാനം.

ഈ വർഷം ഓണത്തിനു മുമ്പുതന്നെ ഞാൻ കേരളത്തിലേക്കു പോന്നു. എന്റെ കുഞ്ഞുങ്ങളേ! ഇങ്ങനെയൊരു നാട് ലോകത്തിലെങ്ങുമില്ല. തെളിനീരൊഴുകുന്ന എത്രയെത്ര നദികൾ. എവിടെ നോക്കിയാലും പച്ചപ്പിന്റെ ഭംഗി. മലകളും



വര: റോണി ദേവസ്യ

പാടങ്ങളും തോടുകളും കായലുകളും ആരെയും ആനന്ദിപ്പിക്കും. കാടോ ജീവന്റെ കലവറ. ദൈവത്തിന്റെ സ്വന്തംനാട് എന്ന് ആരും സമ്മതിക്കും. അങ്ങനെയുള്ള എന്റെ സ്വർഗം കാണാനായിരുന്നു ഞാൻ ഇപ്രാവശ്യം വന്നത്.

എന്നാൽ എന്റെ കുഞ്ഞുങ്ങളേ!

ദൈവത്തിന്റെ സ്വന്തം നാട് ചെകുത്താൻ കൈയടക്കിയോ എന്നാണ് ഇപ്പോൾ എന്റെ സംശയം. എങ്ങനെ സംശയിക്കാതിരിക്കും? ശബരിമലയ്ക്കടുത്തുള്ള വലിയാനവട്ടത്ത് എത്തിയപ്പോൾ ഞാൻ വലിയ വായിൽ കരഞ്ഞുപോയി. അത്ര ഭീകരമായിരുന്നു ആ വാർത്ത. അവിടെ മരിച്ച ഒരു ആനയുടെ കുടലിൽ നിന്ന് മൂന്നുമീറ്റർ നീളത്തിലുള്ള ഒരു പ്ലാസ്റ്റിക് ചങ്ങലയാണു കിട്ടിയത്! ആ പ്ലാസ്റ്റിക് മുഴുവൻ കയറി ആ പാവത്തിന്റെ കുടൽ അടഞ്ഞുപോയി! അങ്ങനെ വേദന തിന്ന് നരകയാതന അനുഭവിച്ച് ആ ആന ചരിഞ്ഞു. വനത്തിലേക്ക് പ്ലാസ്റ്റിക് ബാഗുകളിൽ എച്ചിൽ നിറച്ചെറിഞ്ഞത് ആരായിരിക്കും? കേരളത്തിലെ വിദ്യാസമ്പന്നരെന്നു വിശേഷിപ്പിക്കപ്പെട്ടിരിക്കുന്ന ജനങ്ങൾ! എല്ലാ വേസ്റ്റും പ്ലാസ്റ്റിക് കൂടകളിലാക്കി വഴിയരികിലും കാട്ടിലും എറിയുന്നവരെ രാക്ഷസന്മാർ എന്നു വിളിച്ചാൽ രാക്ഷസന്മാർക്കുപോലും സഹിക്കില്ല. ആഹാരമാണെന്നു ധരിച്ച് ആന തിന്ന പ്ലാസ്റ്റിക് കൂടുകൾ കൂടിപ്പിണഞ്ഞ് കുടലിൽ മൂന്നു മീറ്ററിലൊരു പ്ലാസ്റ്റിക് കയറുണ്ടായി. അതിൽ കുടൽ കുരുങ്ങി ആ ആന ചരിഞ്ഞു. ദൈവമേ! എനിക്ക് അത് ഓർത്തിട്ടു സഹിക്കുന്നില്ല.

ഞാൻ കേരളത്തിൽ മുഴുവൻ നടന്നു മക്കളേ! എവിടെയും മാലിന്യക്കൂമ്പാരം. ജലാശയങ്ങൾ നിറയെ പ്ലാസ്റ്റിക്. ടൺകണക്കിനാണ് പ്ലാസ്റ്റിക് വേസ്റ്റ് വേമ്പനാട്ടുകായലിലും മറ്റും അടിഞ്ഞിരിക്കുന്നത്. ആ പ്ലാസ്റ്റിക് പൊടിഞ്ഞുണ്ടാകുന്ന പ്ലാസ്റ്റിക്തരികൾ മീനുകൾ വിഴുങ്ങുന്നു. ആഹാരമാണെന്നു കരുതിയാണ് തിന്നുന്നത്. ആ മീനുകളെയാണ് കൂട്ടുകാരേ കേരളീയർ തിന്നുന്നത്. കേര

**ജലാശയങ്ങൾ നിറയെ പ്ലാസ്റ്റിക്. ടൺകണക്കിനാണ് പ്ലാസ്റ്റിക് വേസ്റ്റ് വേമ്പനാട്ടുകായലിലും മറ്റും അടിഞ്ഞിരിക്കുന്നത്. ആ പ്ലാസ്റ്റിക് പൊടിഞ്ഞുണ്ടാകുന്ന പ്ലാസ്റ്റിക്തരികൾ മീനുകൾ വിഴുങ്ങുന്നു. ആഹാരമാണെന്നു കരുതിയാണ് തിന്നുന്നത്. ആ മീനുകളെയാണ് കൂട്ടുകാരേ കേരളീയർ തിന്നുന്നത്.**



ളത്തിലുള്ളവർക്ക് ഭാവിയിൽ കാൻസറല്ല അതിനപ്പുറം പല രോഗങ്ങളും ഉണ്ടാകുമെന്നു തീർച്ച.

പ്രിയപ്പെട്ടവരേ! ഓണം അടുത്തുവരുന്നു. നിങ്ങൾ പ്ലാസ്റ്റിക് പൂക്കൾ കൊണ്ട് പൂക്കളമൊരുക്കുകയില്ലെന്നു കരുതട്ടെ. ഈ ഓണക്കാലത്ത് പ്ലാസ്റ്റിക്കിനോട് വിട പറയാനുള്ള വിവേകം നിങ്ങൾ കാണിക്കണം എന്നാണ് എന്റെ അപേക്ഷ.

ഓണത്തിനു ഹോട്ടലിൽ നിന്നു പാഴ്സൽ വരുത്തുന്നതല്ലേ ഇന്നു ഫാഷൻ! അങ്ങനെ പാഴ്സൽപായസം വാങ്ങുമ്പോൾ പ്ലാസ്റ്റിക്പാത്രത്തിൽ വേണ്ട എന്നുപറയുക. നിങ്ങൾ തന്നെ വീട്ടിലെ ഗ്ലാസ്സോ സ്റ്റീലോ പാത്രവുമായി പോവുക. കറികളും പ്ലാസ്റ്റിക് പാത്രത്തിൽ വാങ്ങരുത്. പച്ചക്കറി പ്ലാസ്റ്റിക് കൂടുകളിൽ വാങ്ങരുത്. കടയിൽ തുണിസഞ്ചിയുമായി പോവുക. ഈ പ്രകൃതിയെ രക്ഷിക്കാൻ പ്ലാസ്റ്റിക് കാരിബാഗുകൾ എങ്കിലും വേണ്ടെന്നു വയ്ക്കാൻ നിങ്ങൾക്കു കഴിയുകയില്ലേ?

ഈ ഓണക്കാലത്ത് ഒരു പ്രതിജ്ഞയെടുക്കൂ. കഴിയുന്നത്ര പ്രകൃതിസൗഹൃദ ജീവിതം ഇനി ഞാൻ നയിക്കുമെന്ന്. ധൂർത്ത് നിർത്തുക. ആഹാരം വേസ്റ്റാക്കാതിരിക്കുക. ഓണക്കോടി അത്യാവശ്യമുണ്ടെങ്കിൽ മാത്രം വാങ്ങുക. 'വേണം വേണം' എന്നു പറയാനേ നാം ഇപ്പോൾ ഓർക്കാറുള്ളൂ. 'വേണ്ട വേണ്ട' എന്നു പറയാനും പഠിക്കണം. 'മതി മതി' എന്നും പറയണം.

നമ്മുടെ പ്രിയപ്പെട്ട കേരളത്തെ നമുക്കു രക്ഷിക്കാനാകും. ലോകത്തെയും രക്ഷിക്കാനാകും. നമ്മുടെ നാട് സ്വർഗമാക്കാനാകും. പക്ഷേ അതിന് നാം മാറണം. പ്രകൃതിബോധമുള്ളവരാകണം. ആവുകയില്ലേ? ഇല്ലേ?

# സ്മരിക്കുക, നമസ്കരിക്കുക

ശതാബ്ദങ്ങളായി നമ്മെ അടിമകളാക്കി വാണ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ ചങ്ങലക്കെട്ടുകൾ പൊട്ടിച്ചെറിഞ്ഞ ശുഭദിനമാണിത്. യൂണിയൻ ജാക്ക് താഴുകയും ചെങ്കോട്ടയിൽ ത്രിവർണപതാക ഉയർന്നു പാറിപ്പറക്കുകയും ജനകോടികൾ ജയഘോഷം മുഴക്കുകയും ചെയ്ത സുദിനം. ഇന്നു നിങ്ങൾ സ്മരിച്ചു വന്ദിക്കുവിൻ– അഹിംസയുടെയും സ്നേഹത്തിന്റെയും പ്രവാചകനായ ഗാന്ധിജിയെ, കുഞ്ഞുങ്ങളെ പ്രാണനുതുല്യം സ്നേഹിച്ചിരുന്ന ചാച്ചാ നെഹ്റുവിനെ, ജയ് ഹിന്ദ് എന്ന മന്ത്രം നമുക്കു നൽകിയ വീര നേതാജി സുഭാഷ് ചന്ദ്രബോസിനെ, ഉരുക്കുമനുഷ്യനായ സർദാർ വല്ലഭായി പട്ടേലിനെ, ശാന്തഗംഭീരനായ രാജേന്ദ്രപ്രസാദിനെ, മഹാനായ മൗലാന ആസാദിനെ, അതിർത്തിഗാന്ധി എന്ന് കീർത്തിക്കപ്പെട്ട ഖാൻ അബ്ദുൾ ഗാഫർഖാനെ, നമുക്കു വേണ്ടി തൂക്കുമരമേറിയ ഭഗത്സിങിനെയും കൂട്ടുകാരെയും നമ്മുടെ സ്വന്തം വേലുത്തമ്പി ദളവയെ, പഴശ്ശിത്തമ്പുരാനെ...

വെടിയുണ്ടയേറ്റും ലാത്തിയടിയേറ്റും കുതിരക്കുളമ്പടികൾക്കടിയിൽ ചതഞ്ഞും ജയിലഴികൾക്കുള്ളിൽ നരകിച്ചും സ്വജീവിതങ്ങൾ ബലിയർപ്പിച്ച ജ്ഞാതരും അജ്ഞാതരുമായ ആയിരമായിരം രക്തസാക്ഷികളെ, മരിച്ചു ജീവിച്ചവരെ, സർവവും നഷ്ടപ്പെട്ടവരെ– അവരുടെയെല്ലാം തിളങ്ങുന്ന ജീവിതങ്ങൾക്കു മുന്നിൽ നമുക്ക് നന്ദിയോടെ നമസ്കരിക്കാം. മറക്കില്ല ഞങ്ങൾ നിങ്ങളെ, ഈ സ്വാതന്ത്ര്യത്തിന്റെ മഹത്വം ഞങ്ങൾ എന്നും കാത്തുസൂക്ഷിക്കും എന്നു പ്രതിജ്ഞ ചെയ്യാം.





വര: സുധീർ പി വൈ



വര: സുധീർ പി വൈ

# ആഗസ്റ്റ് 15

ധവള ഹിമഗിരി ശിഖരികൾ മുതലീ–
ക്കടലിൻ കരയോളം
ചലിത ഗംഗാവീചികൾ കഴുകി–
ത്തെളിയും ഹൃദയവുമായ്
ഒരു മഹോജ്വല ശക്തി വിജൃംഭി–
ച്ചുയരും കൈകളുമായ്
പുതിയൊരിന്ത്യയെ നിർമിക്കാനൊരു
ജനതതിയുണരട്ടേ..!

പഴയ ഭൂമിയിലുച്ചം നമ്മുടെ
പതാക പാറുന്നു
മിഴിയുയർത്തുവിനാഹ്ലാദത്തിൻ
പൂമഴ പൊഴിയുന്നൂ
ഇക്കൊടിയുടെ മാനം ഞങ്ങൾ
മറക്കുകയില്ലമ്മേ, അമ്മേ
ഇക്കരളുകൾ നിൻ പാദത്തിൽ
പൂവുകളാണമ്മേ, അമ്മേ
പൂവുകളാണമ്മേ...





# ഒരു കുട്ടിപ്പാട്ട്

**ശ്രീകുമാരൻ തമ്പി**

കുങ്കുമാർച്ചന തുടങ്ങി വാനിൽ
ചെന്താമരപ്പുലരി
പച്ചിലക്കുമ്പിളിൽ പൂക്കളുമായി
കൊച്ചു പൂവാടികൾ കാത്തുനിൽപ്പൂ.

ഇടറിയ കർക്കടകം പോയി
ആ മലർച്ചിങ്ങത്തേരിറങ്ങി
കാവിൽ തൊഴുതു വലം വച്ചു വരും
കാറ്റും കീർത്തനമാല പാടി
അക്കരെ പോയി പാട്ടു പഠിച്ച്
കൊച്ചു മുളങ്കിളികൾ വരവായി

ഇളവെയിൽ പൊന്നലച്ചാർത്തുകളിൽ
പുഴ തൻ ഞൊറിവുകൾ കളിയാടി
താളം തുള്ളി തുള്ളി വരും ചെറു
കരിയിലകൾ തോണികളായി
അക്കരെ പോയി പൂമ്പൊടി തിന്നാൻ
കൊച്ചുറുമ്പൊരു തോണിയിലേറി...



വര: ബാബുരാജൻ



# കേശവന്റെ ജൈത്രയാത്ര

**സിപ്പി പള്ളിപ്പുറം**



വര: സതീഷ് കെ

കേശവന്റെ എഴുത്തും വായനയും ഒരുവിധം വളർന്നുവരുന്ന കാലമായിരുന്നു അത്. ലോകജനതയെ മുഴുവൻ പിടിച്ചുകുലുക്കിയ രണ്ടാം ലോകമഹായുദ്ധം കഴിഞ്ഞതേയുള്ളൂ. നാട്ടിലെ മ്പാടും പട്ടിണിയും ദാരിദ്ര്യവും അഴിഞ്ഞാടുകയാണ്. ഒരുനേരത്തെ ആഹാരത്തിനുവേണ്ടി എന്തുചെയ്യാനും ആളുകൾക്ക് മടിയില്ലാത്ത അവസ്ഥ.

ഈ സന്ദർഭത്തിലാണ് താനെഴുതിയ കഥകൾ ഒരു പുസ്തകമായി പ്രസിദ്ധീകരിച്ചു കാണണമെന്ന മോഹവുമായി കൊച്ചുകേശവൻ കൊല്ലത്തെ ചിന്നക്കടയിലെത്തിയത്.

അന്നേക്ക് കേശവൻ ഭക്ഷണം കഴിച്ചിട്ട് രണ്ടുദിവസം കഴിഞ്ഞിരുന്നു. ഇടയ്ക്ക് ഒന്നോ രണ്ടോ ചായകുടിച്ചതല്ലാതെ മറ്റൊന്നും വാങ്ങിക്കഴിക്കാൻ അവന്റെ കൈയിൽ കാശുണ്ടായിരുന്നില്ല.

ചിന്നക്കടയിലെ 'കയിലോൺ ഫാക്ടറി വർക്കേഴ്സ് യൂണിയൻ' ഓഫീസ് കേശവന് കൂടുതൽ പരിചയമുള്ള സ്ഥലമായിരുന്നു. അവിടെ ഇതിനുമുമ്പും കേശവൻ വന്ന് താമസിച്ചിട്ടുണ്ട്. പട്ടിണിയാണെങ്കിലും രാത്രിയിൽ ഓഫീസിൽ കിടന്നുറങ്ങാമല്ലോ.

നേരം അന്തിമയങ്ങി. കേശവൻ ഒരു റാന്തൽവിളക്ക് കത്തിച്ച് ഓഫീസിന്റെ മുന്നിൽ കൊളുത്തി. തെരുവിലെങ്ങും നല്ല തിരക്കാണ്. കാളവണ്ടിക്കാരും റിക്ഷാവണ്ടിക്കാരും അവിടവിടെയായി ചിന്നിച്ചിതറിക്കിടക്കുന്നു.

കേശവൻ ഓഫീസിന്റെ ഇറയത്തുകിടക്കുന്ന ബഞ്ചിലിരുന്ന് തെരുവിലെ ഓരോ കാഴ്ചയും നോക്കിക്കാണുകയായിരുന്നു.

ഓഫീസിന്റെ തൊട്ടുമുന്നിലുള്ള പലവ്യഞ്ജനക്കടയ്ക്കരികിൽ ഒരു റിക്ഷാവണ്ടി കിടക്കുന്നത് കേശവൻ പ്രത്യേകം ശ്രദ്ധിച്ചു. റിക്ഷാക്കാരൻ ഒരു മൂളിപ്പാട്ടും പാടി അതിന്റെ പടിയിൽക്കയറി ഇരിപ്പുണ്ട്. റിക്ഷയുടെ തൊട്ടുപിന്നിലായി ഏതോ ഒരു പെൺകുട്ടി നിൽക്കുന്നു. അവളുടെ കൈവശം രണ്ടുമൂന്നു കടലാസുപൊതികളും ഒരു കുപ്പിയുമുണ്ടായിരുന്നു.

ഇതിനിടയിൽ റിക്ഷാക്കാരൻ അയാളുടെ റിക്ഷാവണ്ടി പിറകോട്ടെടുത്തു. എന്തൊരുകഷ്ടം! വണ്ടിയുടെ പിൻഭാഗം പെൺകുട്ടിയുടെ ദേഹത്തുചെന്നിടിച്ചു. അവൾ തൊട്ടടുത്തുള്ള ഓടയിലേക്കു കമഴ്ന്നടിച്ച് ഒരൊറ്റ വീഴ്ച. കൈയിലുണ്ടായിരുന്ന പലവ്യഞ്ജനപ്പൊതികളും കുപ്പിയുമെല്ലാം ഓടയിൽ വീണ് പൊട്ടിച്ചിതറി. റിക്ഷാക്കാരൻ പെട്ടെന്ന് റിക്ഷാ നിറുത്തി പെൺകുട്ടിയുടെ അരികിലേക്ക് ഓടിച്ചെന്നു. അയാൾ തിടുക്കത്തിൽ അവളെ വാരിയെടുത്തു. പൊട്ടിക്കരയുന്ന ആ ബാലികയുടെ കവിളിൽ നിന്ന് അയാൾ കണ്ണീരു തുടച്ചുകളഞ്ഞു. അവളുടെ ദേഹത്തു പറ്റിയിരുന്ന ചേറും ചെളിയുമെല്ലാം കഴുകി വൃത്തിയാക്കി. എന്നിട്ടും അവളുടെ കരച്ചിൽ നിന്നില്ല.

''കൈയിലുള്ള അരിയും സാധനങ്ങളുമൊക്കെ ഓട



യിൽ വീണുപോയി. വെറും കൈയോടെ കേറിച്ചെന്നാൽ അമ്മയെന്നെ കൊല്ലും.'' അവൾ പിന്നെയും കരയാൻ തുടങ്ങി.

റിക്ഷാക്കാരൻ പറഞ്ഞു: ''മോള് കരയണ്ട. അരിയും സാമാനങ്ങളും വാങ്ങാനുള്ള കാശ് ഞാൻ തരാം.'' അയാൾ വേഗം പോക്കറ്റിൽ നിന്ന് പണമെടുത്ത് അവൾക്കുകൊടുത്തു. അതോടെ അവളുടെ കരച്ചിൽ നിന്നു. അവൾ സന്തോഷത്തോടെ ഓടിപ്പോയി. റിക്ഷാക്കാരനും അപ്പോൾ തന്നെ അവിടം വിട്ടു.

ഈ സംഭവമെല്ലാം കേശവൻ കണ്ണെടുക്കാതെ നോക്കിക്കാണുകയായിരുന്നു. ഓടയിൽ വീണ കുട്ടിയുടെ ദൈന്യത, റിക്ഷാക്കാരൻ അവളോടു കാണിച്ച കാരുണ്യം, ഒരു തൊഴിലാളിയുടെ ആത്മാർഥത. ഇതെല്ലാം കേശവന്റെ മനസ്സിനെ വല്ലാതെ പിടിച്ചുലച്ചു.

ഓട ഒരു പ്രതീകമാണെന്ന് കേശവനു തോന്നി. നമ്മുടെ സമൂഹം ഒരു ഓടയിൽ വീണു കിടക്കുകയാണ്. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും അനീതിയും അധർമങ്ങളും പട്ടിണിയും ദാരിദ്ര്യവുമെല്ലാം കൂടിക്കുഴഞ്ഞുകിടക്കുന്ന ഒരു ഓടപോലെയാണ് മനുഷ്യജീവിതമെന്ന് കേശവൻ കണക്കുകൂട്ടി. ഈ സങ്കൽപ്പത്തിൽ ഒരു നോവലെഴുതിയാൽ സമൂഹം താത്പര്യത്തോടെ വായിക്കുമെന്നും അത് ജീവിതഗന്ധിയായ ഒരു കൃതിയാവുമെന്നും കേശവൻ വിചാരിച്ചു. തന്റെ ജീവിതവും കാഴ്ചപ്പാടുകളുമെല്ലാം അതിൽ ഉണ്ടാകണമെന്നും അവൻ ആഗ്രഹിച്ചു.



അതനുസരിച്ച് ചിന്നക്കടയിലെ യൂണിയനോഫീസിന്റെ മരബഞ്ചിൽ കിടന്നുകൊണ്ട് കേശവൻ ആ നോവലിന്റെ ആശയം വികസിപ്പിച്ചെടുത്തു. റിക്ഷാക്കാരന് കേശവൻ പപ്പു എന്നു പേരിട്ടു. ഓടയിൽ വീണ പെൺകുട്ടിക്ക് ലക്ഷ്മി എന്നും. തുടർന്ന് മറ്റു കഥാപാത്രങ്ങളെ സൃഷ്ടിച്ചു. അതങ്ങനെ മനസ്സിന്റെ ഉള്ളറയിൽ സൂക്ഷിച്ചുവച്ചു.

പിറ്റേദിവസം രാവിലെ കേശവൻ നേരത്തെ കൈയിലുള്ള കഥകളുടെ കൈയെഴുത്തു പ്രതിയുമായി ചിന്നക്കടയിലെ ഒരു ബുക്ക് സ്റ്റാളിലേക്കു കയറിച്ചെന്നു. പി എൻ പങ്കനായിരുന്നു ബുക് സ്റ്റാളിന്റെ നടത്തിപ്പുകാരൻ. കൈയെഴുത്തുപ്രതി പങ്കനെ ഏൽപ്പിച്ചിട്ട് അവൻ അൽപ്പം പണം ചോദിച്ചു.

''കേശവാ കഥ ഇവിടെ ഇരിക്കട്ടെ. ഇപ്പോൾ അത്യാവശ്യമായി വേണ്ടത് ഒരു നോവലാണ്. തൊഴിലാളികൾ പുതിയ നോവലുണ്ടോ എന്നാണന്വേഷിക്കുന്നത്. ഒന്നു പരിശ്രമിച്ചു നോക്കൂ.''

ഇതു കേൾക്കേണ്ട താമസം, അന്നുതന്നെ കേശവൻ ചിന്നക്കടയിലെ ബ്രാഹ്മണാൾ ഹോട്ടലിൽ ഒരു മുറിയെടുത്തു. മനസ്സിൽ നിന്ന് ഒരരുവിപോലെ ഒഴുകിയെത്തിയ നോവൽ താമസംവിനാ അവൻ എഴുതിത്തീർത്തു. നോവലിന് പേരും കൊടുത്തു, 'ഓടയിൽനിന്ന്'.

നോവലിന്റെ കൈയെഴുത്തുപ്രതി ചൂടോടെ തന്നെ കേശവൻ പങ്കനെ ഏൽപ്പിച്ചു. വായിച്ചുനോക്കിയശേഷം പങ്കൻ നൂറ്റിയമ്പതുരൂപ പ്രതിഫലമായി അവനുകൊടുത്തു. അവന്റെ സന്തോഷത്തിന് അതിരുണ്ടായിരുന്നില്ല.

'ഓടയിൽനിന്ന്' എന്ന വിഖ്യാതനോവലിന്റെ പിറവി അങ്ങനെയായിരുന്നു. കേശവൻ, കേശവദേവായി അറിയാൻ തുടങ്ങിയതും അതോടെയാണ്.

പിൽക്കാലത്ത് പുരോഗമന സാഹിത്യ പ്രസ്ഥാനത്തിന്റെ കരുത്തനായ സാരഥിയായി കേശവദേവ് മാറി. ദേവ്, തകഴി, ബഷീർ എന്നീ ത്രിമൂർത്തികൾ മലയാളസാഹിത്യത്തിൽ ഒരു പുത്തൻപാത വെട്ടിത്തുറന്നു.

1904 ജൂലൈ 20 ന് വടക്കൻ പറവൂരിനടത്തുള്ള കെടാമംഗലം എന്ന ഗ്രാമത്തിലാണ് കേശവദേവ് പിറന്നത്. പട്ടിണിയും പരിവട്ടവും നിറഞ്ഞ ജീവിതത്തിനിടയിലാണ് അദ്ദേഹം തന്റെ ശ്രദ്ധേയമായ കൃതികൾ പലതും രചിച്ചത്.

ഓടയിൽ നിന്ന്, അധികാരം, അയൽക്കാർ, ഭ്രാന്താലയം, നടി, റൗഡി, കണ്ണാടി, എതിർപ്പ്, സ്വപ്നം എന്നീ കൃതികൾ കൂടുതൽ പ്രശസ്തങ്ങളാണ്. 'അയൽക്കാർ' എന്ന കൃതിക്ക് കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു. നിരവധി വിവാദങ്ങൾക്ക് തിരികൊളുത്തിയ മലയാളസാഹിത്യത്തിലെ ഈ 'ധിക്കാരി' 1983 ൽ അന്തരിച്ചു.

കഥ

# ആരുമറിഞ്ഞില്ല പോയതും വന്നതും

ചന്ദ്രമതി

വീട് വിട്ടുപോകാൻ തീരുമാനിച്ച രാത്രി റയാന് ഉറങ്ങാനേ പറ്റിയില്ല. അവന്റെ മനസ്സ് വളരെ അസ്വസ്ഥമായിരുന്നു. തന്റെ മുറി. ചുവരിൽ താൻ ഒട്ടിച്ചുവച്ച സ്റ്റിക്കറുകൾ കൊച്ചുമേശ. പുസ്തകങ്ങൾ. ഇതുവരെയാരും കാണാത്ത ഈരടിക്കവിതകൾ. അലമാരയിലെ തന്റെ പ്രിയ വസ്ത്രങ്ങൾ. ഇതെല്ലാം ഉപേക്ഷിക്കണമല്ലോ എന്ന് അവന് ദുഃഖം തോന്നി. പക്ഷേ അതു ചെയ്യാതെ വയ്യ.

റയാൻ വീടുപേക്ഷിക്കുന്നത് എന്നത്തേക്കുമായല്ല. ഒരുനാൾ അവൻ തിരിച്ചുവരും. അഥവാ പോലീസോ മറ്റാരെങ്കിലുമോ അവനെ കണ്ടെത്തി തിരികെ കൊണ്ടെത്തിക്കും. അത് അവനു തീർച്ചയാണ്. കേശവിന്റെ കാര്യത്തിൽ അങ്ങനെയാണല്ലോ സംഭവിച്ചത്. കേശവ് കൃഷ്ണ വരാത്തപ്പോൾ പനിയാവുമെന്നു കരുതി. പിന്നെയാണ് കുട്ടികൾ അടക്കം പറഞ്ഞു തുടങ്ങിയത്. 'നമ്മുടെ കേശവ് കൃഷ്ണ ഒളിച്ചുപോയി.' റയാൻ അത് വീട്ടിൽ പറഞ്ഞതിന്റെ അന്നു വൈകുന്നേരം അവന്റെ അച്ഛനും അമ്മയും കൂടി കേശവിന്റെ വീട്ടിൽ ദുഃഖം അന്വേഷിച്ചു പോകാനിറങ്ങി. താനും വരുന്നുവെന്ന് റയാൻ ശാഠ്യം പിടിച്ചതാണ്. പക്ഷേ അവർ വഴക്കു പറഞ്ഞതേയുള്ളൂ.



വര: സുജിത് പി വി

"അസത്ത് ഇങ്ങനെ വല്ലതും ചെയ്താൽ നിന്റെ തുടയിലെ തൊലി അടിച്ചുപൊട്ടിക്കും." അമ്മ പറഞ്ഞു.

അവർ പോയപ്പോൾ റയാൻ ചിരിച്ചു. വീടുവിട്ടുപോയാൽ എങ്ങനെയാണ് തുടയിലെ തൊലി അടിച്ചു പൊട്ടിക്കുക? കണ്ടിട്ടുവേണ്ടേ അതൊക്കെ ചെയ്യാൻ?

അമ്മയും അച്ഛനും ആ വീട്ടിൽ നിൽക്കുമ്പോഴാണ് കേശവ് കൃഷ്ണയെ പോലീസ് കണ്ടെത്തിയെന്ന് ന്യൂസ് വന്നത്.

"അവനോടിനി കൂട്ടു വേണ്ട." അച്ഛൻ റയാനോട് പറഞ്ഞു. "എവിടെയൊക്കെ പോയി. ആരൊക്കെ എന്തൊക്കെചെയ്തു എന്ന് ആർക്കറിയാം?"

"അതെ" അമ്മ പറഞ്ഞു. "ബാക്കിയുള്ളവരെക്കൂടി ചീത്തയാക്കും. നീ കേട്ടല്ലോ അച്ഛൻ പറഞ്ഞത്?"

റയാൻ തലയാട്ടി.

"അനുസരണക്കേടു കാട്ടിയെന്നറിഞ്ഞാൽ..." അമ്മ

ക്രുദ്ധയായി നോക്കി. തുടയിലെ തൊലി പൊട്ടിക്കുമായിരിക്കും എന്ന് റയാൻ വിചാരിച്ചു. പക്ഷേ അമ്മ ഇത്തവണ മാറ്റിപ്പിടിച്ചു.

''മൂന്നായിട്ടു വെട്ടി മൂന്നു കുഴിയിലിട്ടു മൂടും.'' അമ്മ പറഞ്ഞു.

'ഒരു കുഴിപോരെ' എന്ന് റയാൻ മനസ്സിൽ ചിരിച്ചു. ആ ചിരിയുടെ നിഴൽ അവന്റെ മുഖത്തു വന്നതുകണ്ട അമ്മ 'എന്താടാ ഇളിക്കുന്നത്?' എന്നു ചോദിക്കുകയും 'നല്ല തല്ലുകിട്ടാത്തതിന്റെ കുറവാണ്' എന്നുപറഞ്ഞ് അച്ഛൻ കൈ ഓങ്ങുകയും ചെയ്തു.

അച്ഛനും അമ്മയും കല്യാണത്തിനുപോയ ദിവസം റയാൻ, കേശവ് കൃഷ്ണയെ വിളിച്ചു. കേശവിന്റെ അച്ഛനും അമ്മയും അതേ കല്യാണത്തിനു പോകുമെന്ന് അവന് അറിയാമായിരുന്നു. പക്ഷേ വീട്ടിൽ ജോലിക്കാരി ഉള്ളതുകൊണ്ട് കേശവിന് സംസാരിക്കാൻ പേടിയായിരുന്നു.

''വിശദമായിട്ട് പിന്നീട് പറയാം.'' കേശവ് പറഞ്ഞു. ''നീ ഒരിക്കലും വീടുവിട്ടുപോകരുത് റയാൻ. നമ്മൾ വിചാരിക്കുന്നതുപോലെയൊന്നുമല്ല. ആളുകളൊക്കെ ചീത്തയാ. പോലീസ് അങ്കിൾമാർ എന്നെ കണ്ടുപിടിച്ചില്ലായിരുന്നെങ്കിൽ എന്റെ കിഡ്നിയൊക്കെ അവർ അടിച്ചുമാറ്റിയേനേ.''

കിഡ്നിയുടെ പ്രവർത്തനത്തെക്കുറിച്ചൊക്കെ റയാൻ ക്ലാസിൽ പഠിച്ചിട്ടുണ്ട്. ശരീരത്തിലെ അഴുക്കുകൾ ശേഖരിച്ചു പുറംതള്ളാൻ കിഡ്നി ഇല്ലെങ്കിൽ നമ്മൾ മരിച്ചുപോകും. ഒരു കിഡ്നിയെങ്കിലും വേണം. കേശവിന്റെ രണ്ടു കിഡ്നിയും അവർ എടുത്തിരുന്നെങ്കിൽ... റയാൻ നടുങ്ങിവിറച്ചു.

"കേശവ്, ആരാണീ അവർ?" റയാൻ ചോദിച്ചു. "നിന്റെ കിഡ്നി അവർക്കെന്തിനാണ്?"

''വിറ്റു കാശാക്കാനാണെടാ. കിഡ്നിക്കൊക്കെ വലിയ വിലയാണ്! അവർ സ്നേഹം കാണിച്ച് എന്റെകൂടെ കൂടിയതാ. രണ്ടു പേരുണ്ടായിരുന്നു.''

''അയ്യോ!''

''എടാ, സുധ ആന്റി അടുക്കളയിൽ നിന്നു ശ്രദ്ധിക്കുന്നുണ്ട്. ആരെയും വിളിക്കരുത്, ആരോടും സംസാരിക്കരുതെന്നാ അച്ഛനും അമ്മയും പറഞ്ഞത്. ഞാൻ വയ്ക്കട്ടെ?''

''നിൽക്കെടാ. ഒരു കാര്യം കൂടെ. നിന്നെ അങ്കിളും ആന്റിയും ഒരുപാട് തല്ലിയോ?''

''ഇല്ല. ഭയങ്കര സ്നേഹമായിരുന്നു. ഇഷ്ടമുള്ളതൊക്കെ ഇപ്പോൾ വാങ്ങിച്ചുതരും. പഴയതുപോലെയേ അല്ല. ഒരു വഴക്കും പറയില്ല. ഇപ്പോൾ ലൈഫ് നല്ല രസമാടാ. ഞാൻ വയ്ക്കുവാണേ. പിന്നെ സംസാരിക്കാം.''

അപ്പോൾ വീടുവിട്ടുപോയി മടങ്ങിവന്നാൽ ലൈഫ് നല്ല രസമാകും. റയാൻ വിചാരിച്ചു. പക്ഷേ കിഡ്നിയും ലിവറുമൊക്കെ ആരും അടിച്ചുമാറ്റാതെ നോക്കണം. അതെങ്ങനെ?

പക്ഷേ അന്ന് റയാന് വീടുവിട്ടുപോകാൻ ഉദ്ദേശ്യമൊന്നുമില്ലായിരുന്നു. അച്ഛനും അമ്മയും നിസ്സാര കാര്യങ്ങൾക്കുപോലും ദേഷ്യപ്പെടുകയും തല്ലുകയുമൊക്കെ ചെയ്യുമെന്നല്ലാതെ വേറെ പ്രശ്നങ്ങളൊന്നുമില്ലായിരുന്നു.

എന്നാൽ ഇന്ന് അങ്ങനെയല്ല. അച്ഛനും അമ്മയും എപ്പോഴും പരസ്പരം വഴക്കുണ്ടാക്കുന്നു. രണ്ടുപേരുടെയും ദേഷ്യം മുഴുവനും ചൊരിയുന്നത് പാവം റയാന്റെ മേൽ. എന്താണ് കാരണമെന്നൊന്നും റയാന് അറിഞ്ഞുകൂടാ. ഒന്നുമാത്രം അറിയാം. ഇപ്പോൾ വീട്ടിലെ ജീവിതം അത്ര സുഖകരമല്ല. നല്ലവണ്ണം പഠിക്കാനും പറ്റുന്നില്ല.

ക്ലാസിലെ മികച്ച കുട്ടികളിലൊരാളായിരുന്നു റയാൻ. കണക്കൊഴികെ എല്ലാ വിഷയത്തിനും നല്ല മാർക്കു വാങ്ങും. എന്നാൽ എത്ര മാർക്കു വാങ്ങിയാലും അച്ഛനും അമ്മയ്ക്കും ഒരു തൃപ്തിയുമില്ല. കണക്കിനും പിന്നെ ഫിസിക്സിനും മാത്രമേ അവനു മാർക്കു കുറയാറുള്ളൂ. ബാക്കി വിഷയങ്ങളുടെ ഉയർന്ന മാർക്കൊന്നും കാണാത്തതുപോലെ അച്ഛനും അമ്മയും കണക്കിന്റെ മാർക്കിനു പിന്നാലെ പോകും. കേശവ് കൃഷ്ണയ്ക്കും അനുപമാ നിരഞ്ജനും സുനിതി മാത്യുവിനും അബാൻ തോമസിനും കിട്ടിയ മാർക്കുമായി ഒത്തുനോക്കും. പിന്നെ വഴക്കിന്റെ പെരുമഴ.

''ഞാനിനി എങ്ങനെ റാണി മാത്യുവിന്റെ മുഖത്തു നോക്കും.'' എന്ന് അമ്മ ആവലാതിപ്പെടുമ്പോൾ റയാൻ മനസ്സിൽ ചിരിക്കും. മുഖത്തു നോക്കണ്ട, കാലുകളിൽ നോക്കിയാൽ പോരേ എന്നു സ്വയം ചോദിക്കും. ആ ചിരിയുടെ നിഴൽ മുഖത്തു വരാതിരിക്കില്ല. അതു കണ്ടുപോയാൽ അടിയുടെ പെരുമഴ. ''ഒന്നായാൽ ഉലക്കക്കൊണ്ട് തല്ലണം.'' എന്ന് അമ്മ പറയാറുണ്ട്. ഉലക്ക പുരാവസ്തു ആയതിൽ റയാനു സന്തോഷം തോന്നും.

റയാൻ എന്ന വാക്കിന്റെ അർഥം കൊച്ചുരാജാവ് എന്നാ

**"നീ ഒരിക്കലും വീടുവിട്ടുപോകരുത് റയാൻ. നമ്മൾ വിചാരിക്കുന്നതുപോലെയൊന്നുമല്ല. ആളുകളൊക്കെ ചീത്തയാ. പോലീസ് അങ്കിൾമാർ എന്നെ കണ്ടുപിടിച്ചില്ലായിരുന്നെങ്കിൽ എന്റെ കിഡ്നിയൊക്കെ അവർ അടിച്ചുമാറ്റിയേനേ."**

ണെന്ന് അച്ഛമ്മ പറഞ്ഞുകൊടുത്തിട്ടുണ്ട്. ''നിന്റെ അച്ഛൻ ഈ വീട്ടിലെ വലിയ രാജാവ്. നീ കൊച്ചുരാജാവ്.'' ഈ കൊച്ചുരാജാവിനെയാണ് ഉലക്കകൊണ്ടു തല്ലണമെന്ന് അമ്മ പറയുന്നത്. പലതും പറഞ്ഞു കൊടുത്തിരുന്ന അച്ഛമ്മ മരിച്ചുപോയതിനുശേഷമാണ് റയാൻ വീട്ടിനുള്ളിൽ വല്ലാതെ ഒറ്റപ്പെട്ടു പോയത്.

അച്ഛമ്മ ഉണ്ടായിരുന്നെങ്കിൽ അവൻ വീടുവിട്ടുപോകുന്നതിനെക്കുറിച്ച് ആലോചിക്കുകപോലുമില്ലായിരുന്നു. എങ്കിൽ അച്ഛനും അമ്മയും ഇങ്ങനെ പോരുകോഴികളെപ്പോലെ യുദ്ധം ചെയ്യുകയുമില്ലായിരുന്നു.

അനുപമാ നിരഞ്ജൻ റയാനെ കുരങ്ങ് എന്നു വിളിച്ച ദിവസം അതുകേട്ടു നിന്നു ചിരിച്ച അബാൻ തോമസിന്റെ മുഖത്താണ് റയാൻ ഇടിച്ചത്. അതു ശരിക്കും അനുപമയ്ക്കുള്ള ഇടിയായിരുന്നു. അബാനുമായി വഴക്കായിരുന്നപ്പോൾ വഴക്കു കൂടുന്നത് ചീത്തക്കുട്ടികളാണ് എന്നു പറഞ്ഞാണ് അച്ഛൻ റയാനെ വഴക്കുപറഞ്ഞത്. അച്ഛൻ തന്നെ അബാന്റെ വീട്ടിൽ കൊണ്ടുപോയി വഴക്കു തീർക്കുകയും ചെയ്തു. എന്നിട്ടാണിപ്പോൾ അച്ഛൻ ചീത്തക്കുട്ടിയായി അമ്മയോടു കലഹിക്കുന്നത്.

കണക്കിനു മാർക്കു കുറഞ്ഞതിന് ക്ലാസിൽ വന്ന് മാത്സ് ടീച്ചർ അപമാനിച്ചതും റയാന്റെ മനസ്സിലുണ്ട്. ഇംഗ്ലീഷിന് 98, മലയാളത്തിന് 92... ഈ രണ്ടു മാർക്കും പിടിച്ചാണ് മാത്സ് ടീച്ചർ ക്ലാസിൽ ചൂടായത്.

''നിനക്ക് നിന്റെ അച്ഛന്റെ ആഗ്രഹമെന്തെന്നറിയരുതോ?'' മാത്സ് ടീച്ചർ മായാമാം ചോദിച്ചു. ''നിന്നെ അദ്ദേഹത്തെപ്പോലെ എഞ്ചിനീയർ ആക്കണമെന്ന്. ഇംഗ്ലീഷിനും മലയാളത്തിനുമൊക്കെ തൊണ്ണൂറിൽ കൂടുതൽ മാർക്കു വാങ്ങിയിട്ട് കണക്കിന് ഉഴപ്പിയാൽ നീ എങ്ങനെ എഞ്ചിനീയറാകും? നാണമുണ്ടോ നിനക്ക്? നീ വല്ല സ്കൂൾ ടീച്ചറുമായിരിക്ക്!''

അതിനെന്താ കുഴപ്പം എന്നു ചോദിക്കണമെന്നു തോന്നി റയാന്. മായാമാം സ്കൂൾ ടീച്ചർ മാത്രമല്ലേ? എഞ്ചിനീയറല്ലല്ലോ? എന്താണു കുഴപ്പം? പക്ഷേ അതു ചോദിച്ചാൽ പ്രത്യാഘാതങ്ങൾ ഗുരുതരമാകുമെന്നതുകൊണ്ട് അവൻ നിലത്തുനോക്കി വെറുതേ നിന്നതേയുള്ളൂ.

എല്ലാംകൂടി തനിക്കു താങ്ങാനാവുന്നില്ലെന്നവന് തോന്നി. കണക്കിന്റെ മാർക്ക് വീട്ടിൽ പറഞ്ഞദിവസം അച്ഛൻ അവനെ നല്ലവണ്ണം തല്ലി. മുറിയിൽ കരഞ്ഞുകിടന്ന റയാനെ അത്താഴം കഴിക്കാൻ ആരും വിളിച്ചില്ല. ആ രാത്രിയാണ് അവൻ തീരുമാനമെടുത്തത്, വീടുവിട്ടുപോകാൻ.

സ്ലാബിനു മുകളിലെ ചെറിയ ബാഗ് വലിച്ചെടുത്ത് അതിൽ അവൻ തന്റെ സാധനങ്ങൾ പെറുക്കിവച്ചു. നാളെ രാവിലെ ശൂന്യമായ മുറി കാണുമ്പോൾ അച്ഛനും അമ്മയും പഠിച്ചോളും. പിന്നെ പോലീസിനെ വിളിക്കും, കരയും. പോലീസിനു കണ്ടുപിടിക്കത്തക്കവിധത്തിലേ താൻ പോവുകയുള്ളൂ എന്നും റയാൻ തീരുമാനിച്ചു. കിഡ്നിക്കള്ളന്മാർക്കും മറ്റും പിടികൊടുക്കാൻ പാടില്ല. അടുത്ത് എവിടെയെങ്കിലുമൊക്കെ കറങ്ങി നടക്കുകയേയുള്ളൂ.

എങ്കിലും സമയമടുത്തുവരുന്തോറും റയാന് വെപ്രാളം തുടങ്ങി. പോകണോ? എന്തെങ്കിലും അപകടം പറ്റിയാലോ? എന്ത് അപകടം പറ്റാനാണ്? പോയെങ്കിലേ പ്രതികാരം ചെയ്യാനാവൂ. അച്ഛനോട്, അമ്മയോട്, മാത്സ്ടീച്ചർ മായാ മാമിനോട്. തിരികെ വരുമ്പോൾ എന്തൊരു രാജകീയ സ്വീകരണമാകും! പിന്നെ ആരും വഴക്കുപറയുകയില്ല. ചോദിക്കുന്നതൊക്കെ വാങ്ങിത്തരും. 'ഇനി നിങ്ങൾ വഴക്കു കൂടിയാൽ ഇനിയും ഞാനിറങ്ങിപ്പോകും. പിന്നെ വരികയേ ഇല്ല.' എന്നു പേടിപ്പിച്ചാൽ അച്ഛനും അമ്മയും നല്ല കുട്ടികളാകും.

എന്നാലും എങ്ങനെയാവും കേശവ് കൃഷ്ണൻ ധൈര്യത്തോടെ വീടിനു പുറത്തേക്കു കാലെടുത്തുവച്ചത്? അവൻ പിന്നീട് സ്കൂളിൽ വരാത്തതുകൊണ്ട് ചോദിക്കാനും പറ്റിയിട്ടില്ല. ഒന്നു വിളിച്ചാലോ?

റയാൻ മുറിയുടെ കതകു മെല്ലെത്തുറന്ന് വെളിയിലേക്കു നോക്കി.

മണി പതിനൊന്നാകുന്നു. ഹാളിലെ ലൈറ്റൊക്കെ അണഞ്ഞുകഴിഞ്ഞു. അച്ഛന്റെയും അമ്മയുടെയും മുറിയിലും പ്രകാശമില്ല. രാത്രി പന്ത്രണ്ടുമണിക്കു പോലും ടി വി റിമോട്ടിനു വഴക്കുണ്ടാക്കുന്നവരാണ്. ഇപ്പോൾ കിടന്നുകഴിഞ്ഞു.

ഒരുനിമിഷം പോലും പിരിയാത്ത മൊബൈലിനെ അച്ഛൻ ഹാളിലെ ടീപ്പോയിൽ വച്ചിരിക്കുകയാണെന്ന് റയാൻ കണ്ടു. ലാൻഡ് ലൈനിൽ കേശവിനെ വിളിച്ചാൽ മറ്റേ മുറിയിൽ ശബ്ദം കേൾക്കും. അവൻ മെല്ലെ അച്ഛന്റെ മൊബൈലു

റയാൻ എന്ന വാക്കിന്റെ അർഥം കൊച്ചുരാജാവ് എന്നാണെന്ന് അച്ഛമ്മ പറഞ്ഞുകൊടുത്തിട്ടുണ്ട്. "നിന്റെ അച്ഛൻ ഈ വീട്ടിലെ വലിയ രാജാവ്. നീ കൊച്ചുരാജാവ്. ഈ കൊച്ചുരാജാവിനെയാണ് ഉലക്കകൊണ്ടു തല്ലണമെന്ന് അമ്മ പറയുന്നത്.



മെടുത്ത് സ്വന്തം മുറിയിൽ കയറി കതകുചാരി.

കേശവ് തന്നെ ഫോണെടുത്തു.

''നീയെന്താടാ ഫോണിനടുത്തു കുത്തിയിരിക്കുകയാണോ?'' റയാൻ കളിയാക്കി.

''ഞാൻ വെള്ളമെടുത്തു മുറിയിലേക്കു പോകുമ്പോഴാ ഫോണടിച്ചത്. നിനക്കെന്താ ഉറക്കമില്ലേ?''

''ഞാനുറങ്ങാൻ പോവുകയാ. അപ്പോൾ നിന്നെ വിളിക്കണമെന്നു തോന്നി. നീ എന്താ സ്കൂളിൽ വരാത്തെ? മാർക്കൊക്കെ കിട്ടി. നിനക്ക് മാത്സിന് ഫുൾ മാർക്കുമുണ്ട്.''

''അപ്പോൾ നീ അറിഞ്ഞില്ലേ വിശേഷമൊന്നും?'' കേശവിന്റെ ശബ്ദത്തിൽ വിഷാദം കലർന്നു.

''എടാ, എന്നെ ഇനി ആ സ്കൂളിൽ കയറ്റില്ലെന്ന്. എനിക്ക് ബ്ലാക്മാർക്കായിപ്പോയി.''

''അയ്യോ... പിന്നെ നീ എങ്ങനെ പഠിക്കും?''

''അച്ഛൻ വേറെ ഒന്നുരണ്ട് സ്കൂളിലൊക്കെ നോക്കി. എന്തായാലും ഈ വർഷം നടക്കില്ലെന്നാ പറയുന്നേ. ലൈഫീന്ന് ഒരു വർഷം പോയെന്നു പറഞ്ഞ് അമ്മ കുറേ കരഞ്ഞു. ഞാനെല്ലാരേം വിഷമിപ്പിച്ചതല്ലേടാ? അതിന്റെ ശിക്ഷയാ. ഒന്നും വേണ്ടായിരുന്നു.''

''കേശവ്, ഞങ്ങളൊക്കെ നീ ഉടനെവരുമെന്നു കരുതി നോക്കിയിരിക്കുകയായിരുന്നു.''

''എല്ലാം പോയെടാ. നമ്മുടെ അച്ഛനും അമ്മയും മാത്രമേ എന്തു ചെയ്താലും നമ്മളെ തിരിച്ചെടുക്കുകയുള്ളൂ. ബാക്കിയുള്ളവർക്കൊക്കെ എന്താ! പിന്നെ, എനിക്കു ഭാഗ്യമുണ്ട്. കിഡ്നിയൊന്നും പോയില്ലല്ലോ. ജീവനോടെ തിരിച്ചുവന്നല്ലോ. എടാ അച്ഛന്റെ മുറീല് ലൈറ്റു തെളിഞ്ഞു. ഞാൻ വയ്ക്കട്ടെ? ഞാൻ വീണ്ടും ഇറങ്ങിപ്പോയോന്ന് കൂടെക്കൂടെ വന്നുനോക്കും. അവർക്കു പേടിയാ. പാവങ്ങൾ. ഞാൻ പോയി ഉറങ്ങിയതുപോലെ കിടക്കട്ടെ! ബൈ!''

റയാൻ തരിച്ചിരുന്നു. അവന് അച്ഛനെയും അമ്മയെയും ഒന്നു കാണണമെന്നു തോന്നി. ശബ്ദമുണ്ടാക്കാതെ അവൻ കതകു തുറന്നു നോക്കി.

ഇവരുടെ പിണക്കമൊക്കെ മാറിയോ? അവൻ അതിശയിച്ചുപോയി. സ്നേഹത്തോടെ പരസ്പരം ചേർന്നുകിടന്നുറങ്ങുന്ന അച്ഛനമ്മമാരുടെ ഇടയിലേക്കു നുഴഞ്ഞുകയറാൻ തോന്നിയതിനെ അടക്കി റയാൻ പിൻവാങ്ങി.

ബാഗിൽ നിന്ന് സാധനങ്ങൾ തിരിച്ചെടുത്ത് അവൻ യഥാസ്ഥാനത്തുവച്ചു.

രാവിലെ വൈകിയുണർന്ന് മുറിക്കു വെളിയിൽ വരുമ്പോൾ ന്യൂസ്പേപ്പർ വായിച്ചുകൊണ്ടിരുന്ന അച്ഛൻ ഒന്നു നോക്കി.

''എന്താടാ ഉറങ്ങാൻ താമസിച്ചോ?''

''വല്ല പുസ്തകോം വായിച്ചിരുന്നു കാണും.'' അമ്മ അവനു ചായ കൊടുത്തു.

''നിനക്ക് തോമസങ്കിളിനെ ഓർമയുണ്ടോ?'' അച്ഛൻ ചോദിച്ചു.

''ഉണ്ട്. അച്ഛന്റെ ഓഫീസിലെ...''

''അതെ. തോമസ് വീക്കെൻഡിൽ നിനക്ക് കണക്കു പറഞ്ഞുതരാമെന്ന് ഏറ്റിട്ടുണ്ട്. ഒരു സഹായം. അത്രേയുള്ളൂ. ബുദ്ധിയുള്ള കുട്ടിയാ നീ. ജീവിതത്തിൽ നീ ഉയരുമെന്ന് എനിക്കുറപ്പുണ്ട്...''

തന്റെ കണ്ണു നിറയുന്നത് അവർ കാണാതെ റയാൻ ശ്രദ്ധിച്ചു.

# പിണ്ടിപ്പായസം

പി കെ ഗോപി

അമ്മയും അച്ഛനും അടുക്കളയിൽ സദ്യയൊരുക്കുംമുമ്പ് എനിക്കൊരു ഗംഭീരസദ്യയുണ്ടാക്കണം. എല്ലാ പാചകസാമഗ്രികളും സംഘടിപ്പിച്ചിട്ടുണ്ട്. അരിയും പച്ചക്കറിയും മസാലപ്പൊടിയും ശർക്കരയും പപ്പടവുമെല്ലാം ശേഖരിക്കാൻ പെടാപ്പാടുപെട്ടു. എല്ലാം റെഡി. ചേച്ചിയെയും അനുജത്തിയെയും കൂട്ടിനു വിളിച്ചു. കുറുമ്പുകാരിച്ചേച്ചി വരുന്നില്ലെങ്കിൽ വേണ്ട. പോ. പിന്നൊരുകാര്യം. വിളമ്പുന്നേരം മണംപിടിച്ചു വന്നേക്കരുത്, പറഞ്ഞേക്കാം.

കല്ലും മടലും വച്ച് അടുപ്പു കൂട്ടി. പൊട്ടച്ചട്ടിയും ചിരട്ടയും അരിക്കലവും പായസച്ചെമ്പും കേറ്റി. കൊതുമ്പും കരിയിലയും വിറകായി. കോഴിവാലൻ ചെടിയുടെ ഇല അരിഞ്ഞുനുറുക്കി അനുജത്തി അവിയലുണ്ടാക്കി. പിച്ചിയില പിഴിഞ്ഞെടുത്ത് പച്ചടിയാക്കി. വെള്ളാരംകല്ലുകൾ ഉപ്പേരിയാക്കി. മണലരച്ച് ഒരു പരിപ്പുകറി. കരിയില പൊള്ളിച്ച് പപ്പടം. പപ്പടം കാച്ചുമ്പോൾ ശൂ...ശൂ... എന്ന് ഒച്ചവച്ചത് അനുജത്തി. ഇനി ഒറ്റക്കാര്യമേ ചെയ്യാനുള്ളൂ. പായസം... പാൽപ്പായസം! അതു ഞാൻ വച്ചോളാം. മറ്റാർക്കും അതറിയില്ല. അതിന്റെ ഗുട്ടൻസ്. അടുക്കളയിൽ നിന്ന് ഞാൻ നോക്കിപ്പഠിച്ചതാണ്. ഹായ്... ഹായ്... പായസം...

അച്ഛൻ കുലവെട്ടിയ വാഴപ്പിണ്ടി ഞാൻ പൊളിച്ചെടുത്തു. വെളുവെളാ വെളുത്ത ഉണ്ണിപ്പിണ്ടി. എന്തൊരു നേർമയും ഭംഗിയുമാണ്. തൊട്ടുനോക്കാൻ കൊതിതോന്നും. മുറിച്ചാൽ ഒരായിരം നൂലിഴകൾ വലിഞ്ഞുവരും. ഇഴകൾ ഒഴിവാക്കി പിണ്ടി നുറുക്കി ചെറുതാക്കണം. ഉരുളിയിലിട്ട് വറുക്കണം. തേങ്ങാപ്പാൽ ചേർക്കണം. നെയ്യ്, ശർക്കരത്തുണ്ട് എല്ലാംകൂടി അലിയിച്ചെടുത്ത മിശ്രിതം പകർന്ന് ഇളക്കിയിളക്കി വേവിച്ചു പാകപ്പെടുത്തണം. എന്റെ പാചകകല കണ്ട് എല്ലാവരും നോക്കിനിന്നു. അനുജത്തി പിറകിൽ കൈകെട്ടി മിണ്ടാതെ നിന്നു.

ഒടുവിൽ എന്റെ പാൽപ്പായസം ഭദ്രമായി അടുപ്പിൽ നിന്നിറക്കി വാഴച്ചുവട്ടിലെ പലകമേൽ വച്ചു. വിഭവങ്ങളെല്ലാം എണ്ണിനോക്കി. ഏഴു കറിയും പായസവും... പത്തു കറിയും പപ്പടവും... പതിനാലു കൂട്ടം കറിയും എരിശ്ശേരിയും.... അഞ്ചുകറിയും ഇഞ്ചിപ്പുളിയും...



വര: സുജിത് പി വി

എന്തെല്ലാം പഴഞ്ചൊല്ലുകൾ സദ്യയ്ക്കുവേണ്ടി അമ്മ പറയുന്നതുകേട്ടിട്ടുണ്ട്. എന്റെ സദ്യയ്ക്ക് ഏഴുകറിയും പായസവും! മതി. തിരുവോണത്തിന് ഇതുമതി. അവിട്ടത്തിനു വേണമെങ്കിൽ ഇതിലും കേമമാക്കാമല്ലോ.

ഏയ്- എല്ലാവരും പോയി കുളിച്ചുവന്നോളൂ. കന്നിവാഴക്കൈയിലെ കാക്കച്ചാരേ, സദ്യവേണേൽ കുളിച്ചു കുറിയിട്ടുവാ. വണ്ണാത്തിപ്പുള്ളേ, ഓണമായിട്ടു കരിയില ചിക്കിപ്പെറുക്കി നടക്കേണ്ട. കുളിച്ചു പുത്തനണിഞ്ഞുവാ. സദ്യതരാം. അണ്ണാറക്കണ്ണാ വായോ... ഉപ്പേരി തിന്നോളൂ...

ഇളവെയിലേ, ഒളിഞ്ഞുനോക്കേണ്ട, വന്ന് പന്തിയിലിരുന്നോ. പായസം തരാം. കോഴിസംഘമേ വിരുന്നുവാ. ഇന്ന് തിരുവോണമാണേ, ചിതലും പുഴുവും വേണ്ട... തൂശനിലയിട്ടു സദ്യതരാം. കൂനനുറുമ്പേ, ചോനനുറുമ്പേ, കരിയെറുമ്പേ, കട്ടുറുമ്പേ ഇതുവഴി വായോ ഓണമുണ്ണാൻ.

ഞാനൊരു കാരണവർ. എല്ലാവരും ഊണുകഴിച്ച് പായസം കുടിച്ച് തൃപ്തിയായി പോയാലേ കാരണവർ കൈനനയ്ക്കൂ. പാത്രങ്ങളെല്ലാം അടച്ചുവച്ചു. ഇനി പോയി കുളിച്ചുവരാം. മഞ്ഞക്കല്ലെടുത്ത് അരച്ചു കുഴച്ച് നെറ്റിയിൽ തൊട്ടാൽമതി. ചെങ്കദളി വാഴയുടെ ഇലവെട്ടി ഒരു പുത്തനുടുക്കണം. പ്ലാവില കുത്തിക്കുത്തി മെനഞ്ഞെടുത്ത ഒരു നേര്യത് തോളിലിടണം. ഈർക്കില് കൂർമ്പിച്ചു കുത്തിച്ചേർത്താൽ ഏതു പ്ലാവിലയും നേര്യതാവും!

''...യ്യോ... ഹമ്മേ, എന്റെ പായസപ്പാത്രം ദാ, നായ കടിച്ചുപിടിച്ചുകൊണ്ടോടുന്നു. അയ്യോ, എല്ലാം പോയേ, എന്റെ ഓണസദ്യ നശിച്ചേ!'' നാല് ദിക്കും ഇളക്കിമറിച്ച എന്റെ നിലവിളികേട്ട് അടുക്കളയിൽ നിന്ന് അച്ഛനുമമ്മയും സഹോദരങ്ങളും ഓടിവന്നു. വലിയ ആപത്തു പറ്റിയ നിലവിളിയല്ലേ... ഓടിപ്പാഞ്ഞു വരാതിരിക്കുമോ? ഇടവഴിയേ നടന്നുപോയ അയൽക്കാർപോലും എത്തിനോക്കി.

''എന്തുപറ്റി? എന്തിനാ കരയുന്നേ?'' അച്ഛന്റെ ചോദ്യം. അമ്മയുടെ ചോദ്യം.

''എന്റെ പായസച്ചിരട്ട പട്ടി കൊണ്ടുപോയി. അതാ അവിടെ വച്ച് നക്കിത്തോർത്തുന്നു. ഹമ്മേ, എല്ലാവരും കുളിച്ചു വരുമ്പം വിളമ്പാനുള്ളതാ...'' എന്റെ നിലവിളി ഉച്ചത്തിലായി.

അച്ഛൻ പരിസരം പരിശോധിച്ചു. ഉണ്ണിപ്പിണ്ടി അരിഞ്ഞിട്ട് വെള്ളം ചേർത്തത് പട്ടിക്കെന്തിനാ? പാലും നെയ്യും ശർക്കരയും സങ്കൽപ്പത്തിലല്ലേ? എന്നിട്ടും പട്ടി പിണ്ടിപ്പായസം നക്കുന്നു. പട്ടീ, നീയും സങ്കൽപ്പക്കാരനാണോ? കുട്ടികളുടെ കളിപ്പായസത്തിൽ നീയെന്തിനു കണ്ണുവച്ചു?

അച്ഛനു കാര്യം പിടികിട്ടി. അമ്മയാണ് രഹസ്യം പുറത്തുവിട്ടത്.


''പകുതി ചെരകിയെടുത്ത തേങ്ങാമുറി അടുക്കളയിൽ നിന്ന് ആരുംകാണാതെ എടുത്തതാണ് ല്ലേ?''

തേങ്ങാ കാന്തിയെടുക്കാൻ* പട്ടി പായസച്ചിരട്ട കടിച്ചോടി. അത്രേയുള്ളൂ. ഇനിയിപ്പോൾ അവൻ തിന്നോട്ടെ. ഓണമല്ലേ, തല്ലുംപിടിയും വേണ്ട. അച്ഛനും അമ്മയും അടുക്കളയിലേക്കു തിടുക്കപ്പെട്ടു നടന്നുപോയി. പായസപ്പാത്രം നോക്കി വിഷണ്ണനായി നിൽക്കുമ്പോൾ, ദാ എല്ലാരും കുളിച്ചുവന്നു!

എടാ, കള്ളപ്പട്ടിപ്പുളുങ്കൂസേ... എന്റെ പിണ്ടിപ്പായസം കുടിച്ച നിന്നെ കണ്ടോളാം. ഓണമൊന്നു കഴിഞ്ഞോട്ടെ.

**കാന്തിയെടുക്കുക- കരണ്ടെടുക്കുക*





# ജൂഡോ

ഏഴാച്ചേരി രാമചന്ദ്രൻ

കുട്ടമശ്ശേരിക്കുരുംബമഠത്തിലെ
രുദ്ര നാരായണൻപോറ്റി,
യോഗാപഠിച്ചും പഠിപ്പിച്ചുമെത്രയോ
നാളായ്പ്പുലരുന്നു നാട്ടിൽ.
ചിട്ടതൻകാര്യത്തിലിത്രകഠിനമാം
നിഷ്ഠ പുലർത്തുകില്ലാരും.

2


ഒരു തിങ്കളാഴ്ച പുലർച്ചയ്ക്കുമറ്റാരു-
മുണരുന്നതിന്നേറെമുന്നം,
ഓരോതരത്തിലുള്ളാസനങ്ങൾ
നാരായണൻപോറ്റിയഭ്യസിക്കെ,
വിശ്വസ്തനാകും വളർത്തുനായ
വിസ്മയപ്പെട്ടവ നോക്കിനിന്നു.
മക്കളേക്കാളും പ്രിയമുള്ള പുത്രനാ-
ണെത്രയും കേമനാം ജൂഡോ.

3

തന്നുടെ തമ്പുരാനെന്തിനിതേവിധം
തലകുത്തിനിൽക്കുന്നു പുൽപ്പായയിൽ!
കയ്യുകൾ രണ്ടുമുയർത്തിയൊറ്റക്കാലിൽ
മെയ്യനങ്ങാതൊരേനിൽപ്പ്.
ലങ്കോട്ടികെട്ടിപ്പിടലിക്കിരുകാലു-
മെന്തിനിമ്മട്ടിൽപ്പിണയ്ക്കാൻ!
പന്തികേടെന്തോ മണക്കുകയാൽ
പട്ടി കുരയ്ക്കാൻ തുടങ്ങി.

4

തുടലിട്ടുപൂട്ടിയ ജൂഡോയിതേവിധം
തുടരെത്തുടരെക്കുരയ്ക്കുകയാൽ,
പാതി മയക്കത്തിൽ നിന്നുമെഴുന്നേറ്റു
ഭാര്യകലാധരിയെത്തി.
പുലരുവാനിനിയേറെ നേരമെന്നാൽ പടി-
പ്പുരയിലാരോ വന്നു മുട്ടുന്നുവോ?
കുരയും ബഹളവും മുറുകിയപ്പോൾ മക്കൾ
തൊടിയിലിറങ്ങി നടന്നുനോക്കി.



വര: അരുണ ആലഞ്ചേരി

## 5


പാത്തും പതുങ്ങിയും കള്ളന്മാരാരാനും
പോർട്ടിക്കോവിൽ വന്നുനിന്നതാമോ?
മതിലുചാടിക്കടന്നാരോ മറഞ്ഞതായ്
മരുമകൻ ഗോവിന്ദനുണ്ണി.
പണവും സ്വർണവും വെച്ചോരലമാര
പരിശോധിച്ചൂ മകൾ ഭാസുരാംഗി.
നഗരനിരീക്ഷണം ചെയ്യുന്ന പോലീസിൽ
വിവരം ധരിപ്പിക്കയാലേ,
വാതിലിൽ വന്നവർ ബെല്ലടിച്ചു
നായുടെ ശബ്ദം നിലച്ചു.

## 6

വല്ലാത്തനേരത്തുറക്കംകെടുത്തിയ
പൊല്ലാപ്പോർത്തവർ നിൽക്കുമ്പോൾ,
യോഗാ കഴിഞ്ഞതിശാന്തനായി
നാരായണൻപോറ്റിയെത്തി.
കാര്യമതീവലളിതമെന്നദ്ദേഹം
പോലീസുകാരോടുണർത്തി.
പതിവുപോൽ നായയെ കൂട്ടിൽത്തളയ്ക്കുവാൻ
പാണക്കിടാത്തൻ മറന്നു.

## 7

ഭിത്തിയിലെ നിലക്കണ്ണാടിയിൽനായ
മറ്റൊരുനായയെക്കാണുകയാൽ
പേടിച്ചു ജൂഡോ കുരയ്ക്കുന്നതാണെന്നു
ബോധിച്ചുപോറ്റി,ക്കിതെന്നാൽ
യോഗാ തുടങ്ങിക്കഴിഞ്ഞാൽ മുടക്കുവാ-
നാവില്ലിടിവെട്ടിയാലും.
അതിനാൽ പട്ടികുരയ്ക്കലും യോഗയു-
മൊരുപോലൊരേനേരമായി.
പിരിവെട്ടൊരിത്തിരിക്കൂടുതലാണെന്നു
മരുമക്കൾതമ്മിൽസ്വകാര്യം.



കഥ

# തമന്നയുടെ നായ്ക്കുട്ടി

ഗ്രേസി

തമന്നയ്ക്ക് ഏറ്റവും ഇഷ്ടം പടം വരയ്ക്കാനായിരുന്നു. വളർന്നു വലുതാകുമ്പോൾ താനൊരു പടംവരപ്പുകാരിയായിത്തീരുമെന്ന് അവൾ ഉറപ്പിച്ചു. ഡർബാർ ഹാളിൽ കുട്ടികൾ വരച്ച പടങ്ങളുടെ ഒരു പ്രദർശനം കണ്ട് മടങ്ങി വന്നയുടനെ തമന്ന ഒരു കട്ടിക്കടലാസെടുത്ത് ഒരു നായ്ക്കുട്ടിയുടെ പടംവരച്ചു.

ഇളംതവിട്ടുനിറമുള്ള ആ നായ്ക്കുട്ടിക്ക് അവൾ മടങ്ങിക്കിടക്കുന്ന രണ്ട് ചെവികളും നക്ഷത്രംപോലെ തിളക്കമുള്ള രണ്ട് കണ്ണുകളും നനവുള്ളൊരു മൂക്കും വരച്ചുകൊടുത്തു. എന്നിട്ട് വളരെ സന്തോഷത്തോടെ അവൾ പറഞ്ഞു.

“ബോബോ! നീയൊരു സുന്ദരൻ നായ്ക്കുട്ടിയാണ്!”

പിന്നെ, ഒരു ചെറിയ ചിരിയോടെ തമന്ന ആ നായ്ക്കുട്ടിയെ ചാഞ്ഞും ചരിഞ്ഞും നോക്കി. അപ്പോഴാണ് അവൾക്ക് ഒരു കാര്യം മനസ്സിലായത്. അവൻ പേടിച്ചരണ്ടു നിൽക്കുന്ന ഒരു നായ്ക്കുട്ടിയാണെന്ന്. അവൾ നായ്ക്കുട്ടിയോടു പറഞ്ഞു.

“ബോബോ! നീയൊരു പേടിത്തൊണ്ടനാണ്!”

നായ്ക്കുട്ടി ചെറുതായി മുരണ്ട് പ്രതിഷേധിച്ചു.

“അത് നിനക്ക് വെറുതേ തോന്നുന്നതാണ്. എനിക്ക് നല്ല ധൈര്യമുണ്ട്.”

അതുകേട്ട് തമന്ന പൊട്ടിച്ചിരിച്ചു. അവളുടെ ചിരി അവഗണിച്ച് നായ്ക്കുട്ടി കടലാസിൽ നിന്ന് പുറത്തുവന്നു. അവൻ മുറിയുടെ വാതിൽ കടന്ന് വരാന്തയിലേക്കിറങ്ങി. മുറ്റത്ത് ഒരു കാക്ക അങ്ങോട്ടുമിങ്ങോട്ടും നടക്കുകയും വീടിനുള്ളിലേക്ക് ഓട്ടക്കണ്ണിട്ട് നോക്കുകയും ചെയ്യുന്നതു കണ്ട് അമ്പരന്നു. ‘ഇതെന്തൊരു ജീവി!’ എന്ന് അവൻ പിറുപിറുത്തു. ഏതായാലും ഈ ഭീകരജീവിയെ മുറ്റത്ത് നിന്ന് ഓടിച്ച് തന്റെ ധൈര്യം തെളിയിക്കാൻ തന്നെ അവൻ തീർച്ചപ്പെടുത്തി. കുരച്ചുകൊണ്ട് അവൻ കാക്കയുടെ നേർക്കൊരൊറ്റച്ചാട്ടം! കാക്ക പറന്ന് ഒരു മരക്കൊമ്പിലിരുന്ന് ‘കാ! കാ!’ എന്ന് കരഞ്ഞു. അവൻ വാലൊന്ന് കുടഞ്ഞ് തല തെല്ലുയർത്തി തമന്നയുടെ അടുത്തേക്കു മടങ്ങിവന്നു.



വര: ഗോപു പട്ടിത്തറ

തമന്ന ഒരു ചിരിയോടെ

പറഞ്ഞു.

''ഓ അതൊരു പാവം കാക്കയാണ്. ഒരൊച്ച കേട്ടാൽ മതി പേടിച്ച് പറന്നുപോവും!''

നായ്ക്കുട്ടിക്ക് ദേഷ്യം വന്നു. അവൻ വീണ്ടും വരാന്തയിലേക്കിറങ്ങി. അപ്പോഴാണ് പറമ്പിൽനിന്ന് കോഴിയമ്മയും അഞ്ചുമക്കളും ചികയലൊക്കെ മതിയാക്കി മുറ്റത്തേക്ക് വരുന്നത്. ഇതെന്തുതരം ജീവികളാണെന്ന് അവൻ അന്തംവിട്ടു. പിന്നാലെ വന്ന തമന്ന മുന്നറിയിപ്പ് നൽകി.

''അത് കുഞ്ചിയമ്മ എന്ന കോഴിയാണ്. കുഞ്ചിയമ്മയ്ക്ക് അഞ്ചു മക്കളാണേ. നീ അവളുടെ അടുത്തേക്ക് പോവണ്ട ബോബോ! അവൾ നിന്നെ കൊത്തിയോടിക്കും.''

നായ്ക്കുട്ടി ഖുർ എന്ന് മുരണ്ടു.

''പിന്നേ! നീ കണ്ടോ!'' എന്നു പറഞ്ഞ് അവൻ കുഞ്ചിയമ്മയുടെ നേർക്ക് ഒറ്റച്ചാട്ടം.

ചിറക് രണ്ടും വിടർത്തി കാറിവിളിച്ച് കോഴിയമ്മ അവന്റെ മുഖത്തു തന്നെ ആഞ്ഞൊരു കൊത്തു കൊടുത്തു. 'ങയ്! ങയ്!' എന്ന് കരഞ്ഞ് നായ്ക്കുട്ടി ഓടിവന്ന് കടലാസിൽ കയറി ഇരിപ്പായി.

തമന്ന പിന്നാലെ ചെന്നു. വേവലാതിയോടെ അവൾ ചോദിച്ചു.

''ബോബോ, നിനക്ക് നൊന്തോ? ഞാനപ്പഴേ പറഞ്ഞതല്ലേ?''

ലോകത്തോടു മുഴുവൻ പിണങ്ങിയ മട്ടിൽ നായ്ക്കുട്ടി മുഖം വീർപ്പിച്ചിരുന്നു. പിന്നെ വളരെ ഗൗരവത്തോടെ പറഞ്ഞു.

''ഈ വീട്ടിൽ നിറയെ ഭീകരജീവികളാണ്. ഞാൻ ഈ വീട്ടിൽനിന്ന് പുറത്തുപോകും. തീർച്ചയായും എനിക്ക് പേടിപ്പിക്കാൻ പറ്റിയ ആരെങ്കിലും അവിടെ ഉണ്ടാവും.''

തമന്ന സങ്കടപ്പെട്ടു.

''നീ പോകണ്ട ബോബോ! നീ പേടിത്തൊണ്ടനല്ലെന്ന് ഞാൻ സമ്മതിച്ചേക്കാം, പോരേ?''

നായ്ക്കുട്ടി അവളുടെ നേർക്ക് നോക്കാതെ പുറത്തേക്കിറങ്ങി. അവൻ മുറ്റം കടന്ന് ഗേറ്റിന്റെ വിടവിലൂടെ നൂണ്ട് വഴിയിലേക്കിറങ്ങി. നീണ്ടുനീണ്ടുപോകുന്ന റോഡുകണ്ട് അവൻ കുറേനേരം പകച്ചുനിന്നു. പിന്നെ ഞാനൊരു ധീരനായ നായ്ക്കുട്ടിയാണ് എന്ന് പ്രഖ്യാപിച്ച് ഇടത്തേക്കു തിരിഞ്ഞു.

കുറച്ചങ്ങ് നടന്നപ്പോഴാണ് വേറെ ചിലർ പിന്നാലെ കൂടിയ വിവരം അവനു മനസ്സിലായത്. അവൻ ഒന്ന് മുരണ്ട് തിരിഞ്ഞുനിന്നു. ഭീകരൻമാരായ നാലഞ്ച് നായ്ക്കളെക്കണ്ട് അവന്റെ ഉള്ള് വിറച്ചു. അവനെ കടിച്ചുകീറാൻ

**നായ്ക്കുട്ടി അവളുടെ നേർക്ക് നോക്കാതെ പുറത്തേക്കിറങ്ങി. കുറച്ചങ്ങ് നടന്നപ്പോഴാണ് വേറെ ചിലർ പിന്നാലെ കൂടിയ വിവരം അവനു മനസ്സിലായത്. അവൻ ഒന്ന് മുരണ്ട് തിരിഞ്ഞുനിന്നു. ഭീകരൻമാരായ നാലഞ്ച് നായ്ക്കളെക്കണ്ട് അവന്റെ ഉള്ള് വിറച്ചു. അവനെ കടിച്ചുകീറാൻ കുതിച്ചു ചാടിയ കൂട്ടരെ തടഞ്ഞ് നേതാവിനെപ്പോലെ ഒരുത്തൻ മുന്നോട്ടുവന്നു.**



കുതിച്ചു ചാടിയ കൂട്ടരെ തടഞ്ഞ് നേതാവിനെപ്പോലെ ഒരുത്തൻ മുന്നോട്ടുവന്നു. നായ്ക്കുട്ടി മുൻകാലുകൾ രണ്ടും മുന്നോട്ടു നീട്ടിവച്ച് നേതാവിന്റെ മുന്നിൽ സ്വയം സമർപ്പിച്ചു. നേതാവ് അവനെ ഒന്ന് മണപ്പിച്ചു നോക്കി. പിന്നെ അവനെ മുഖംകൊണ്ട് തള്ളിമലർത്തിയിട്ട് അടിമുടി പരിശോധിച്ചു. ഇക്കിളിയായതുപോലെ നായ്ക്കുട്ടി വളയുകയും പുളയുകയും ചെയ്തു. ഒടുവിൽ നേതാവ് കളിയായി കൈപ്പത്തികൊണ്ട് ഒരടികൊടുത്ത് എഴുന്നേറ്റു നിൽക്കാൻ കൽപ്പിച്ചു. എഴുന്നേറ്റ് നിന്ന് നായ്ക്കുട്ടി സന്തോഷത്തോടെ 'ങുർ! ങുർ!' എന്ന് ചിരിച്ചു. അപ്പോൾ നേതാവ് ഗൗരവത്തോടെ പറഞ്ഞു

"നീ ഒരു പൂച്ചക്കുട്ടിയല്ല! നായ്ക്കുട്ടിയാണ്! നമ്മൾ നായ്ക്കൾ ങുർ! ങുർ! എന്ന് കുറുകാൻ പാടില്ല. മനസ്സിലായോ?"

അവൻ തല കുലുക്കി. അപ്പോഴേക്കും ഒരു കയർക്കുരുക്ക് പാഞ്ഞുവന്ന് നേതാവിന്റെ കഴുത്തിൽ വീണു. 'ഒയ്! ഒയ്!' എന്ന് നിലവിളിച്ച് നേതാവും പിന്നാലെതന്നെ കുരുക്കിൽ വീണ കൂട്ടാളികളും മുകളിലേക്കുയരുന്നത് കണ്ട് നായ്ക്കുട്ടി പേടിച്ചോടി.

നായ്ക്കുട്ടി പാഞ്ഞുവന്ന് കടലാസിലേക്ക് കയറി. തമന്ന അവനെ കണ്ട് അമ്പരപ്പോടെ ചോദിച്ചു.

"നീ എവിടെയായിരുന്നു ഇത്രേംനേരം?"

നായ്ക്കുട്ടി ഒന്നും മിണ്ടിയില്ല. അവൻ വല്ലാതെ പേടിച്ചുപോയിരുന്നു. അവന്റെ തവിട്ടുനിറമുള്ള ഉടലിൽ തലോടാൻ തമന്ന കൈ നീട്ടി. അപ്പോൾ ഒരു ദുർഗന്ധം അവളുടെ മൂക്കിലടിച്ചു കയറി. അവൾ മൂക്ക് ചുളിച്ചു.

"ഛേ! ഇതെന്തൊരു നാറ്റം!"

തമന്ന കുളിമുറിയിൽ നിന്ന് ഒരു പാത്രത്തിൽ കുറച്ച് വെള്ളമെടുത്തു കൊണ്ടുവന്നു.

"നിന്നെ കുളിപ്പിച്ച് ഞാനൊരു സുന്ദരക്കുട്ടപ്പനാക്കുന്നുണ്ട്!" എന്നുപറഞ്ഞ് അവൾ ആദ്യം അവന്റെ ഉടലും പിന്നെ തലയും നനച്ചു.

'അയ്യോ! അരുതേ!' എന്ന് കരയാൻ തുടങ്ങിയപ്പോഴേക്കും തമന്നയുടെ നായ്ക്കുട്ടി കടലാസിൽ നിന്ന് മാഞ്ഞുപോയിരുന്നു.

**കവിത**

# ചിങ്ങം

**കാവാലം ബാലചന്ദ്രൻ**

കർക്കടകത്തിന്റെ കണ്ണുനീർധാരക-
ളൊപ്പിയെടുത്തിങ്ങു ചിങ്ങം വന്നു!
ഉത്രാടം മുറ്റത്തെച്ചാണകവൃത്തത്തി-
ലിത്തിരിപ്പൂക്കളിറുത്തുവച്ചു!
കൊച്ചൊരു നക്ഷത്രദീപവെളിച്ചമാ
മുറ്റത്തു വീണു തിളങ്ങിനിന്നു!
മൂവന്തി പോലെ തുടുത്ത ചെറിയമ്മ
ചാരുനിലവിളക്കായി നിന്നു!
മാനത്തു പാൽപ്പാത്രം തട്ടിക്കമഴ്ന്നപോൽ
മാരിനിലാവു മുനിഞ്ഞുനിന്നു...
ഓണമിങ്ങെത്തിയെന്നോരോരോമലരിന്റെ
കാതിലും കാറ്റു വന്നീണമിട്ടു!
പൂവിളി, പൂക്കളം, പുത്തനുടുപ്പുകൾ
ചേലൊത്തൊരാവണിത്തുമ്പികളും
കോടിയുടുത്തുവന്നെത്തും പുലരിതൻ
തൂനെറ്റിയിൽ വീണ സിന്ദൂരവും
ആകെയൊരുത്സവ, മാഹ്ലാദം; പൂമണം
വായുവിലൂടെയരിച്ചുവന്നു!
കർക്കടകത്തിന്റെ കണ്ണുനീർധാരക-
ളൊപ്പിയെടുത്തിങ്ങു ചിങ്ങം വന്നു!



വര: എ കെ ഗോപീദാസ്



കേരള സർക്കാർ
പൊന്നോണം വന്നെത്തി
മലയാളികൾ ഒന്നടങ്കം കാത്തിരിക്കുന്ന
തിരുവോണം ബമ്പർ
ഇപ്പോൾ വിപണിയിൽ
സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്
തിരുവോണം
ബമ്പർ ഭാഗ്യക്കുറി 2018
ഒന്നാം സമ്മാനം
₹10 കോടി
COMMON TO ALL SERIES
രണ്ടാം സമ്മാനം
₹5 കോടി
50 ലക്ഷം വീതം 10 പേർക്ക്
മൂന്നാം സമ്മാനം
₹2 കോടി
10 ലക്ഷം വീതം 20 പേർക്ക്
അഞ്ചാം സമ്മാനം
₹1 ലക്ഷം
അഞ്ചക്കത്തിന്
നാലാം സമ്മാനം
₹1 കോടി
5 ലക്ഷം വീതം 20 പേർക്ക്
ടിക്കറ്റ് വില ₹250
കൂടാതെ
5000,3000,2000,1000,500
രൂപയുടെ നിരവധി സമ്മാനങ്ങൾ
നറുക്കെടുപ്പ്: 19.09.2018
കേരള സംസ്ഥാന ഭാഗ്യക്കുറി വിശ്വസ്തം....സുതാര്യം...ജനകീയം

കഥ



വര: അരുണ ആലഞ്ചേരി

# മകൻ വഴിയിലാണ്...

**ജി ആർ ഇന്ദുഗോപൻ**

പത്താം ക്ലാസാണ്. മകന് അതിന്റെ ഉത്സാഹമില്ല. എന്നും അമ്മയുമായി തർക്കമാണ്. തലേന്ന് രാത്രി ഒരു യുദ്ധം തന്നെ കഴിഞ്ഞിരുന്നു. എത്ര പറഞ്ഞിട്ടും അവൻ അത്താഴം കഴിച്ചില്ല. മരച്ചീനി ചിപ്സ് ഒരു കവറിരുന്നത് മുഴുവൻ കഴിച്ചു കൊണ്ടാണ് പഠിച്ചത്. ശേഷം പ്ലാസ്റ്റിക് കവർ പഠിക്കുന്ന മേശപ്പുറത്തു തന്നെ ഇട്ടു. കണ്ടപ്പോൾ അമ്മയ്ക്ക് സഹിച്ചില്ല. ഉച്ചയ്ക്ക് കൊണ്ടുപോയ ചോറ് കഴിച്ചിട്ടില്ല എന്ന ദേഷ്യം നേരത്തെ കിടപ്പുണ്ട്. ചോദിച്ചപ്പോൾ സ്കൂളിലെ കാന്റീനിൽ നിന്ന് എന്തോ വാങ്ങിക്കഴിച്ചെന്നായിരുന്നു മറുപടി. അതെന്തിനാണെന്നു ചോദിച്ചപ്പോൾ മകൻ തിരിച്ച് ആക്രോശിച്ചു:

''ഞാനെന്താ കഴിക്കേണ്ടതെന്ന് ഞാനല്ലേ തീരുമാനിക്കേണ്ടത്?''

അമ്മ സ്തംഭിച്ചു പോയി. അവർ ഗൾഫിലെ ഭർത്താവിനെ വിളിച്ചു. അപ്പോ തന്നെ മകൻ പറഞ്ഞു:

"ഇനി ഗൾഫീന്നു തുടങ്ങും ഉപദേശം. എന്നെ വിളിക്കണ്ടാന്ന് പപ്പയോട് പറഞ്ഞേരെ."

അവന്റെ പ്രകൃതത്തെ കുറിച്ച് പറഞ്ഞപ്പോൾ പപ്പ പറഞ്ഞു:

''അവൻ ശരിയാകുമെടീ. കുഞ്ഞല്ലേ.''

അമ്മ വിതുമ്പിക്കൊണ്ട് പറഞ്ഞു:

''മര്യാദയും സ്നേഹവുമല്ലേ ആദ്യം വേണ്ടത്. നിങ്ങളവനെ ഇനി വരുമ്പോൾ വല്ല

ബോർഡിങ്ങിലും ചേർത്തിട്ടു പോകണം. എനിക്ക് വയ്യ.''

പപ്പ ഒന്നും പറഞ്ഞില്ല.

ഇന്നലെ ഓഫീസിലെ എഴുത്തുകുത്തുകളും ജോലിക്കുള്ള യാത്രകളും അതിന്റെ ദേഹംവേദനകളുമൊക്കെ കഴിഞ്ഞ് അമ്മ ഉറങ്ങാൻ കിടന്നപ്പോൾ തന്നെ രാത്രി പന്ത്രണ്ടര കഴിഞ്ഞിരുന്നു. അഞ്ചു മണിക്ക് അലാം വച്ചു. ഒന്നുറങ്ങി വരും മുമ്പേ നേരം പുലർന്നുകഴിഞ്ഞു. എഴുന്നേൽക്കാൻ പറ്റുന്നില്ല. എന്നാലും എഴുന്നേറ്റല്ലേ പറ്റൂ. മുകളിൽ ചെന്ന് മകനെ വിളിച്ചു. പത്തു മിനിട്ട് വേണം അവനെ ഒന്ന് എഴുന്നേൽപ്പിക്കാൻ. 5.15ന് പല്ലുതേച്ച ശേഷം ഞാൻ ബാത്ത്റൂമിൽ പോവുകയാണെന്നു പറഞ്ഞ് കതകടച്ചു. അമ്മ അഞ്ചര കഴിഞ്ഞപ്പോൾ വന്നുവിളിച്ചു. ബാത്ത്റൂമിലിരുന്ന് ഉറക്കമാകും. രണ്ടാമത്തെ വിളിക്ക് 'വരാമെന്നല്ലേ പറഞ്ഞത്.' എന്ന് അവൻ തിരിച്ച് ആക്രോശിച്ചു. ഇറങ്ങി വരാൻ തന്നെ അഞ്ചേമുക്കാലായി. പിന്നെ ഓടിപ്പിടിച്ച് ട്യൂഷൻ സെന്ററിലെത്തിച്ചു. ഏഴരയ്ക്ക് തിരിച്ചു വിളിച്ചു കൊണ്ടുവന്നു.

എട്ടരയ്ക്ക് സ്കൂളിൽ വിടാൻ തുടങ്ങുമ്പോഴും അവൻ ഒരുങ്ങുന്നതേയുള്ളൂ. അമ്മ വിളിച്ചു:

''അനീ, ഒന്നു വേഗം വാ... ബസ് പോകും.''

അവൻ ശബ്ദമുയർത്തി:

''അഞ്ചു മിനിട്ട് കഴിയും. എനിക്കത്ര സ്പീഡിലൊന്നും പറ്റില്ല.''

അമ്മ പറഞ്ഞു:

''എനിക്ക് കാത്തു നിൽക്കാൻ വയ്യ.''

''എങ്കിൽ അമ്മ പോ.''

''പിന്നെ നീയെങ്ങനെ പോകും?''

''ഞാൻ ഒരു ഓട്ടോ പിടിച്ച് പൊയ്ക്കൊള്ളാം.''

''നാലഞ്ചു കിലോമീറ്ററില്ലേടാ. എത്ര രൂപയാകും.''

''അത് അമ്മയറിയണ്ട.''

''പിന്നേ..''

''കാശ് എന്റെ കയ്യിലുണ്ട്.''

അമ്മ ഒറ്റയ്ക്കിറങ്ങി. നഗരത്തിലെ മുനിസിപ്പാലിറ്റിയുടെ പാർക്കിങ് സ്ഥലത്ത് സ്കൂട്ടർ കൊണ്ടുവയ്ക്കാറാണ് പതിവ്. അവിടുന്നാണ് ട്രെയിൻ കയറി ജോലിസ്ഥലത്തേക്കു പോകുന്നത്. വീട്ടിൽ നിന്നിറങ്ങിയപ്പോൾ തന്നെ ചാറ്റമഴ തുടങ്ങി. വണ്ടി നിർത്തി റെയിൻ കോട്ടെടുത്തിട്ടു. കുടയുമായി ഒരു സ്കൂൾകുട്ടി നടന്നുവരുന്നതു കണ്ടു. അവൻ വളരെ ഭവ്യതയോടെ ചോദിച്ചു:

''ആന്റീ... ആന്റി എന്നെ ആ ബസ് കിട്ടുന്നയിടത്തു വരെ വിട്ടു തരുമോ?''

രണ്ടു കിലോമീറ്റർ കഴിഞ്ഞാലേ ബസ് കിട്ടുന്ന റൂട്ടാകൂ. അമ്മയ്ക്ക് ലിഫ്ട് കൊടുക്കുന്നത് അത്ര താത്പര്യമുള്ള കാര്യമല്ല. വീട്ടിലെ രാവിലെയുള്ള ബഹളമോർത്തപ്പോൾ കുട്ടികളോടെല്ലാം ഒരുതരം ദേഷ്യമാണ്. ഇപ്പോഴത്തെ കുട്ടികളെല്ലാം അമ്മമാരെ വേദനിപ്പിക്കുന്നവരാണ്. അവരൊന്നും പറഞ്ഞില്ല. പക്ഷേ നിഷേധിക്കാൻ തോന്നിയില്ല. 'സൂക്ഷിച്ചു കയറണം. എന്നെ മറിച്ചിടരുത്' എന്നു മാത്രം പറഞ്ഞു.

അവൻ കുട മടക്കാതെ തന്നെ പിറകിൽ കയറിയിരുന്നു. വണ്ടി മുന്നോട്ടു പോയപ്പോൾ കുട മുന്നിലേക്കു വന്നു. വണ്ടിയോടിക്കാൻ പറ്റാതെ കണ്ണിനടുത്തെത്തി.

അമ്മ അൽപ്പം കടുപ്പത്തോടെ പറഞ്ഞു:

''ഇങ്ങനാണോ കുട പിടിക്കുന്നത്? കണ്ണു കാണണ്ടേ..?''

അവൻ പെട്ടെന്നു പേടിച്ച മട്ടിൽ കുട മാറ്റി. ശബ്ദം അൽപ്പം കടുത്തു പോയതിൽ അമ്മയ്ക്ക് വിഷമം തോന്നി.

അമ്മ പിന്നോട്ട് നോക്കാതെ മെല്ലെ അവനോടു ചോദിച്ചു:

''ഏത് സ്കൂളിലാ പഠിക്കുന്നത്?''

അവൻ സ്കൂളിന്റെ പേരു പറഞ്ഞു. അമ്മ പോകുന്ന വഴിക്കാണ് ആ സ്കൂൾ.

**രണ്ടു കിലോമീറ്റർ കഴിഞ്ഞാലേ ബസ് കിട്ടുന്ന റൂട്ടാകൂ. അമ്മയ്ക്ക് ലിഫ്ട് കൊടുക്കുന്നത് അത്ര താത്പര്യമുള്ള കാര്യമല്ല. വീട്ടിലെ രാവിലെയുള്ള ബഹളമോർത്തപ്പോൾ കുട്ടികളോടെല്ലാം ഒരുതരം ദേഷ്യമാണ്. ഇപ്പോഴത്തെ കുട്ടികളെല്ലാം അമ്മമാരെ വേദനിപ്പിക്കുന്നവരാണ്. അവരൊന്നും പറഞ്ഞില്ല.**

എങ്കിലും അവരൊന്നും പറഞ്ഞില്ല.

''എത്രയിലാ?''

''എട്ടിൽ.''

''അച്ഛനെന്താ ജോലി?''

''കൂലിപ്പണി.''

''എന്നും ജോലി ഉണ്ടോ?''

''ഇല്ല. ഇപ്പൊ എല്ലാത്തിനും ബംഗാളി പണിക്കാരാണെന്നാ അച്ഛൻ പറയുന്നത്. പിന്നെ മഴയും.''

അത് കേട്ട മട്ടിൽ മഴ കൂടി. അമ്മ ചോദിച്ചു:

''നിന്റെ അമ്മയ്ക്ക് ജോലിയുണ്ടോ?''

''ഒരു വീട്ടിൽ പോകുന്നുണ്ടായിരുന്നു. അത് നിന്നു. പുതിയ വീട് നോക്കുകയാ..''

''വീട്ടുജോലിയോ..?''

''ങാ..''

അവരൊന്നും മിണ്ടിയില്ല.

ജംഗ്ഷനെത്തിയപ്പോൾ അമ്മയ്ക്കെന്തോ പാവം തോന്നി. അമ്മ പറഞ്ഞു:

''ഞാൻ സ്കൂളിന്റെ മുന്നിലാക്കാം.''

അവൻ ഒന്നും പറഞ്ഞില്ല. അമ്മ വേഗം വണ്ടി വിട്ടു. സൂക്ഷിച്ച് ഓടിക്കുന്നതിനിടയിൽ പിറകിൽ ഒരാളുണ്ടെന്നുകൂടി മറന്നു. ഇതിനിടയിൽ മകന്റെ ചില നിഷേധങ്ങൾ വിഷമം പോലെ മനസ്സിലേക്ക് പിന്നെയും കടന്നുവന്നു.

പെട്ടെന്ന് മെലിഞ്ഞ ഒരു ശബ്ദം പിന്നിൽ നിന്ന്...

''ആന്റീ... സ്കൂളായി.''

അമ്മ പെട്ടെന്ന് ബോധം തിരിച്ചു കിട്ടിയതു പോലെ വണ്ടി ബ്രേക്കിട്ടു.

പിന്നിലിരുന്ന കുട്ടി ഇറങ്ങി. അവർ നോക്കിയപ്പോൾ അവനാകെ നനഞ്ഞു കുഴഞ്ഞിരിക്കുന്നു.

അമ്മ വല്ലാതായി.

അവൻ ആ കുട തന്നെ ഒതുക്കിവച്ചിട്ട്, അമ്മയുടെ പിന്നിലിരുന്ന് നനയുകയായിരുന്നു.

''മോനേ, നീയെന്തിനാ കുട മടക്കിയത്...?''

അമ്മ ചോദിച്ചു.

''ആന്റി ദേഷ്യപ്പെട്ടപ്പോ ഞാൻ...''

''മോനേ... ഞാൻ...''

''ആന്റിയുടെ കണ്ണിൽ വെള്ളം വീഴേണ്ടെന്നു വിചാരിച്ചാ ഞാൻ കുട നീട്ടിപ്പിടിച്ചത്. സോറി.''

അമ്മയുടെ കണ്ണു നിറഞ്ഞുപോയി.

''താങ്ക്സ് ആന്റീ... ഞാൻ പോകുന്നു.''

അവൻ ഉത്സാഹത്തോടെ ഇത്രയും കൂടി പറഞ്ഞു:

''സത്യത്തീ വൈകിട്ട് തിരിച്ചു പോകാൻ കാശില്ലായിരുന്നു.''



**അവൻ ഒന്നും പറഞ്ഞില്ല. അമ്മ വേഗം വണ്ടി വിട്ടു. സൂക്ഷിച്ച് ഓടിക്കുന്നതിനിടയിൽ പിറകിൽ ഒരാളുണ്ടെന്നുകൂടി മറന്നു. ഇതിനിടയിൽ മകന്റെ ചില നിഷേധങ്ങൾ വിഷമം പോലെ മനസ്സിലേക്ക് പിന്നെയും കടന്നുവന്നു. പെട്ടെന്ന് മെലിഞ്ഞ ഒരു ശബ്ദം പിന്നിൽ നിന്ന്...**

അതും പറഞ്ഞ് അവൻ ചാറ്റമഴയത്ത് സ്കൂളിലേക്ക് തിടുക്കത്തിൽ ഓടിപ്പോയി..

അമ്മ ഉത്കണ്ഠയോടെ ആലോചിച്ചു:

'ഇനിയാ കുഞ്ഞ് വൈകുന്നേരംവരെ എങ്ങനാ നനഞ്ഞു കുഴഞ്ഞ് ഇരുന്ന് പഠിക്കുന്നത്. വല്ല പനിയും പിടിച്ചാലോ...'

അമ്മ ഒരുമിനിട്ട് ആലോചിച്ച് അവിടെ നിന്നു പോയി. പിന്നെ അവർ വണ്ടിയെടുത്തു. മെല്ലെ പല പല ചിന്തകളിൽ വീട്ടിലെ കുട്ടിയെയും റോഡിലെ കുട്ടിയെയും ഒക്കെ മറന്ന് വണ്ടിയോടിച്ചു.

# അച്ചടിമികവിന് ദേശീയ പുരസ്കാരം നേടിയ ക്ലാസിക് കൃതികൾ കോർണെറ്റ് ബുക്സിൽ നിന്നും




CORNET BOOKS


## കോർണെറ്റ് ബുക്സ്

ആദം ടവർ, എം.സി. റോഡ്, കോട്ടയം 686001

ഫോൺ: 9447051734. e-mail: printsolutionsktm@gmail.com

# ആസ്റ്ററിക്സിന് അറുപതു വയസ്സാകുന്നു

**ഡോ. പി കെ രാജശേഖരൻ**




**1959 ൽ പ്രസിദ്ധീകരണമാരംഭിച്ച 'ആസ്റ്ററിക്സ് ചിത്രകഥാപരമ്പര'യ്ക്ക് അടുത്തവർഷം അറുപതു വയസ്സു തികയുന്നു. ചിത്രകഥകളിലെ ക്ലാസിക്കാണ് ഫ്രഞ്ചുഭാഷയിലുള്ള ഈ ചിത്രകഥാപരമ്പരയെന്നു പറഞ്ഞാൽ ഒട്ടുംതന്നെ അതിശയോക്തിയാകില്ല. ഇംഗ്ലീഷ് ഉൾപ്പെടെ നിരവധി ഭാഷകളിൽ ആസ്റ്ററിക്സിനു പതിപ്പുകളുണ്ട്. കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ പ്രിയങ്കരമായ ആസ്റ്ററിക്സ് ചിത്രകഥയെക്കുറിച്ചുള്ള ഈ ലേഖനം വായിക്കൂ...**

മിക്കി മൗസ്, സൂപ്പർമാൻ, ബാറ്റ്മാൻ, മാൻഡ്രേക്ക്, ഫാന്റം... അങ്ങനെയങ്ങനെ ചിത്രകഥകൾ എന്ന കോമിക്കുകൾ ധാരാളമുണ്ടെങ്കിലും 'ആസ്റ്ററിക്സി' (Asterix) നെപ്പോലെ മറ്റൊന്നില്ല. കുട്ടികളെപ്പോലെ മുതിർന്നവരും അതു വീണ്ടും വീണ്ടും വായിക്കുന്നു. 'ആസ്റ്ററിക്സി'ന്റെ ഒരാരാധകനാണ് ഇതെഴുതുന്ന ഞാൻ. പണ്ടെന്നോ വാങ്ങിയ ആസ്റ്ററിക്സ്‌വാല്യങ്ങൾ ഞാനിപ്പോഴും വായിക്കുന്നു. ചിത്രകഥകളിലെ ക്ലാസിക്കാണ് ഫ്രഞ്ചുഭാഷയിലുള്ള ഈ ചിത്രകഥാപരമ്പരയെന്നു പറഞ്ഞാൽ അധികമല്ല. ഫ്രഞ്ചിൽ മാത്രമല്ല ഇംഗ്ലീഷ് ഉൾപ്പെടെയുള്ള ഒട്ടേറെ ഭാഷകളിലും ആസ്റ്ററിക്സിനു പതിപ്പുകളുണ്ട്.

ഈ ചിത്രകഥയിൽ സാഹസികതയും ചരിത്രവും രാഷ്ട്രീയവും തമാശയുമെല്ലാമുണ്ട്. വരയും എഴുത്തും തമ്മിൽ മത്സരിക്കുകയും ഇണപിരിയാനാവാതെ ഇഴുകിച്ചേർന്നു നിൽക്കുകയും ചെയ്യുന്ന 'ആസ്റ്ററിക്സി' ലെ കഥകളെല്ലാം നടക്കുന്നത് രണ്ടായിരം വർഷം മുമ്പാണ്, ബി സി ഇ 50–ാമാണ്ടിൽ. ഫ്രാൻസാണ് കഥാപശ്ചാത്തലം. റോമാസാമ്രാജ്യത്തിന്റെ ഭരണാധികാരിയും യുദ്ധവീരനുമായ ജൂലിയസ് സീസർ യൂറോപ്പിലെങ്ങും പടയോട്ടം നടത്തിയ കാലം. ഫ്രാൻസുൾപ്പെടെ യൂറോപ്പിലെ മിക്കപ്രദേശങ്ങളും സീസർക്കു കീഴിലായി. പക്ഷേ ഫ്രാൻസിലെ ഒരു ചെറുഗ്രാമം കീഴടക്കാൻമാത്രം സീസർക്കും റോമൻ പട്ടാളത്തിനും കഴിഞ്ഞില്ല. അക്കാലത്ത് ഗോൾ എന്ന പേരിലാണ് ഫ്രാൻസ് അറിയപ്പെട്ടിരുന്നത്. പേരില്ലാത്ത ആ ഗ്രാമത്തിലെ ജീവിതത്തിന്റെയും റോമാക്കാരുമായി അവർ നടത്തുന്ന സാഹസങ്ങളുടെയും അതീവരസകരമായ കഥകളാണ് ആസ്റ്ററിക്സ്പരമ്പരയിലെ ചിത്രകഥകളിലുള്ളത്. ഇനി ആ ഗ്രാമത്തിന്റെ കഥയിലേക്കുവരാം.

കടലിനോടു ചേർന്നുകിടക്കുന്ന ആ ഗ്രാമത്തിന്റെ മറ്റു വശങ്ങളിലെല്ലാം കാടാണ്. അവിടുത്തെ കാട്ടുപന്നികളെ വേട്ടയാടിയും കടലിൽ നിന്നു മീൻപിടിച്ചുമൊക്കെ അവർ ജീവിക്കുന്നു. കാടിനുള്ളിലെ വഴികളിലൂടെയാണ് അവർ പുറംലോകവുമായി ബന്ധപ്പെടുന്നത്. ഗ്രാമത്തിന്റെ മൂപ്പനാണ് വൃദ്ധനും പഴയ യുദ്ധവീരനുമായ 'വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ്'. പഴയൊരു യുദ്ധത്തിന്റെ സ്മാരകമായ ഒരു കൂറ്റൻപരിച രണ്ടു

പേരെക്കൊണ്ടു ചുമപ്പിച്ച് അതിന്റെ പുറത്തുകയറിയാണ് മൂപ്പരുടെ സഞ്ചാരം. എന്തിനും തടസ്സം പറയുന്ന ഇംപെഡിമെന്റയാണ് അദ്ദേഹത്തിന്റെ ഭാര്യ. ഗ്രാമത്തിലെ വൈദ്യനും ഗുരുവും ജ്ഞാനിയുമാണ് ഗെറ്റേഫിക്സ്. നരച്ചു വെളുത്ത നീളൻതാടിയുള്ള ഗെറ്റേഫിക്സ് ഉണ്ടാക്കുന്ന മാന്ത്രികക്കഷായമാണ് ഗ്രാമവാസികളുടെ വിജയങ്ങൾക്കു കാരണം. അതു കുടിക്കുന്നവർക്ക് കുറേ നേരത്തേക്ക് അമാനുഷശക്തിയുണ്ടാകും. റോമാക്കാർ ആക്രമിക്കാൻ വരുമ്പോൾ മാത്രമേ ഗെറ്റേഫിക്സ് കഷായമുണ്ടാക്കൂ. അതു കുടിച്ച് ഗ്രാമത്തിലെ പടുവൃദ്ധർപോലും അതിശക്തരായി റോമൻ പടയാളികളെ അടിച്ചു തോൽപ്പിക്കും. അവരെക്കൊണ്ടു പൊറുതിമുട്ടിയ സീസർ ഗ്രാമത്തിനു ചുറ്റും കാട്ടിൽ നാലു പടപ്പാളയങ്ങൾ സ്ഥാപിച്ചു. ആ പടയാളികളും ഗ്രാമവാസികളും തമ്മിൽ ഇടയ്ക്കിടെ അടിയുണ്ടാകും. എല്ലാത്തവണയും തോൽവി റോമാക്കാർക്കുതന്നെ. എന്തു വിലകൊടുത്തും ആ ഗ്രാമം കീഴടക്കണമെന്നാണ് സീസറിന്റെ വാശി.

ഗ്രാമത്തിലെ യുദ്ധവീരനാണ് കൗശലക്കാരനായ 'ആസ്റ്റെറിക്സ്.' പൊക്കം കുറഞ്ഞ ആ മഞ്ഞമീശക്കാരന്റെ ആത്മാർഥമിത്രമാണ് തടിയനായ ഒബെലിക്സ്. കുഞ്ഞുങ്ങളെപ്പോലെ നിഷ്കളങ്കനും ശുദ്ധവിഡ്ഢിയുമാണെങ്കിലും പരമശക്തനാണ് ഒബെലിക്സ്. വലിയ കരിങ്കല്ലുകൾ ചെത്തിക്കൂർപ്പിച്ച് കുടക്കല്ലുകൾ എന്ന മഹാശിലാസ്മാരകങ്ങൾ ഉണ്ടാക്കലാണ് ഒബെലിക്സിന്റെ വിനോദം. കുഞ്ഞായിരുന്നപ്പോൾ അമ്മയുടെ ഒക്കത്തുനിന്ന് ഗെറ്റേഫിക്സിന്റെ മാന്ത്രികക്കഷായപ്പാത്രത്തിൽ വീണുപോയ ഒബെലിക്സിന് ഒരിക്കലും നശിക്കാത്ത അമാനുഷശരീരശക്തി കിട്ടിയിട്ടുണ്ട്. അതുകൊണ്ടുതന്നെ മാന്ത്രികക്കഷായമുണ്ടാക്കുമ്പോൾ ഗെറ്റേഫിക്സ് അത് ഒബെലിക്സിനു കൊടുക്കാറില്ല. വീണ്ടും കുടിച്ചാൽ ശക്തി എന്നേക്കുമായി നഷ്ടപ്പെടുമെന്ന കാര്യം മനസ്സിലായിട്ടില്ലാത്ത ഒബെലിക്സ് അതിന്റെ പേരിൽ പിണക്കത്തിലുമാണ്. അതിബുദ്ധിശാലിയായ ആസ്റ്റെറിക്സും അതിശക്തിശാലിയായ ഒബെലിക്സും ഗെറ്റേഫിക്സിന്റെ മാന്ത്രികക്കഷായവും ചേർന്നാണ് റോമൻ അടിമത്തത്തിനു കീഴ്പ്പെടാതെ ആ ഗ്രാമത്തെ നിലനിർത്തുന്നത്. പണിയായുധങ്ങളുണ്ടാക്കുന്ന കൊല്ലൻ 'ഫുള്ളി ഓട്ടോമാറ്റിക്സ്,' മീൻകച്ചവടക്കാരനായ 'അൺഹൈജിനിക്സ്', കഠോരമായ സംഗീതത്തിലൂടെ നാട്ടുകാരുടെ ചെവിപൊട്ടിക്കുന്ന 'കാക്കോഫോണിക്സ്', വാർധക്യംകൊണ്ട് കൂനിപ്പോയതിനാൽ വടികുത്തിനടക്കുന്ന പഴയ യുദ്ധവീരൻ 'ജെറിയാട്രിക്സ്' അങ്ങനെ ഒട്ടേറെപ്പേർ. നമ്മുടെ ഗ്രാമങ്ങളിലും കാണാവുന്ന മാതൃകകൾ.

ആസ്റ്റെറിക്സും ഒബെലിക്സും ചേർന്നു നടത്തുന്ന സാഹസങ്ങളുടെ കഥകളാണ് ഈ ചിത്രകഥാപരമ്പരയിലുള്ളത്. റോമാക്കാരുമായി ഏറ്റുമുട്ടി ജയിക്കുക മാത്രമല്ല അതിവിദൂരമായ രാജ്യങ്ങളിലേക്കു സഞ്ചരിക്കുകയും ചെയ്യുന്നു ആസ്റ്റെറിക്സും ഒബെലിക്സും. 'ആസ്റ്റെറിക്സ് ഇൻ സ്പെയിൻ', 'ആസ്റ്റെറിക്സ് ആൻഡ് ക്ലിയോപാട്ര' തുടങ്ങിയ കഥാശീർഷകങ്ങൾ കേട്ടാൽത്തന്നെ അതു മനസ്സിലാകും. കഥയുടെ സ്ഥലവും കാലവും രണ്ടായിരം വർഷം മുമ്പുള്ളതാണെങ്കിലും അതിലൂടെ ആസ്റ്റെറിക്സിന്റെ സ്രഷ്ടാക്കൾ സമകാലികലോകത്തെയാണ് ആവിഷ്കരിച്ചത്. അതിന്റെ വിജയത്തിനു കാരണവും അതുതന്നെ.

ആസ്റ്റെറിക്സിന്റെ സ്രഷ്ടാക്കളെക്കുറിച്ചു പറയാം. റെനെ ഗോസിനി (Rene Goscinny) യും ചിത്രകാരനായ ആൽബെർട്ടോ



ഗെറ്റേഫിക്സ്



ആസ്റ്റെറിക്സ്



കാക്കോഫോണിക്സ്



ഒബെലിക്സ്

ഉദെർസോ (Alberto Uderso) യും ചേർന്ന് 1959 ൽ ആണ് ആസ്റ്ററിക്സ് ചിത്രകഥാ പരമ്പരയ്ക്കു തുടക്കം കുറിച്ചത്. 1977 ൽ ഗോസിനി മരിച്ചതോടെ വരയ്ക്കൊപ്പം എഴുത്തും ഉദെർസോ ഏറ്റെടുത്തു. വയസ്സായപ്പോൾ അദ്ദേഹം 2009 ൽ 'ആസ്റ്ററിക്സ്'എഴുതിയും വരച്ചും പ്രസിദ്ധീകരിക്കാനുള്ള അവകാശം ഹാഷെറ്റ് എന്ന പുസ്തകപ്രസാധനസ്ഥാപനത്തിനു വിറ്റു. ഈ അറുപതുവർഷത്തിനിടയിൽ 37 ആസ്റ്ററിക്സ് ചിത്രകഥകൾ മാത്രമേ പുറത്തിറങ്ങിയിട്ടുള്ളൂ. നൂറിലധികം ഭാഷകളിൽ വിവർത്തനംചെയ്ത് അവ പ്രസിദ്ധീകരിക്കുന്നുണ്ട്.

പുരാതനകാലത്തു നടക്കുന്ന സംഭവങ്ങളിലൂടെ സമകാലിക വിഷയങ്ങൾ അവതരിപ്പിക്കുന്നതും വാക്കുകൾകൊണ്ടുള്ള കളിയുമാണ് ആസ്റ്ററിക്സിന്റെ ആകർഷകത്വം. കഥാപാത്രങ്ങളുടെ പേരിൽത്തന്നെയുണ്ട് തമാശ. ആസ്റ്ററിക്സ് (നക്ഷത്രചിഹ്നം എന്നർഥമുള്ള ആ വാക്കാണ് വലിപ്പം കുറവെങ്കിലും മഹാവീരനായ നായകന്); ഒബെലിക്സ് (കരിങ്കൽസ്തൂപം എന്നർഥം. കഥാപാത്രത്തിന്റെ പെരുംതടിയെ സൂചിപ്പിക്കുന്നു), വൈറ്റൽസ്റ്റാറ്റിസ്റ്റിക്സ് (അഴകളവ് എന്നാണ് പേരിന് അർഥമെങ്കിലും കുടവയറനും കുള്ളനുമാണ് ആ ഗ്രാമത്തലവൻ); ഫുള്ളി ഓട്ടോമാറ്റിക്സ് (കൈകൊണ്ട് ഇരുമ്പുപകരണങ്ങൾ ഉണ്ടാക്കുന്ന കൊല്ലന് മുഴുവൻ ഓട്ടോമാറ്റിക്ക് എന്നർഥമുള്ള പേര്); അൺഹൈജിനിക്സ് (ചീഞ്ഞമീൻ വിൽക്കുന്നവൻ എന്ന് ആരോപണം കേൾക്കുന്ന കച്ചവടക്കാരനു പറ്റിയ പേര്); കാക്കോഫോണിക്സ് (കഠോരമായ സംഗീതമാലപിക്കുന്നയാൾക്ക് അപശ്രുതി എന്നർഥമുള്ള പേര്). ഡോഗ്മാറ്റിക്സ് (ഒബെലിക്സിന്റെ നായ), കയൂസ് യൂക്കാലിപ്റ്റസ്, മോണോസിലബിളിക്സ്, ഓപ്പറേറ്റിക്സ്, ഓർത്തോപീഡിക്സ്, ഇൻസ്റ്റന്റ് മിക്സ്, ഹോമിയോപതിക്സ്, വാനില, സർപ്ലസ് ഡയറിപ്രോഡസ്, ഇഗ്നൊറാമസ്, ക്രസ്മസ് ബോണസ് തുടങ്ങി ഒട്ടേറെ ഇനിയുമുണ്ട്.

അറുപതാംവർഷത്തിലെത്തുമ്പോൾ ആസ്റ്ററിക്സിന് മനോഹരമായ വരയും തമാശ നിറഞ്ഞ കഥയും നൽകുന്നത് സ്രഷ്ടാവായ ഉദെർസോയല്ല. 2015 ൽ അദ്ദേഹം വിരമിച്ചു. പുതിയ എഴുത്തുകാരനും ചിത്രകാരനുമാണിപ്പോൾ ആസ്റ്ററിക്സിനു പിന്നിൽ. ഴാങ്-യെവ്സ് ഫെറിയുടെ കഥയും ദിദിയേ കോൺറഡിന്റെ വരയും. മൂന്നരക്കോടിയോളം പ്രതികളാണ് ഇതുവരെ ഈ ചിത്രകഥ വിറ്റിട്ടുള്ളത്.

# പൂവേ പൊലി പൂവേ...

പൂവേ പൊലി പൂവേ...
തുമ്പപ്പൂവേ പൂത്തിരളേ
നാളേയ്ക്കൊരുവട്ടി പൂ തരുമോ?
ആക്കില ഈക്കില ഇളംകൊടി പൂക്കില
പിന്നെ ഞാനെങ്ങനെ പൂ തരേണ്ടു?

കാക്കപ്പൂവേ പൂത്തിരളേ
നാളേയ്ക്കൊരുവട്ടി പൂ തരുമോ?
ആക്കില ഈക്കില ഇളംകൊടി പൂക്കില
പിന്നെ ഞാനെങ്ങനെ പൂ തരേണ്ടു?

പിച്ചിപ്പൂവേ പൂത്തിരളേ
നാളേയ്ക്കൊരുവട്ടി പൂ തരുമോ?
ആക്കില ഈക്കില ഇളംകൊടി പൂക്കില
പിന്നെ ഞാനെങ്ങനെ പൂ തരേണ്ടു?

തെറ്റിപ്പൂവേ പൂത്തിരളേ
നാളേയ്ക്കൊരുവട്ടി പൂ തരുമോ?
ആക്കില ഈക്കില ഇളംകൊടി പൂക്കില
പിന്നെ ഞാനെങ്ങനെ പൂ തരേണ്ടു?

പൂവായപൂവെല്ലാം പിള്ളേരിറുത്തുപോയ്
പൂവാംകുരുന്നില ഞാൻ പറിക്കും
നാളെ ഞാൻ പോരുമ്പോൾ
ഒരുവട്ടി പൂവെന്റെ പിച്ചിപ്പൂവേ
നീ തന്നിടാഞ്ഞാൽ...

തന്നീടാം കുഞ്ഞേ, നീ
പൂ പൊലി പാടിക്കോ
പൂ പൊലി പാടി, നീ പൂ നുള്ളിക്കോ.
പൂവേ പൊലി പൂവേ പൊലി
പൂവേ പൊലി പൂവേ...

വര: ബാബുരാജൻ

# മൂന്ന് ചങ്ങാതിമാർ

പള്ളിയറ ശ്രീധരൻ

ഗണിതശാസ്ത്രത്തിന്റെ അടിസ്ഥാനമായ സംഖ്യകളിൽ ചില ഇനം സംഖ്യകൾ സുഹൃത് സംഖ്യകൾ (friendly numbers) എന്ന് അറിയപ്പെടുന്നു. രണ്ട് സംഖ്യകളിൽ ആദ്യത്തെ സംഖ്യയുടെ ഘടകങ്ങളുടെ തുക രണ്ടാമത്തെ സംഖ്യ ആവുകയും, രണ്ടാമത്തെ സംഖ്യയുടെ ഘടകങ്ങളുടെ തുക ആദ്യത്തെ സംഖ്യ ആകുകയും ചെയ്യുമ്പോഴാണ് സംഖ്യകൾ സുഹൃത് സംഖ്യകൾ എന്നറിയപ്പെടുന്നത്. 220, 284 എന്നിവയാണ് ഒരു ജോടി സുഹൃത് സംഖ്യകൾ.

ഒരേ സ്വഭാവമുള്ള ചില സംഖ്യകളെ നമുക്ക് കണ്ടെത്താം. സുഹൃത് സംഖ്യകൾ എന്ന നിർവചനത്തിൽ ഈ സംഖ്യകൾ ഉൾപ്പെട്ടില്ലെങ്കിലും ഇത്തരം സംഖ്യകളെ നമുക്ക് സുഹൃത്തുക്കളായി പരിഗണിക്കാം. അത്തരത്തിലുള്ള മൂന്ന് സംഖ്യകളാണ് 7, 11, 13. എന്താണിവയുടെ പ്രത്യേകതകൾ? അടുത്തടുത്ത ഒറ്റസംഖ്യകളാണോ അല്ല. 7 കഴിഞ്ഞാലുള്ള അടുത്ത ഒറ്റസംഖ്യ 9 ആണ്. പക്ഷേ അടുത്തടുത്ത മൂന്ന് അഭാജ്യസംഖ്യകൾ എന്നു പറയാം. ഇവരുടെ ചില രസകരമായ പ്രത്യേകതകൾ നമുക്ക് ശ്രദ്ധിക്കാം.

ഒരു മൂന്നക്ക സംഖ്യയെ അതേ ക്രമത്തിൽ അതേ അക്കങ്ങൾ ആവർത്തിച്ച് ഒരു ആറക്ക സംഖ്യയാക്കി മാറ്റുക. അതായത് 347 എന്ന സംഖ്യയാണെങ്കിൽ 347347 എന്ന ആറക്കസംഖ്യയാക്കുക. ഇത്തരത്തിലുള്ള ഏത് സംഖ്യയെയും 7, 11, 13 എന്നീ സംഖ്യകൾ കൊണ്ട് ശിഷ്ടം കൂടാതെ ഹരിക്കാൻ സാധിക്കും. ഇത് ഒരു അത്ഭുതമായി തോന്നാമെങ്കിലും ഇതിന്റെ പിന്നിലെ രഹസ്യം വളരെ നിസാരമാണ്.

നാം ഒരു മൂന്നക്ക സംഖ്യയെ 1001 കൊണ്ട് ഗുണിക്കുന്നു എന്ന് കരുതുക. ഉദാഹരണമായി 347 തന്നെ ആകട്ടെ, 347 x 1001 = 347347. ഏത് മൂന്നക്ക സംഖ്യയെ 1001 കൊണ്ട് ഗുണിച്ചാലും ആ മൂന്നക്കസംഖ്യ അതേ ക്രമത്തിൽ ആവർത്തിച്ചു വരുന്ന ഒരു ആറക്ക സംഖ്യ കിട്ടും.

നമ്മുടെ ചങ്ങാതികളുടെ ഗുണനഫലം നോക്കൂ 7 x 11 x 13 = 1001. അപ്പോൾ ഇത്തരം സംഖ്യകളെ എന്തുകൊണ്ട് നിശ്ശേഷം ഹരിക്കാൻ സാധിക്കുന്നു എന്ന് മനസ്സിലായല്ലോ.

തന്നിട്ടുള്ള ഒരു വലിയ സംഖ്യയെ 7, 11, 13 എന്നീ സംഖ്യകൾ കൊണ്ട് നിശ്ശേഷം ഹരിക്കാൻ സാധിക്കുമോ എന്നതിനുള്ള പരിശോധന ഒരേ ഇനം പരിശോധനയാണ്. സംഖ്യയിലെ അക്കങ്ങളെ ഒന്നാംസ്ഥാനത്തു നിന്ന് ആരംഭിച്ച് മൂന്ന് അക്കങ്ങൾ വീതമുള്ള ഗ്രൂപ്പുകളായി തരംതിരിക്കുക. ഇടവിട്ടുള്ള ഗ്രൂപ്പുകളുടെ തുക കാണുക. ഈ തുകകളുടെ വ്യത്യാസം പൂജ്യമാണെങ്കിൽ സംഖ്യയെ 7, 11, 13 കൊണ്ട് നിശ്ശേഷം ഹരിക്കാം. മാത്രമല്ല 7 ന്റെ ഗുണിതമാണെങ്കിൽ 7 കൊണ്ടും 11 ന്റെ ഗുണിതമാണെങ്കിൽ 11 കൊണ്ടും 13 ന്റെ ഗുണിതമാണെങ്കിൽ 13 കൊണ്ടും നിശ്ശേഷം ഹരിക്കാൻ സാധിക്കും.

ഉദാഹരണമായി 435241318512 എന്ന സംഖ്യ പരിഗണിക്കുക. മൂന്നക്കങ്ങൾ വീതമുള്ള ഗ്രൂപ്പുകളായി തിരിച്ചാൽ 435, 241, 318, 512 എന്നിങ്ങനെ നാല് ഗ്രൂപ്പുകൾ കിട്ടും. ഇടവിട്ട ഗ്രൂപ്പുകളുടെ തുക = 435 + 318 = 753, 241 + 512 = 753 ഇവയുടെ വ്യത്യാസം 753 −753=0. ഇവയുടെ വ്യത്യാസം പൂജ്യമായതിനാൽ തന്നിട്ടുള്ള സംഖ്യയെ 7, 11, 13 എന്നീ സംഖ്യകൾകൊണ്ട് നിശ്ശേഷം ഹരിക്കാൻ സാധിക്കും. അക്കങ്ങളെ ഗ്രൂപ്പ് തിരിക്കുമ്പോൾ ഒന്നാം സ്ഥാനത്തു നിന്ന് തുടങ്ങാൻ ശ്രദ്ധിക്കുമല്ലോ.

palliyarasreedharan@gmail.com

# ആണിയുടെ മൂല്യം

പുനരാഖ്യാനം : **ജോൺ സാമുവൽ**

ഒരു ആണിയുടെ മൂല്യമെത്രയാവും? അതുകൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാമാകും? പലർക്കും പലതരത്തിലാവും അതുകൊണ്ടുള്ള പ്രയോജനം ഉണ്ടാവുക. ഒടിഞ്ഞുതൂങ്ങിയ വീട്ടുപകരണങ്ങൾ കൂട്ടിച്ചേർക്കുവാൻ ആണി ഉപയോഗിക്കാം. ഓടുന്ന കുതിരയുടെ ലാടം അടിച്ചുറപ്പിക്കുവാൻ ആണി ഉപയോഗിക്കാം. ഭിത്തിയിൽ ചിത്രങ്ങൾ തൂക്കുന്നതിനും ആണിയാണ് ഉപയോഗപ്പെടുക.

പിന്നെയുമുണ്ട് ആണികൊണ്ടുള്ള ആയിരം പ്രയോജനങ്ങൾ. കളഞ്ഞുകിട്ടിയ ഒരാണികൊണ്ട് ജീവിതം തന്നെ മാറ്റിമറിക്കപ്പെട്ട ഒരാളിന്റെ കഥ കേൾക്കേണ്ടേ?

ഹാർഡി എന്നായിരുന്നു അയാളുടെ പേര്. ഐറിഷ് സമുദ്രത്തിന്റെ ഭാഗമായ ഹെബ്രിഡ്സ് എന്ന ദ്വീപിനടുത്തുള്ള സ്കാറാബ്രേ എന്ന ഗ്രാമത്തിലെ പാവപ്പെട്ട ഒരു കൃഷിക്കാരനായിരുന്നു ഹാർഡി. നിത്യവൃത്തിക്കുതന്നെ ബുദ്ധിമുട്ടിയിരുന്ന ഹാർഡിയുടെ ജീവിതത്തിൽ ഒപ്പമുണ്ടായിരുന്നത് ഭാര്യയും രണ്ടു കുട്ടികളും തലചായ്ക്കാൻ ചെറിയൊരിടവും. കൃഷിയിൽ നിന്ന് വലിയ വരുമാനമൊന്നുമുണ്ടായിരുന്നില്ല. വീടിനോടു ചേർന്നുള്ള ചെറിയ തുണ്ടുഭൂമിയിൽ അത്യാവശ്യം വേണ്ട സാധനങ്ങൾ ഹാർഡി കൃഷി ചെയ്തിരുന്നു. എങ്കിലും മിക്കപ്പോഴും അർധപ്പട്ടിണി തന്നെ.

എങ്ങനെയാണ് ഈ ദുരിതത്തിൽ നിന്നൊന്ന് രക്ഷപ്പെടുക? അയാളും ഭാര്യയും പരസ്പരം ആ ചോദ്യം ചോദിച്ചുകൊണ്ടേയിരുന്നു. എങ്ങുനിന്നും ഒരുത്തരവും അവർക്കു ലഭിച്ചില്ല.

തണുപ്പുകാലം അവസാനിക്കുന്നതോടെ ട്വീഡ് നദീതടങ്ങളിൽ മഞ്ഞുവീഴ്ച ശമിച്ചുതുടങ്ങും. തുടർന്ന് വസന്തകാലം. കരുതിവച്ചിരുന്ന ഭക്ഷണസാധനങ്ങൾ ഏറെയൊന്നുമില്ല. അതിന്റെ ആധിയിലായിരുന്നു ഹാർഡി. എന്തെങ്കിലുമൊരു ജോലി തരപ്പെടുത്തുന്നതിനായി നദിക്കരെയുള്ള ടിറി എന്ന പ്രദേശത്തേക്ക് ഒരുനാൾ ഹാർഡി പുറപ്പെട്ടു. വീട്ടിൽ അടുപ്പ് പുകയേണ്ടതുണ്ടല്ലോ. യാത്രയുടെ ലക്ഷ്യമതായിരുന്നുവെങ്കിലും തീർത്തും അലക്ഷ്യമായാണ് അയാൾ നടന്നുപൊയ്ക്കൊണ്ടിരുന്നത്.

പെട്ടെന്നാണ് പുറകിൽനിന്ന് കുതിരക്കുളമ്പടി ശബ്ദംകേട്ടത്. നോക്കുമ്പോൾ പ്രഭുകുമാരനെ പോലെ തോന്നിപ്പിച്ച ഒരാൾ ഔദ്യോഗികവേഷത്തിൽ സാമാന്യം വേഗത്തിൽ കുതിരപ്പുറത്ത് വരുന്നു. ഹാർഡി വഴിയരികിലേക്ക് ഒതുങ്ങിനിന്നു. പ്രഭുകുമാരൻ ഹാർഡിയെ ശ്രദ്ധിച്ചില്ല. കുതിര കടന്നുപോകുമ്പോൾ തിളങ്ങുന്ന എന്തോ ഒന്ന് കുതിരയുടെ ലാടത്തിൽ നിന്ന് അടർന്ന് തെറിച്ചു വീഴുന്നത് ഹാർഡി കണ്ടു. ലാടം ഉറപ്പിച്ചിരുന്ന ആണിയാണതെന്നു മനസ്സിലാക്കി അയാൾ ശബ്ദമുണ്ടാക്കി പ്രഭുകുമാരനെ വിളിച്ചു. അപ്പോഴേക്ക് ഹാർഡിയെയും കടന്ന് കുതിര മുന്നോട്ടുപോയിരുന്നു. എന്നാൽ വിളികേട്ട് കുതിരയെ തിരിച്ചുവിളിച്ച് പ്രഭുകുമാരൻ ഹാർഡിക്കടുത്തെത്തി.

പെട്ടെന്നാണ് പുറകിൽനിന്ന് കുതിരക്കുളമ്പടി ശബ്ദംകേട്ടത്. നോക്കുമ്പോൾ പ്രഭുകുമാരനെപോലെ തോന്നിപ്പിച്ച ഒരാൾ ഔദ്യോഗികവേഷത്തിൽ സാമാന്യം വേഗത്തിൽ കുതിരപ്പുറത്ത് വരുന്നു. ഹാർഡി വഴിയരികിലേക്ക് ഒതുങ്ങിനിന്നു. പ്രഭുകുമാരൻ ഹാർഡിയെ ശ്രദ്ധിച്ചില്ല. കുതിര കടന്നു പോകുമ്പോൾ തിളങ്ങുന്ന എന്തോ ഒന്ന് കുതിരയുടെ ലാടത്തിൽ നിന്ന് അടർന്ന് തെറിച്ചു വീഴുന്നത് ഹാർഡി കണ്ടു.

നിലത്തുനിന്ന് ആണിയെടുത്തു കാട്ടിക്കൊണ്ട് ഹാർഡി പറഞ്ഞു.

“കുതിരയുടെ കാലിലെ ലാടത്തിൽ നിന്ന് തെറിച്ചു വീണതാണ്.”

“അത്രയേയുള്ളോ? ഒരാണിയല്ലേ, സാരമില്ല. അത് ശരിയാക്കാൻ നിന്നാൽ സമയത്തിന് കൊട്ടാരത്തിലെത്താൻ കഴി

യില്ല. അത് താങ്കളെടുത്തോളൂ...''

മറുപടിക്കുപോലും കാക്കാതെ അതിവേഗതയിൽ കുതിരയെ തെളിച്ചുകൊണ്ട് പ്രഭുകുമാരൻ പാഞ്ഞുപോയി.

ഹാർഡി ആണിയിലേക്കു നോക്കി. അടിഭാഗം തേഞ്ഞുതുടങ്ങിയിരുന്നതിനാൽ നല്ലതിളക്കം. ആരുടെയെങ്കിലും കാലിൽ തുളച്ചുകയറാതിരിക്കട്ടെ എന്ന ഉദ്ദേശ്യത്തോടെ വഴിയരികിലെ കാട്ടിലേക്കു വലിച്ചെറിയാൻ തുടങ്ങുമ്പോഴാണ് തന്റെ അച്ഛനും മുത്തച്ഛനും ഒക്കെ എപ്പോഴും പറയാറുണ്ടായിരുന്ന ഒരു കാര്യം ഹാർഡിയുടെ ഓർമയിൽ വന്നത്.

'ഒന്നിനെയും നിസ്സാരമായി കരുതരുത്. ഓരോന്നിനുമുണ്ടാവും അതിന്റേതായ വിലയും ഉപയോഗവുമൊക്കെ.'

കളയാൻ കരുതിയ ആണി പോക്കറ്റിൽ നിക്ഷേപിച്ച്, അയാൾ ലക്ഷ്യത്തിലേക്കു നീങ്ങി.

കുറച്ചുദൂരം ചെല്ലുമ്പോൾ വഴിയരികിൽ ഓടയിലേക്കു മറിഞ്ഞു കിടക്കുന്നൊരു വണ്ടിയും സമീപത്ത് വിഷണ്ണനായി ഇരിക്കുന്ന ഒരാളെയും കണ്ടു. ഹാർഡിയെ കണ്ടതും അയാൾ തന്റെ സങ്കടം പറഞ്ഞു.

''സുഹൃത്തേ, ചക്രം ഇളകിത്തെറിച്ച് എന്റെ വണ്ടി മറിഞ്ഞിരിക്കുന്നു. ശരിയാക്കാൻ എന്നെയൊന്നു സഹായിക്കുമോ? ഏറെ ദൂരം പോകാനുണ്ട്. സന്ധ്യയ്ക്കു മുമ്പെത്തണമെങ്കിൽ ഇപ്പോൾ തിരിച്ചേ കഴിയൂ...''

ഹാർഡി വണ്ടിക്കടുത്തേക്കു ചെന്നു പരിശോധിച്ചപ്പോൾ വലിയ പ്രശ്നങ്ങളൊന്നുമില്ല. ഇളകിത്തെറിച്ച ചക്രം തിരിച്ചുപിടിപ്പിച്ചാൽ മതി. വണ്ടിയോടിക്കൊള്ളും. പക്ഷെ, അതിനെന്താ മാർഗം? വണ്ടിക്കാരനും ഹാർഡിയും ചേർന്ന് വണ്ടി ഓടയിൽ നിന്നുയർത്തി റോഡിലേക്കു കയറ്റാൻ ശ്രമിക്കുമ്പോൾ ആത്മഗതമെന്നോണം അയാൾ പറഞ്ഞു. 'ഒരാണി



വര: സിമി മുഹമ്മ

കിട്ടിയിരുന്നെങ്കിൽ ചക്രം ഉറപ്പിക്കാമായിരുന്നു.'

ഹാർഡി തന്റെ പോക്കറ്റിൽ നിന്ന് ആണിയെടുത്ത് വണ്ടിക്കാരന്റെ നേർക്കുനീട്ടി. ആണികൊണ്ട് ചക്രം തണ്ടിൽ പിടിപ്പിക്കുവാൻ ഹാർഡിയും അയാളെ സഹായിച്ചു. വളരെപ്പെട്ടെന്നുതന്നെ വണ്ടി ശരിയാക്കാൻ സാധിച്ചതിൽ സന്തോഷവാനായ വണ്ടിക്കാരൻ ഒരു സ്വർണനാണയം ഹാർഡിക്കു സമ്മാനിച്ചു.

ഹാർഡി അത്ഭുതപ്പെട്ടുപോയി. ജീവിതത്തിലാദ്യമായാണ് ഒരു സ്വർണനാണയം കാണുന്നതുതന്നെ. വണ്ടിക്കാരൻ തീർച്ചയായും സാധാരണക്കാരനാവുകയില്ല. യാത്ര തുടരാനായി വണ്ടിയിൽ കയറിയ അയാൾ അത്ഭുതപ്പെട്ടു നിൽക്കുന്ന ഹാർഡിയോടു ചോദിച്ചു.

''അടുത്ത പട്ടണത്തിലേക്കാണെങ്കിൽ എന്നോടൊപ്പം പോന്നോളൂ... അവിടെ



ഇറക്കാം...''

ഇതിനിടെ പ്രഭുകുമാരൻ വലിയൊരാപത്തിൽപ്പെട്ടിരുന്നു. ആണി ഇളകിപ്പോയതിനാൽ പിന്നീടുള്ള ഓട്ടത്തിൽ ലാടം കാലിൽനിന്ന് വേർപെട്ട് കുതിരയ്ക്കു മുന്നോട്ടു പോകാനായില്ല. കല്ലും മുള്ളും നിറഞ്ഞ വഴിയായതിനാൽ ഞൊണ്ടി ഞൊണ്ടി കുതിര ഓട്ടവും നിർത്തി. പ്രഭുകുമാരൻ ചുറ്റും നോക്കി. ജനവാസം തീരെയില്ലാത്ത കാട്ടുപ്രദേശം. ഏതെങ്കിലും കൊല്ലന്റെ ആല അടുത്തെങ്ങാനും ഉണ്ടായിരുന്നെങ്കിൽ ലാടം ഉറപ്പിച്ച് യാത്ര തുടരാമായിരുന്നു. ആല പോയിട്ട് ലാടം ഉറപ്പിക്കുവാൻ ഒരാണി പോലും കണ്ടെത്താനാകാത്ത സ്ഥലം.

പണ്ടാരോ പറഞ്ഞതുപോലെ കാലുകൊണ്ട് തട്ടിക്കളഞ്ഞ സാധനം പല്ലുകൊണ്ടെടുക്കേണ്ട പരുവത്തിലായി പ്രഭുകുമാരൻ.

നേരം ഇരുട്ടിത്തുടങ്ങിയിരുന്നു. പെട്ടെന്നാണ് കത്തിച്ച ചൂട്ടുകറ്റകളുമായി നാലഞ്ച് കൊള്ളക്കാർ പ്രഭുകുമാരന്റെ നേർക്കടുത്തത്. അവരുടെ കൈയിൽ കത്തിയും വാളും അടങ്ങിയ ആയുധങ്ങളുണ്ടായിരുന്നു. പ്രഭുകുമാരനെ കൊള്ളയടിച്ച് അടിച്ചവശനാക്കി തളർന്നുകിടക്കുന്ന കുതിരയ്ക്കു സമീപം ഉപേക്ഷിച്ചിട്ട് അവർ ഇരുട്ടിൽ മറഞ്ഞു. പ്രഭുകുമാരൻ ഉറക്കെ നിലവിളിക്കുവാൻ ശ്രമിച്ചിട്ടും ശബ്ദം പുറത്തേക്കു വന്നില്ല.

വണ്ടിയിൽ പട്ടണത്തിലെത്തിയ ഹാർഡിയാവട്ടെ ഈ സമയം തീർത്തും ആഹ്ലാദവാനായിരുന്നു. ആണിക്ക് പ്രതിഫലമായി ലഭിച്ച സ്വർണനാണയം കൊടുത്ത് ആവോളം ഭക്ഷണസാധനങ്ങൾ വാങ്ങി. എന്നിട്ടും കൈയിൽ ധാരാളം പണം ബാക്കി. രണ്ടുമാസം എല്ലുമുറിയെ പണിയെടുത്താലും കിട്ടാത്ത പ്രതിഫലമാണ് ഒരൊറ്റനിമിഷംകൊണ്ട് കൈകളിലെത്തിയിരിക്കുന്നത്. ഭാര്യയുടെയും കുട്ടികളുടെയും ഭാഗ്യമായിരിക്കണം അതിനു കാരണമെന്നയാൾ വിശ്വസിച്ചു.

വയറുനിറയെ രുചിയുള്ള ഭക്ഷണം കഴിച്ച് കുറച്ചൊന്നുറങ്ങി. വീട്ടിലേക്കു മടങ്ങുവാൻ ഹാർഡി തീരുമാനിച്ചു. കുറഞ്ഞത് ഒരു മാസത്തേക്കെങ്കിലും ഇനി വിഷമിക്കേണ്ടതില്ല. അത്രയ്ക്കും പണം കൈയിലുണ്ട്.

അതുകൊണ്ടുതന്നെ മടക്കയാത്ര സൂക്ഷിച്ചുവേണമെന്ന് ഹാർഡിയുടെ മനസ്സു പറഞ്ഞു. കാട്ടുപാതയിൽ കൊള്ളക്കാർ ധാരാളമുണ്ട്. എത്രയും വേഗം വീട്ടിലെത്താൻ അയാൾ കൊതിച്ചു. കാട്ടുപാതയിലൂടെ നടക്കുമ്പോൾ അത്ര അകലത്തല്ലാതെ ഒരു കൂട്ടക്കരച്ചിൽകേട്ട് ഹാർഡി ചെവി വട്ടം പിടിച്ചു. കൊള്ളക്കാരുടെ തന്ത്രമാകുമോ അത്? ഭക്ഷണസാധനങ്ങളും പണവും തൊട്ടടുത്തുള്ള കുറ്റിക്കാട്ടിലൊളിപ്പിച്ച് അടയാളവും വച്ച് തിരികെ വഴിയിലെത്തുമ്പോൾ കരച്ചിൽ കുറേക്കൂടി വ്യക്ത

മായി കേൾക്കാനായി. കുട്ടികളുടെയും സ്ത്രീകളുടെയും കൂട്ടക്കരച്ചിലായിരുന്നു അത്. സഹായത്തിനുവേണ്ടിയുള്ള കരച്ചിലാണതെന്ന് ഹാർഡിക്കു തോന്നി. കരച്ചിൽകേട്ട സ്ഥലത്തേക്ക് അയാൾ നീങ്ങി. ഹാർഡിയുടെ ഊഹം ശരിയായിരുന്നു. ഒരു സ്ത്രീയും അഞ്ചെട്ടുകുട്ടികളും കൂടിയിരുന്നു നിലവിളിക്കുന്നു. ഹാർഡിയെ കണ്ടതോടെ കരച്ചിൽ ഉച്ചത്തിലായി.

അവരെ സമാധാനിപ്പിച്ചുകൊണ്ട് എന്താണ് സംഭവിച്ചതെന്ന് ഹാർഡി ചോദിച്ചു. സീൽബോസ്റ്റ് തീരത്തുള്ള കൊട്ടാരത്തിലെ അംഗങ്ങളായിരുന്നു അവർ. കാടുകാണാൻ കൊതിച്ച കുട്ടികളുമായി കാട്ടിനുള്ളിൽ എത്തിപ്പെട്ട അവർക്ക് വഴിതെറ്റി. വഴിതെറ്റിയ സംഘം അങ്ങനെ ഉൾക്കാട്ടിലെത്തപ്പെട്ടു. തിന്നാനും കുടിക്കാനും ഒന്നുമില്ലാതെ വിശന്നും ദാഹിച്ചും വലയുന്ന കുട്ടികൾ...

''പേടിക്കേണ്ട, എന്നോടൊപ്പം പോന്നോളൂ... അരമണിക്കൂറിനുള്ളിൽ നിങ്ങളെ കാടിനു പുറത്തെത്തിക്കാം.''

ഹാർഡിയുടെ വാക്കുകൾ അവരെ ആശ്വസിപ്പിച്ചുവെങ്കിലും വിശന്നുവലഞ്ഞ കുട്ടികൾക്ക് ഒരിഞ്ചുപോലും നടക്കാനാവുമായിരുന്നില്ല. അതിനും ഹാർഡി പരിഹാരം കണ്ടെത്തി. കുറ്റിക്കാട്ടിലൊളിപ്പിച്ച ഭക്ഷണസാധനങ്ങൾ കൊടുത്ത് അവരുടെ വിശപ്പും ദാഹവും ശമിപ്പിച്ചു. പിന്നീട് അവരെ കാട്ടിനുവെളിയിലെത്തിച്ച് കൊട്ടാരത്തിൽ കൊണ്ടുവിട്ടു.

പ്രഭ്വി നന്ദിപൂർവം ഹാർഡിക്ക് സമ്മാനിച്ചതാകട്ടെ കൈനിറയെ സ്വർണനാണയങ്ങളായിരുന്നു. അമ്പരപ്പും ആഹ്ലാദവും ഒരിക്കൽക്കൂടി ഹാർഡിയെ പിടിച്ചുലച്ചു. ഒരുമാസത്തേക്കുള്ള പണം ഉണ്ടെന്ന് ആശ്വസിച്ച തനിക്കിതാ ഒരു വർഷം കഴിഞ്ഞാലും തീരാത്തത്ര പണം. ഭാഗ്യം വന്ന വഴിയെക്കുറിച്ച് അത്ഭുതത്തോടെ ചിന്തിച്ചുകൊണ്ട് ഹാർഡി വീട് ലക്ഷ്യമാക്കി നടന്നു.

അപ്പോൾ അതാ വീണ്ടുമൊരു നിലവിളി. ഇക്കുറി അതൊരു പുരുഷശബ്ദമായിരുന്നു. നേർത്ത ശബ്ദത്തിലുള്ള കരച്ചിൽ. അവിടേക്ക് അയാൾ ഓടിയെത്തി. അതാ! കുതിരപ്പുറത്ത് പാഞ്ഞുപോയ പ്രഭുകുമാരൻ തളർന്നുകിടക്കുന്നു.

**അപ്പോൾ അതാ വീണ്ടുമൊരു നിലവിളി. ഇക്കുറി അതൊരു പുരുഷശബ്ദമായിരുന്നു. നേർത്ത ശബ്ദത്തിലുള്ള കരച്ചിൽ. അവിടേക്ക് അയാൾ ഓടിയെത്തി. അതാ! കുതിരപ്പുറത്ത് പാഞ്ഞുപോയ പ്രഭുകുമാരൻ തളർന്നുകിടക്കുന്നു. കുതിരയുടെ അടുത്ത് ദേഹമാസകലം പരിക്കുകളോടെ. ഹാർഡി ഓടിച്ചെന്ന് പ്രഭുകുമാരനെ പിടിച്ചെഴുന്നേൽപ്പിച്ചു.**

കുതിരയുടെ അടുത്ത് ദേഹമാസകലം പരിക്കുകളോടെ.

ഹാർഡി ഓടിച്ചെന്ന് പ്രഭുകുമാരനെ പിടിച്ചെഴുന്നേൽപ്പിച്ചു. ഹാർഡിയെ കണ്ടപ്പോൾ പ്രഭുകുമാരന് ആശ്വാസമായി. ഈയാളിന്റെ വാക്കുകൾ കേൾക്കാതെയല്ലേ താൻ യാത്ര തുടർന്നത്.

നടന്നതെല്ലാം പ്രഭുകുമാരൻ വിശദീകരിച്ചു. അപ്പോൾ ഹാർഡി പറഞ്ഞു.

''അങ്ങ് വിഷമിക്കേണ്ട. വരാനുള്ളത് വഴിയിൽ തങ്ങില്ലെന്നു കേട്ടിട്ടില്ലേ? ഞാൻ അങ്ങയെ കൊട്ടാരത്തിൽ എത്തിക്കാം.''

ഹാർഡി പ്രഭുകുമാരനെ പിടിച്ചെഴുന്നേൽപ്പിച്ചു. അപ്പോൾ സ്വയമെന്നോണം പ്രഭുകുമാരൻ പറഞ്ഞു.

''താങ്കൾ പറഞ്ഞതു കേട്ടിരുന്നെങ്കിൽ എനിക്കീ ഗതി വരുമായിരുന്നില്ല. അവരെന്നെ കൊള്ളയടിച്ചു... മർദിച്ചു... ഓടയിൽ തള്ളി.''

കുതിരയെ ഉപേക്ഷിച്ച് പ്രഭുകുമാരനെ തോളിലേറ്റി ഹാർഡി കാട്ടിനുള്ളിൽനിന്ന് പുറത്തുകടന്ന് വീട്ടിലെത്തി. പ്രഭുകുമാരന്റെ മുറിവുകൾ വച്ചുകെട്ടി ഭക്ഷണവും നൽകി അന്നു രാത്രിയിൽ അവിടെ പാർപ്പിച്ചു.

പിറ്റേന്ന് ഹാർഡിയുടെ ഭാര്യ സമൃദ്ധമായ പ്രഭാതഭക്ഷണം പ്രഭുകുമാരന് ഒരുക്കിയിരുന്നു. ഒരു സ്വപ്നംപോലെ തോന്നിച്ച സംഭവങ്ങൾ ഓർത്തുകൊണ്ട് പ്രഭുകുമാരൻ ഹാർഡിക്ക് നന്ദി പറഞ്ഞു. എന്നിട്ടു പറഞ്ഞു.

''ഞാനിതേപ്പറ്റി ചിന്തിക്കുകയായിരുന്നു. എനിക്ക് എല്ലാം നഷ്ടപ്പെട്ടു. ആണി, കുതിര, സ്വർണനാണയങ്ങൾ, പണം എല്ലാം... എന്നാൽ ഇനിയുള്ളതെങ്കിലും സംരക്ഷിക്കപ്പെടണം... എന്റെ കൊട്ടാരം, കൃഷിയിടങ്ങൾ, ചുറ്റുമുള്ള പ്രദേശങ്ങൾ... സമർഥനും വിശ്വസ്തനുമായ ഒരാളുണ്ടെങ്കിൽ അതിനു കഴിയുമെന്നതു തീർച്ച.''

പ്രഭുകുമാരൻ ഒരുനിമിഷം നിർത്തി... ഹാർഡിയെ നോക്കിക്കൊണ്ടു തുടർന്നു.

''എന്റെ സർവ സ്വത്തുക്കളുടെയും മേൽനോട്ടക്കാരനായി താങ്കൾക്ക് ചുമതലയേൽക്കാമോ? ഏൽക്കാമോ എന്നല്ല ഏൽക്കണം...''

ഹാർഡി ഒരിക്കൽക്കൂടി അത്ഭുതംകൊണ്ട് വീർപ്പുമുട്ടി... തീർത്തും അവിശ്വസനീയമായ കാര്യങ്ങൾ! പാതിതേഞ്ഞ ഒരാണിയിൽ നിന്ന് ജീവിതം എവിടെവരെ എത്തിയിരിക്കുന്നു! ഹാർഡിയുടെ ചെവിയിൽ ആ വാക്കുകൾ വീണ്ടും മുഴങ്ങി.

'ഒന്നിനെയും നിസ്സാരമായി കരുതരുത്. ഓരോന്നിനുമുണ്ടാവും അതിന്റേതായ വിലയും ഉപയോഗവും.'

ഫ്രം
അപ്പു,
കിളിക്കൂട്‌വീട്

# ദൈവത്തിനൊരു കത്ത്

പ്രിയ എ എസ്

കത്തെഴുതുക എന്നൊരു ചോദ്യം വരും പരീക്ഷയ്ക്ക് എന്ന് അമ്മ ഓർമിപ്പിച്ചിരുന്നു അപ്പുവിനെ..

നിങ്ങളുടെ പഞ്ചായത്തിലെ റോഡുകൾ പൊട്ടിപ്പൊളിഞ്ഞതു ചൂണ്ടിക്കാണിച്ചും സത്വരനടപടികളെടുക്കാനാവശ്യപ്പെട്ടും ബന്ധപ്പെട്ട അധികാരികൾക്ക് കത്തെഴുതുക, തെരുവുനായ്ക്കളുടെ ശല്യം ക്രമാതീതമായി വർധിച്ചുവരുന്നതിനെതിരെ പ്രമുഖ പത്രത്തിലെ പത്രാധിപർക്ക് കത്തെഴുതുക, മാർക്കറ്റിലെ മാലിന്യനിർമാർജനത്തിനു സഹായകമായ നിർദേശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് സ്ഥലത്തെ സാമൂഹികസംഘടനയ്ക്ക് കത്തെഴുതുക എന്നിങ്ങനെ പലതരം ചോദ്യമാതൃകകൾ ക്ലാസിൽ നിലീനടീച്ചറും അവർക്ക് പരിചയപ്പെടുത്തിക്കൊടുത്തിരുന്നു.

അത്തരം കത്തുകളെഴുതാൻഅപ്പു നന്നായി പഠിച്ചിട്ടുണ്ടായിരുന്നു.

പക്ഷേ ചോദ്യം വന്നത് 'ലോകകപ്പിൽ ഫുട്ബോളുരുളുമ്പോൾ' എന്ന വിഷയത്തെക്കുറിച്ച് പബ്ലിക്‌ലൈബ്രറിയിൽ നടക്കുന്ന ചർച്ച ഉദ്ഘാടനം ചെയ്യാനായി പ്രശസ്ത ഫുട്ബോൾ താരം ഐ എം വിജയനെ ക്ഷണിക്കാൻ പറഞ്ഞുകൊണ്ടുള്ളതായിരുന്നു.

എത്ര നോക്കിയിട്ടും അപ്പുവിന് ആ കത്തെഴുത്തു വഴങ്ങിയില്ല. കാരണം, അപ്പു ഒരിക്കലും ഒരു ഫുട്ബോൾഫാനായിരുന്നില്ല. ഫുട്ബോൾ കളിക്കുക അവന്റെ സ്വഭാവമായിരുന്നില്ല. തന്നെ



വര: സുധീർ പിള്ള

യുമല്ല, കളികളിൽ ബാസ്ക്കറ്റ്ബോൾ മാത്രമേ ഇഷ്ടമായിരുന്നുള്ളു. ഒരിക്കൽ പോലും അപ്പു, വിജയന്റെ കളികളൊന്നും കണ്ടിട്ടുണ്ടായിരുന്നുമില്ല. 'ശാന്തം' സിനിമയിൽ അഭിനയിച്ച ഫുട്ബോൾതാരമായി മാത്രമേ അപ്പുവിന് വിജയനെ അറിയുമായിരുന്നുള്ളു. പക്ഷേ അറിയില്ലയെങ്കിലും എന്തെങ്കിലും ഉത്തരമെഴുതണം എല്ലാ ചോദ്യത്തിനും എന്നാണ് അമ്മയും നിലീനടീച്ചറും അവനെ പഠിപ്പിച്ചിരുന്നത്.

കത്തിന്റെ ഉള്ളടക്കം ശരിയായില്ലെങ്കിൽപ്പോലും ആർക്ക്, ആര്, എന്ന്, എവിടെ നിന്ന് എഴുതുന്നു ഇതൊക്കെ ശരിയായി അവതരിപ്പിച്ചാൽത്തന്നെ കുറച്ചു മാർക്കെങ്കിലും കിട്ടും എന്ന് ടീച്ചർ ഉറപ്പും പറഞ്ഞിരുന്നു.

അതു കൊണ്ട് അപ്പു, എല്ലാ ചോദ്യങ്ങളുടെയും ഉത്തരങ്ങളെഴുതിക്കഴിഞ്ഞ് 'എന്നാ ഇനി ആ ആർക്ക്, ആര് - പരിപാടി ..അതങ്ങ് പരീക്ഷിക്കാം' എന്നു തീരുമാനിച്ച് ചോദ്യത്തിന്റെ നമ്പർ ഇട്ടു. പക്ഷേ പെട്ടെന്ന് അപ്പുവിന്, ദൈവത്തിന് ഒരു കത്തെഴുതണം എന്ന ആഗ്രഹം വളരെ ശക്തമായി വരികയും 'പ്രിയ ദൈവത്തിന്' എന്നവൻ ഒരു കുഞ്ഞുചിരിയോടെ പരീക്ഷാക്കടലാസിൽ എഴുതുകയും ചെയ്തു.

ദൈവം, മച്ചിൻപുറം ഓഫ് കിളിക്കൂട്, കൊച്ചി 21 എന്ന് കത്ത് കിട്ടേണ്ടയാളുടെ മേൽവിലാസവും, കത്തെഴുതുന്നയാളുടെ മേൽവിലാസം അപ്പു, കിളിക്കൂട് വീട്, കൊച്ചി 21 എന്നുമെഴുതിയപ്പോൾ അപ്പുവിന് പ്രത്യേകിച്ചൊരു കാരണവുമില്ലാതെ വലിയ സന്തോഷം വന്നു.

അപ്പു പിന്നെ കത്തെഴുതി, തന്നോടുതന്നെ ചിരിച്ചുകൊണ്ട്..

*പ്രിയ ദൈവം ,*

*കൂട്ടുകാർക്ക് കത്തെഴുതുമ്പോൾ നിനക്ക് സുഖമാണെന്നു കരുതുന്നു എന്നെഴുതി കത്തു തുടങ്ങാനാണ് ടീച്ചർ പറഞ്ഞിരിക്കുന്നത്.*

*നീ എന്റെ കൂട്ടുകാരനാണെങ്കിലും നിനക്ക് സുഖമാണെന്ന് കരുതുന്നു എന്ന ആ വാചകം ഞാനെഴുതുന്നില്ല. പകരം നിനക്ക് സുഖമല്ലെന്നു കരുതുന്നു എന്നു തന്നെ എഴുതുന്നു. നിനക്കെങ്ങനെ സുഖമാകാനാണ്! നാടായ നാടുകളിലെയൊക്കെ ആബാലവൃദ്ധം ജനങ്ങളും നിന്നോട് ഓരോരോ കാര്യത്തെച്ചൊല്ലി ഓരോരോ ഭാഷയിൽ പരാതി പറഞ്ഞുകൊണ്ടേയിരിക്കുകയാണല്ലോ... നിനക്ക് എത്രയെത്ര ഭാഷകളറിയാമായിരിക്കും എന്നും എനിക്ക് അത്ഭുതമുണ്ട്.*

**അടുത്തയിടെയൊക്കെ നിന്നെ ഓർത്ത് പലതവണ ചിരി വരാറുണ്ട് എനിക്ക്. സിനിമ കാണാനിരിക്കുമ്പോഴാണ് ആ ചിരി വരലൊക്കെ. സിനിമ തുടങ്ങുന്നതിനുമുമ്പ് 'താങ്ക് ഗോഡ്" എന്ന് സ്ക്രീനിൽ എഴുതിക്കാണിക്കുന്ന ഒരു രീതിയുണ്ട് ഈയിടെയായി. അപ്പോഴൊക്കെ ഞാനോർക്കും, ഇവരുടെ ഈ നന്ദി പറച്ചിലൊക്കെ നീ അറിയുന്നുണ്ടാകുമോ, സിനിമ കാണാനൊക്കെ നിനക്ക് നേരം കിട്ടുന്നുണ്ടാകുമോ എന്നൊക്കെ..**

*'ആബാലവൃദ്ധം' എന്ന വാക്ക് ഞാൻ പുതിയതായി പഠിച്ചതാണ് .ആദ്യമായി അത് പ്രയോഗിക്കുന്നത് നിന്റെയടുത്താണ്. ഈ ആബാലവൃദ്ധം എന്നും വാക്കുണ്ടോ എന്ന് ഞാൻ ടീച്ചറിനോട് ചോദിച്ചു. അപ്പോൾ ടീച്ചർ പൊട്ടിപ്പൊട്ടിച്ചിരിച്ചു.*

*നിലീനടീച്ചറങ്ങനെയാണ്. ഞങ്ങളുടെ കുരുത്തക്കേടുകളെല്ലാം സഹിച്ച് ചിരിക്കും. കഴിഞ്ഞവർഷത്തെ ശർമ്മിഷ്ഠടീച്ചർ ഇതുപോലെയേ ആയിരുന്നില്ല. എന്തിനും ഏതിനും ദേഷ്യപ്പെടും. ശർമ്മിഷ്ഠടീച്ചറിനെ കോപാവിഷ്ട എന്നാണ് ഞാൻ മനസാ വിളിക്കാറുണ്ടായിരുന്നത് എന്ന് മനുവിനു മാത്രമേ അറിയൂ. മനുവാണ് എന്റെ ഏറ്റവും വലിയ കൂട്ടുകാരൻ*

*അതു പോട്ടെ, അടുത്തയിടെയൊക്കെ നിന്നെ ഓർത്ത് പലതവണ ചിരി വരാറുണ്ട് എനിക്ക്. സിനിമ കാണാനിരിക്കുമ്പോഴാണ് ആ ചിരി വരലൊക്കെ. സിനിമ തുടങ്ങുന്നതിനുമുമ്പ് 'താങ്ക് ഗോഡ്' എന്ന് സ്ക്രീനിൽ എഴുതിക്കാണിക്കുന്ന ഒരു രീതിയുണ്ട് ഈയിടെയായി. അപ്പോഴൊക്കെ ഞാനോർക്കും, ഇവരുടെ ഈ നന്ദി പറച്ചിലൊക്കെ നീ അറിയുന്നുണ്ടാകുമോ, സിനിമ കാണാനൊക്കെ നിനക്ക് നേരം കിട്ടുന്നുണ്ടാകുമോ എന്നൊക്കെ..*

*നീയാണ് ജീവജാലങ്ങളെയെല്ലാം സൃഷ്ടിച്ചത്. പക്ഷേ കണ്ടുപിടുത്തങ്ങളൊന്നും നിന്റെയല്ലല്ലോ. അതൊക്കെ നീ സൃഷ്ടിച്ച മനുഷ്യർ ചെയ്യുന്നതാണല്ലോ. അതുകൊണ്ടുതന്നെ നിനക്കീ മനുഷ്യരുടെ ഗുട്ടൻസുകളല്ലാതെ*

അവരുടെ കണ്ടുപിടുത്തങ്ങളുടെ ഗുട്ടൻസ് അറിയുന്നുണ്ടാവില്ല. സിനിമ ഉണ്ടാക്കാനൊക്കെ നീ ഉണ്ടാക്കിയ മനുഷ്യർക്കറിയാമെന്നല്ലാതെ അതൊന്നും നിനക്കറിയാൻ ഒരു വഴിയുമില്ലല്ലോ. പക്ഷേ, 'താങ്ക് ഗോഡ്' എന്നെഴുതിക്കാണിക്കുന്ന സിനിമകളെക്കുറിച്ചൊക്കെ എല്ലാ തിരക്കിനിടയിലും 'ഗോഡ്മെയിൽ' എന്നോ മറ്റോ ഉള്ള സംവിധാനം വഴി നീ അറിയുന്നുണ്ടാവും എന്നു കരുതാനാണ് എനിക്കിഷ്ടം.

നിന്റെ ഏറ്റവും വലിയ മോഹം സിനിമയിലഭിനയിക്കുക എന്നാണെന്നുകൂടി കരുതാനും എനിക്കിഷ്ടമാണ്. പക്ഷേ നിനക്ക്, ഉള്ളത് ഉള്ളതുപോലെ എടുത്തടിച്ച മട്ടിൽ പറയാനല്ലാതെ അഭിനയിക്കാൻ പറ്റുമോ എന്ന കാര്യത്തിൽ എനിക്ക് നല്ല സംശയമുണ്ട്.

അതെന്തോ ആവട്ടെ, എനിക്ക് നിന്നെ നിന്റെ സിനിമാ അഭിനയമോഹക്കാര്യത്തിൽ സഹായിക്കണം എന്നുണ്ട്. പക്ഷേ എനിക്ക് സിനിമാ കാണാനല്ലാതെ അതുമായി ബന്ധപ്പെട്ട കാര്യങ്ങളിലൊന്നും വലിയ താത്പര്യമില്ല.

എനിക്ക്, ദൈവമേ, സോഷ്യൽവർക്കിൽ ഉപരിപഠനം നടത്താനാണ് ആഗ്രഹമെന്ന് എന്നേക്കാൾ നന്നായി നിനക്കാണല്ലോ അറിയുന്നത്. നീ എല്ലാരുടെയും മനസ്സു വായിക്കുന്നവനാണല്ലോ... എന്റെ അനിയൻ ഓട്ടിസ്റ്റിക് ആണെന്നും അവന് നടക്കാനോ സംസാരിക്കാനോ ആവില്ല എന്നും അവനെപ്പോലുള്ള കുട്ടികൾക്ക് തുണയാകാനായാണ് ഞാൻ BSW(ബാച്ചിലർ ഓഫ് സോഷ്യൽവർക്), MSW(മാസ്റ്റർ ഓഫ് സോഷ്യൽവർക്) എന്നിവയും പിന്നെ അതിൽ ഉപരിപഠനവും നടത്താനുദ്ദേശിക്കുന്നത് എന്ന് നിന്നെ കൂടാതെ എന്റെ അമ്മയ്ക്കും മനുവിനും മാത്രമേ അറിയൂ.

എന്റെ തൊട്ടപ്പുറത്തെ ബഞ്ചിലിരുന്ന് പരീക്ഷയെഴുതുന്ന മനുവിനെ അറിയില്ലേ, അവനാണ് സിനിമാഭ്രാന്തൻ. സംവിധായകനാകും എന്നാണ് അവൻ പറയുന്നത്. അവനെ, അവന്റെ ആഗ്രഹം പോലെ തന്നെ സിനിമാക്കാരനാക്കിയാൽ നിനക്ക് ഒരു നല്ല റോൾ അവൻ തരും. ഉറപ്പാണത്. കാരണം, ഓടിച്ചാടി വീഴുമ്പോഴെല്ലാം അവൻ 'എന്റെ ഈശോയേ' എന്നു വിളിക്കുന്നതു കേൾക്കാം.

പക്ഷേ ,അവൻ ഹൊറർ മൂവിയുടെ ആളാണ്. CONJURING , IT , LIGHTS OUT ഒക്കെ എത്ര കണ്ടാലും അവന് മതിവരില്ല. അതിന്റെയൊക്കെ കഥ വിസ്തരിച്ചഭിനയിച്ചു കാണിക്കാൻ അവനു നല്ല മിടുക്കാണ്. ക്ലാസിലെ അന്ന, ഇന്നാളവന്റെ ഹൊറർകഥ പറച്ചിലിനിടയിൽ പേടിച്ചലറിക്കരഞ്ഞു. അന്ന അവനെ

**എന്റെ അനിയൻ എന്നെ തല്ലുകയും ചവിട്ടുകയും ചെയ്യുമ്പോൾ, ദൈവശാപം വരും എന്നമ്മ പറയാറില്ല. കാരണം അവനത് മനസ്സിലാവില്ല. അവന് അമ്മ, അമ്മയാണെന്നും ഞാൻ ചേട്ടനാണെന്നും മനസ്സിലാവില്ലല്ലോ. അല്ല, നീയെന്തിനാണ് ചിലരെയൊക്കെ ഇങ്ങനെ ഓട്ടിസ്റ്റിക് ആയി ജനിപ്പിച്ചത്?**

തിരെ പരാതിയുമായി ടീച്ചേഴ്സ് റൂമിൽ ചെന്നപ്പോൾ നിലീനടീച്ചർ, കഥ കേട്ട് പേടിക്കാൻ നല്ല രസമല്ലേ എന്നുചോദിച്ച് അവനെക്കൊണ്ട് ഒരു ഹൊറർക്കഥ പറയിപ്പിച്ച് സ്വയം പേടിച്ച് രസിച്ചു. അപ്പോൾ ആ പരാതിക്കാരി അന്നയും ടീച്ചറിനൊപ്പം പേടിച്ചുരസിച്ചു.

ദൈവം, നീയും ഹൊറർമൂവിയുടെ ആളാണെന്ന് കരുതാനാണ് എനിക്കിഷ്ടം. നിന്നെ പേടിപ്പിക്കാൻ ആരും ഇതുവരെ വന്നിട്ടുണ്ടാവില്ല. കാരണം ,നീ ദൈവമാണല്ലോ. അതുകൊണ്ടുതന്നെ ഒരു ചെയ്ഞ്ചിനായി നീ സ്വയം ഇരുന്ന് ഹൊറർമൂവി കണ്ട് പേടിക്കാറുണ്ട് എന്നു കരുതുകയാണ് ഞാൻ. ആർക്കാണ് ഒരു ചെയ്ഞ്ച് ഇഷ്ടമല്ലാത്തത് !

നിന്നെ പേടിച്ചാണല്ലോ ആളുകൾ പലപ്പോഴും തെറ്റും പാപവും ചെയ്യാതെ ജീവിക്കാൻ ശ്രമിക്കുന്നത്... ദൈവശിക്ഷ കിട്ടും, ദൈവശാപം ഉണ്ടാകും എന്നൊക്കെയാണ് ഞാൻ ചിലപ്പോൾ ചില ചെറിയ കള്ളങ്ങളൊക്കെ പറയുമ്പോൾ അമ്മ പറയാറ്. വലിയ നുണകളൊന്നും ഞാൻ പറയാറില്ല എന്നു നിനക്കുമറിയാവുന്ന കാര്യമാണല്ലോ. കളിക്കാൻ അപ്പുറത്തെ രാമുവിന്റെ വീട്ടിലേക്കോടാൻ നിൽക്കുമ്പോൾ, 'ക്ലാസിൽ പഠിപ്പിച്ചതെല്ലാം പഠിച്ചിട്ടാണോ നീ തുള്ളിമറിയാനോടുന്നത്' എന്നമ്മ ചോദിക്കും. കളിക്കാനുള്ള തിടുക്കം കാരണം 'ഒക്കെ പഠിച്ചുകഴിഞ്ഞു അമ്മേ' എന്ന് ചിലപ്പോഴൊക്കെ നുണ പറയാറുണ്ട്. പക്ഷേ കളി കഴിഞ്ഞു വന്നതിനുശേഷം, പഠിക്കാതെ ബാക്കിവെച്ചിട്ടോടിയതെല്ലാം ഞാൻ പഠിച്ചുതീർക്കാറുണ്ട്.

പക്ഷേ, എന്റെ അനിയൻ എന്നെ തല്ലുകയും ചവിട്ടുകയും ചെയ്യുമ്പോൾ, ദൈവശാപം വരും എന്നമ്മ പറയാറില്ല. കാരണം അവനത് മനസ്സിലാവില്ല. അവന് അമ്മ, അമ്മയാണെന്നും ഞാൻ ചേട്ടനാണെന്നും പോലും മനസ്സിലാവില്ലല്ലോ. അവന് ചിന്തിക്കാനറിയില്ലല്ലോ. അല്ല, നീയെന്തിനാണ് ചിലരെയൊക്കെ ഇങ്ങനെ ഓട്ടിസ്റ്റിക് ആയി ജനിപ്പിച്ചത്? കളിമണ്ണുവച്ച് ഞാൻ ഉണ്ടാക്കുന്ന തവള ചിലപ്പോൾ എലിയെപ്പോലെ ആവുന്നതു

*പോലെ നിനക്കും കൈയബദ്ധം പറ്റുന്നതാവും അല്ലേ?*

*നിനക്ക് ഹൊറർ മൂവിയാവും കാണാനിഷ്ട മെന്നല്ലേ ഞാൻ പറഞ്ഞുവന്നത്? അത്തരമൊരു മൂവിയിൽത്തന്നെയാണോ നിനക്ക് അഭിനയി ക്കാൻ താത്പര്യം? നീ വലിയ തിരക്കുള്ളയാളല്ലേ, കത്തെഴുതാനൊന്നും സമയമുണ്ടാവില്ല നിനക്ക്. എന്റെ സ്വപ്നത്തിൽ വന്ന് എനിക്കൊരു മറുപടി തന്നാലും മതി. യെസ് എന്നാണുത്ത രമെങ്കിൽ ഞാൻ മനുവിനോട് പറഞ്ഞ് അവനെ ടുക്കാൻ പോകുന്ന ഹൊറർ മൂവിയിൽ നിനക്ക് ഒരു റോൾ സത്യമായും വാങ്ങിത്തരാം. അതുവരേക്കും ബൈ. എഴുതാനിനിയുമൊ രുപാടുണ്ട്. പക്ഷേ എന്തുചെയ്യാനാ, പരീക്ഷ യുടെ സമയം തീരാറായി..*


*എന്ന്*
*ഇഷ്ടത്തോടെ*
*അപ്പു*

താൻ തയ്യാറാക്കിയ കത്ത് അപ്പുവിന് വലിയ ഇഷ്ടമായി .

പക്ഷേ കത്തെഴുതിയതി ങ്ങനെയൊക്കെയാണെന്ന് അമ്മയോടു പറഞ്ഞപ്പോൾ അമ്മ അവനെ ഒരുപാട് വഴക്കുപറഞ്ഞു. ഉപന്യാസമെഴു താനും കത്തെഴുതാനുമൊക്കെ പറയുമ്പോൾ, നേരത്തേ പരിചയിച്ച ചോദ്യമല്ല വരുന്നതെങ്കിൽ 'കാടുകേറി തോന്നിയമാതിരിയെഴുതുന്ന' ഈ സ്വഭാവം ഒട്ടും നല്ലതല്ല എന്ന് അമ്മ അവനെ ദേഷ്യപ്പെട്ടു.

ശരിയാണല്ലോ അമ്മ പറയുന്നത്, ഞാനെന്താ ണിങ്ങനെ എന്ന് അപ്പോൾ അപ്പുവിന് ശരിക്കും സങ്കടം വന്നു. പിന്നെ അപ്പു, അനിയനെ എടുത്തു മടിയിൽവച്ച് അവന് ഒരുമ്മ കൊടുത്തു. അനിയൻ എന്തോ ചില അപശബ്ദങ്ങളുണ്ടാക്കി.

പക്ഷേ പരീക്ഷയുടെ മാർക്ക് വന്നപ്പോഴോ, കത്തെഴുത്തിന് ഏറ്റവും കൂടുതൽ മാർക്ക് നിലീ നടീച്ചർ കൊടുത്തത് അപ്പുവിനാണ്. ഐ എം വിജയനും ഫുട്ബോളും ഇല്ലാത്ത കത്താ ണെങ്കിലും അപ്പുവെഴുതിയ കത്തിൽ ജീവിതം ഉണ്ടെന്ന് ടീച്ചർ പറഞ്ഞു. കാണാതെ പഠിച്ച് ഉത്തരം എഴുതുന്നതിനേക്കാൾ ആരും കാണാത്ത കാര്യങ്ങൾ കാണുന്ന കുട്ടിക്കല്ലേ മാർക്ക് കൊടുക്കേണ്ടതെന്ന് ടീച്ചർ കുട്ടികളോടു ചോദിച്ചു. ആദ്യം അവർക്കാ ചോദ്യം മന സ്സിലായില്ല. അപ്പോൾ ടീച്ചർ അപ്പുവെഴുതിയ കത്തവരെയെല്ലാം വായിച്ചുകേൾപ്പിച്ചു.



മനുഷ്യരുടെ പരാതി കേട്ടുകേട്ട് ദൈവത്തിനുണ്ടാകുന്ന മടുപ്പിനെക്കുറിച്ച് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ എന്നും സിനിമകളുടെ പലതിന്റെയും തുടക്കത്തിൽ 'താങ്ക് ഗോഡ്' എന്നെഴുതിക്കാണിക്കുന്നത് ശ്രദ്ധിച്ചിട്ടുണ്ടോ എന്നും ഓട്ടിസ്റ്റിക് എന്നാലെന്താണെന്നറിയാമോ എന്നും ടീച്ചർ ചോദിച്ചു.

ടീച്ചർ പിന്നെ അവർക്ക് ഓട്ടിസ്റ്റിക് എന്നാലെന്താണെന്നു പറഞ്ഞുകൊടുത്തു. നാഡീസംബന്ധമായ ചില തകരാറുകൾ മൂലമുണ്ടാകുന്ന രോഗാവസ്ഥയാണ് ഓട്ടിസം എന്നും അത്തരം കുട്ടികൾക്ക് ആശയവിനിമയം, ചലനം, പ്രതികരണങ്ങൾ, കാര്യങ്ങളുൾക്കൊള്ളൽ എന്നിവയെല്ലാംപാടേ തകരാറിലായിരിക്കുമെന്നും ടീച്ചർപറഞ്ഞു. എത്ര പ്രായമായാലും അത്തരക്കാരെ ചെറിയ കുഞ്ഞിനെപ്പോലെ വീട്ടുകാർ ശുശ്രൂഷിക്കേണ്ടിവരുമെന്നും പരാശ്രയമില്ലാതെ ആഹാരം കഴിക്കാൻ പോലും അവർക്കാവില്ലെന്നും ബന്ധങ്ങളൊന്നും അവർ പലപ്പോഴും തിരിച്ചറിയാറില്ല എന്നും മിസ് അവരെ സ്മാർട്ട് ക്ലാസിൽ കൊണ്ടുപോയി വീഡിയോകൾ കാണിച്ച് വിശദമാക്കിയപ്പോൾ, കുട്ടികളുടെ കണ്ണ് നിറഞ്ഞു അപ്പുവിന്റെ അനിയനെ ഓർത്ത്.

വയ്യാത്ത അനിയനെ കണ്ടുകണ്ട് അത്തരക്കാരെ സഹായിക്കണം എന്നു തോന്നുന്ന കുട്ടി ഒരു വലിയ കുട്ടിയല്ലേ എന്നു ടീച്ചർ പിന്നീട് ചോദിച്ചപ്പോൾ അതെ എന്ന് അവരെല്ലാവരും ഉറക്കെ വിളിച്ചുപറഞ്ഞു.

സ്വന്തം വീട്ടിലെ പ്രശ്നമുൾക്കൊണ്ട് ദൈവത്തിന് കത്തെഴുതാൻ കഴിഞ്ഞ അപ്പുവിന്

**സ്വന്തം വീട്ടിലെ പ്രശ്നമുൾക്കൊണ്ട് ദൈവത്തിന് കത്തെഴുതാൻ കഴിഞ്ഞ അപ്പുവിന് നാട്ടിലെ ഏതു പ്രശ്നവും ഉൾക്കൊണ്ട് അത് ചൂണ്ടിക്കാണിച്ചും പരിഹാരമാർഗങ്ങളാലോചിച്ചും ആർക്കുവേണമെങ്കിലും കത്തെഴുതാൻ കഴിയുമെന്നും തോന്നുന്നില്ലേ എന്നു ടീച്ചർ അവരോടു ചോദിച്ചപ്പോൾ, കുട്ടികൾ 'ഉവ്വ് ഉവ്വ്' എന്നു വിളിച്ചുപറഞ്ഞു.**

നാട്ടിലെ ഏതു പ്രശ്നവും ഉൾക്കൊണ്ട് അത് ചൂണ്ടിക്കാണിച്ചും പരിഹാരമാർഗങ്ങളാലോചിച്ചും ആർക്കുവേണമെങ്കിലും കത്തെഴുതാൻ കഴിയുമെന്നും തോന്നുന്നില്ലേ എന്നു ടീച്ചർ അവരോടു ചോദിച്ചപ്പോൾ, കുട്ടികൾ 'ഉവ്വ് ഉവ്വ്' എന്നു വിളിച്ചുപറഞ്ഞു.

അന്ന് അപ്പുവിന്റെ വീട്ടിലേക്ക് മനുവും പോയി. അപ്പുവിന്റെ അനിയനെ കണ്ടശേഷം മനു പറഞ്ഞു, 'ഞാൻ ഹൊറർ സിനിമയെടുത്തു കിട്ടുന്ന കാശിൽ നിന്ന് ഒരു ഭാഗം നിന്റെ സോഷ്യൽ വർക് സ്ഥാപനത്തിനു തരാം.'

അപ്പോഴും അപ്പുവിന്റെ അനിയൻ എന്തോ ചില ശബ്ദങ്ങളുണ്ടാക്കി. മനു അപ്പോഴവന്റെ കവിളിൽ ഒന്നു തൊട്ടു. പിന്നെ CONJURING PART3 എടുക്കുക അവനായിരിക്കും എന്നുറപ്പു പറഞ്ഞു. തനിക്ക് അതിൽ റോളുണ്ടാവുമോ എന്നന്വേഷിച്ച് ദൈവം അപ്പോൾ അടുത്തുകൂടി ചുറ്റിത്തിരിയുന്നതായി തോന്നി അപ്പുവിന്. അതു പറഞ്ഞ് അപ്പുവും മനുവും ഒരുപാട് ചിരിച്ചു.


## കേരള സാഹിത്യ അക്കാദമി

### യുവ സാഹിത്യകാരശില്പശാല
### അപേക്ഷകൾ ക്ഷണിക്കുന്നു

**കേരള സാഹിത്യ അക്കാദമിയുടെ നേതൃത്വത്തിൽ സഹോദരൻ അയ്യപ്പൻ സ്മാരകത്തിന്റെ സഹകരണത്തോടെ സെപ്തംബർ 7,8,9 തീയതികളിൽ ചെറായിയിൽവച്ച് സംസ്ഥാനതലത്തിൽ സാഹിത്യശില്പശാല സംഘടിപ്പിക്കുന്നു. 18 വയസ്സുമുതൽ 40 വയസ്സുവരെയുള്ള യുവ എഴുത്തുകാർക്ക് പങ്കെടുക്കാം. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് താമസം, ഭക്ഷണം, യാത്രാബത്ത എന്നിവയും സാക്ഷ്യപത്രവും അക്കാദമി നൽകും. മലയാളത്തിൽ തയ്യാറാക്കിയ അപേക്ഷയും ബയോഡേറ്റയും കഥ, കവിത, നിരൂപണം, ആസ്വാദനം, വായനാക്കുറിപ്പ് എന്നീ ഏതെങ്കിലും മേഖലകളിലെ സ്വന്തം രചനയും സഹിതം 2018 ആഗസ്റ്റ് 16 ന് മുമ്പ് സെക്രട്ടറി, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ 680020 എന്ന വിലാസത്തിൽ ലഭിക്കണം. ഫോൺ 0487 2331069,** E-mail keralasahityaakademi@gmail.com **എന്ന**

കഥ


# ഓണം പോലെ......

എം കൃഷ്ണദാസ്



വില പിടിച്ച രണ്ടു മൂന്നു ജോഡി ഡ്രസ്സുകൾ. അതിൽ നിന്ന് ഏതെടുത്തിടണമെന്നതായിരുന്നു ആദ്യ സംശയം. ഇന്നത്തെ പൂക്കളത്തിന്റെ മഞ്ഞനിറത്തിനൊത്ത ഒരു ഉടുപ്പെടുത്തിട്ടു. അതിനോടു ചേർന്നു നിന്ന് പല പോസിലുള്ള ഫോട്ടോകളെടുത്തു. പത്തു ദിവസമായി പല ഡിസൈനിലുള്ള പൂക്കളങ്ങളുടെ അടുത്തുനിന്ന് എടുത്ത പടങ്ങൾ അമ്മ അപ്പോഴപ്പോൾ വാട്സാപ്പിലൂടെ സെന്റ് ചെയ്യും. ഓരോ മുറ്റത്തായി പൂക്കളങ്ങളൊരുക്കിപ്പോകുന്ന ചേച്ചിമാർ എല്ലാ ദിവസവും എന്റെ മുഖത്ത് പൂമണമുള്ള വിരലുകൾ കൊണ്ട് ഒന്നു തൊടും. ഒരു പൂവിതളിന്റെ സ്പർശനസുഖം തോന്നും. അവർ പൂവിടുന്ന ഓരോ വീട്ടിലേയും കുട്ടികൾക്ക് ഈ തൊടൽ കിട്ടുന്നുണ്ടാവുമായിരിക്കാം. എന്നാലും എനിക്കത് ഇഷ്ടമായി.

പത്താം നാൾ പൂവിട്ടു പോവുമ്പോൾ അവർക്കു രണ്ടാൾക്കും അമ്മ ടെക്സ്റ്റൈൽ കവറിൽ എന്തോ സമ്മാനം കൊടുത്തു. സാരിയോ ചുരിദാറോ ആകും. അതു കണ്ടപ്പോൾ എനിക്ക് നന്നേ സന്തോഷം തോന്നി.



വര: സന്തോഷ് വെളിയന്നൂർ

അവർ പൂ പോലെ ചിരിച്ചു കൊണ്ട് ഇറങ്ങിപ്പോയപ്പോഴേക്കും 'ഓണസദ്യ' എന്ന് നാക്കിലയിൽ എഴുതിവെച്ച വാൻ ഗേറ്റ് കടന്ന് മുറ്റത്തെത്തി. അതിൽ നിന്ന് എടുത്തുകൊടുത്ത കണ്ടെയ്നർ അമ്മ വാങ്ങി അകത്തേക്കു പോയപ്പോൾ വാനിന്റെ ഡ്രൈവർ എന്നോട് 'ഹാപ്പി ഓണം' പറഞ്ഞു. എനിക്ക് തിരിച്ചൊന്നും പറയാൻ തോന്നിയില്ല. ഒന്നു ചിരിച്ചുകൊടുത്തു. അയാൾക്ക് സന്തോഷായീന്ന് തോന്നുന്നു.

അമ്മ ഒഴിഞ്ഞ കണ്ടയ്നർ തിരികെ കൊണ്ടു കൊടുത്തപ്പോൾ, വണ്ടി തിരിച്ചിറക്കുന്നതിനിടയിൽ ഡ്രൈവർ മഹാബലിയെപ്പോലെ ഒരു ചിരി തന്നു.

സിറ്റൗട്ടിലിട്ട ഊഞ്ഞാലിലിരുത്തി അമ്മ എന്നെ ആട്ടുന്നതിനിടയ്ക്കാണ് ഗേറ്റ് കടന്ന് ഓണപ്പാട്ടുസംഘം വന്നത്. പാട്ടുകൾ, കളികൾ, തമാശകൾ..... ഒരര മണിക്കൂർ നേരം കുശാലായിരുന്നു. കുറച്ചു നേരത്തേക്ക് ഓണം ശരിക്കും വിരുന്നു വന്നു. ടൈൽസിട്ട മുറ്റത്ത് ഒരു ഓണം ലാന്റ് ചെയ്ത പോലെ രസം തോന്നി.

ഓണപ്പാട്ടുസംഘം പടിയിറങ്ങിപ്പോയപ്പോൾ വീടാകെ ഉറങ്ങിയ മട്ടായി.

'വാ മോളേ നമുക്ക് ഊണ് കഴിക്കാം...'

ഇതിനിടയിലെപ്പോഴാ അമ്മ അകത്തേക്ക് പോയത്. മടിച്ചുമടിച്ച് ഊണു മുറിയിലേക്ക് ചെന്നപ്പോൾ അതിശയം. രണ്ട് നാക്കിലകളിൽ വൃത്തിയായി വിളമ്പിവെച്ച വിഭവങ്ങൾ. അതു കണ്ടാൽത്തന്നെ കഴിക്കാൻ തോന്നും. കൈ കഴുകി ചെന്നിരുന്നപ്പോൾ, പെട്ടെന്ന് അച്ഛനെ ഓർമ വന്നു.

''അമ്മേ, ഇനി ഇലയുണ്ടോ...?''

'' ഉണ്ട്, എന്തിനാ മോളേ...?''

''ഒരിലയിൽക്കൂടി വിളമ്പമ്മേ....''

അമ്മ മറ്റൊരു നാക്കില കൂടിവെച്ച് അതിൽ വിഭവങ്ങളെല്ലാം വിളമ്പി. അതിനോട് ചേർന്നിരുന്ന് ഞങ്ങളുടേയും ഇലകളുടേയും ഒരു സെൽഫിയെടുത്ത് അച്ഛന് സെന്റ് ചെയ്ത ശേഷമാണ് പിന്നെ, ഞങ്ങൾ സമാധാനത്തോടെ ഓണസദ്യ കഴിച്ചത്.

# ഒരു 'പ്രേത' കഥ

ബി മുരളി

പയ്യന് കഥകൾ കേൾക്കാൻ ഭയങ്കര ഇഷ്ടമായിരുന്നു. പ്രേതങ്ങളും പാമ്പുകളും ഭൂതങ്ങളുമൊക്കെ നിറഞ്ഞ കഥകളായിരുന്നു അവന് കൂടുതൽ താത്പര്യം. അവ പറഞ്ഞുകൊടുക്കാൻ പാകത്തിൽ ആയിരക്കണക്കിനു കഥകളറിയാവുന്ന ഒരു വേലക്കാരനും പയ്യന്റെ വീട്ടിലുണ്ടായിരുന്നു. ഇയാൾ ദിവസവും പുതപുതുകഥകൾ പയ്യന് പറഞ്ഞുകൊടുക്കും. അവൻ ആസ്വദിച്ചു കേട്ട് സന്തോഷിച്ച് ഉറങ്ങും. അതായിരുന്നു പതിവ്.

ഇവൻ നല്ല മിടുക്കൻ പയ്യനായിരുന്നു. നല്ല സ്വഭാവം. ആരോടും വെറുപ്പോ ദേഷ്യമോ ഇല്ല. എല്ലാവരെയും സഹായിക്കും. സ്നേഹിക്കും. എന്നാൽ ഒരു ദോഷം ആർക്കും കാണുമല്ലോ. പയ്യന്റെ കുഴപ്പം ഇതായിരുന്നു. താൻ കേട്ടകഥ പിന്നെ വേറെയാരും കേൾക്കാൻ പാടില്ല എന്ന വാശി. ചില കളിപ്പാട്ടങ്ങൾ ചില കുട്ടികൾ വേറെയാർക്കും കളിക്കാൻ കൊടുക്കില്ലല്ലോ. അതുപോലെ.

വേലക്കാരൻ കഥപറഞ്ഞു കൊടുത്തു കഴിഞ്ഞാൽ പയ്യൻ അടുത്ത ഡിമാന്റ് വയ്ക്കും. 'ഈ കഥ വേറെയൊരും കേൾക്കരുത്. നിങ്ങൾ ഈ കഥ മറ്റാരോടും പറയരുത്. ഞാനും പറയില്ല.''

പാവപ്പെട്ട വേലക്കാരന് വേറെ നിവൃത്തിയില്ലായിരുന്നു. പറയുന്നതു കേട്ടേ പറ്റൂ. അങ്ങനെ ആയിരക്കണക്കിനു കഥകൾ അയാൾ പയ്യന് പറഞ്ഞു കൊടുത്തു. പിന്നെയാരോടും പറയാൻ പറ്റാത്തതിനാൽ അവ പയ്യന്റെ തലയിൽ മാത്രമായിരുന്നു. പയ്യൻ കഥകൾ കേട്ടുകൊണ്ടേയിരുന്നു. ഓരോ ദിവസവും. പയ്യൻ പഠിത്തത്തിലും ബഹു കേമനായിരുന്നു. ബുദ്ധിമാൻ, മിടുക്കൻ. പരീക്ഷ ജയിച്ചുവരുന്ന ദിവസം പറയുന്ന സമ്മാനം കൊടുക്കാമെന്ന് പയ്യന്റെ അച്ഛൻ പറഞ്ഞിരുന്നു. ധനികനായ അച്ഛൻ എന്തും കൊടുക്കും. അവൻ ഒന്നാന്തരം ജയം നേടണം എന്നുമാത്രം. പയ്യൻ പറഞ്ഞു. ''ഞാൻ ജയിക്കും. ജയിച്ചാൽ എനിക്ക് പുതിയ ഒരു മുറി വേണം. വീട്ടിൽ ഗംഭീരമായി അലങ്കരിച്ച സുന്ദരമായ ഒരു മുറി. അതിലിരുന്ന് എനിക്ക് കഥകൾ കേൾക്കാനാണ്.''

അതുകൊണ്ടെന്തു കുഴപ്പം? അച്ഛൻ സമ്മതിച്ചു. പയ്യൻ വാശിക്കു പഠിച്ചു. അപ്പോഴും ഓരോ ദിവസവും അവൻ കഥകൾ കേട്ടുകൊണ്ടിരുന്നു. പാവം വേലക്കാരൻ കഥ മറ്റാരോടും പറയാനാകാതെ ഓരോ കഥയും അവനു മാത്രമായി കൊടുത്തുകൊണ്ടിരുന്നു.

വാശിക്കു പഠിച്ച അവന് വമ്പൻ വിജയമായിരുന്നു. എല്ലാവരും ഉഷാറായി. പള്ളിക്കൂടത്തിൽ സമ്മാനം കൊടുക്കുന്ന ദിവസം തന്നെ പയ്യനു വേണ്ടി വീട്ടിൽ അവന്റെ പുതിയ മുറി സജ്ജമായി. സമ്മാനം വാങ്ങിവന്ന് അവൻ പുതിയ മുറിയിൽ പ്രവേശിക്കും.

**തലേദിവസം രാത്രി വേലക്കാരൻ വെറുതെ നടക്കുകയായിരുന്നു. പയ്യന്റെ കിടപ്പുമുറിക്കുള്ളിൽ അവൻ സന്തോഷത്തോടെ സുഖമായുറങ്ങുന്നു. അപ്പോൾ അടുത്തുള്ള കലവറമുറിക്കുള്ളിൽ ശബ്ദം താഴ്ത്തിയുള്ള സംസാരങ്ങൾ. വിചിത്ര ശബ്ദത്തിൽ.**

ഇനിയാണ് കഥ. തലേ ദിവസം രാത്രി വേലക്കാരൻ വെറുതെ നടക്കുകയായിരുന്നു. പയ്യന്റെ കിടപ്പുമുറിക്കുള്ളിൽ അവൻ സന്തോഷത്തോടെ സുഖമായുറങ്ങുന്നു. അപ്പോൾ അടുത്തുള്ള കലവറമുറിക്കുള്ളിൽ ശബ്ദം താഴ്ത്തിയുള്ള സംസാരങ്ങൾ. വിചിത്ര ശബ്ദത്തിൽ. വേലക്കാരൻ ജനൽപ്പാളി മാറ്റി പതിയെ നോക്കി.

മുറിക്കുള്ളിൽ നിറയെ പ്രേതങ്ങൾ! താൻ പറഞ്ഞുകൊടുത്ത കഥകളിലെ പ്രേതങ്ങൾ കൂട്ടംകൂടിയിരിക്കുകയാണ്. ഒരാൾ പറയുന്നു: ''ഇവൻ നമ്മളെയെല്ലാം അവന്റെ തലയ്ക്കുള്ളിൽ മാത്രം ഒളിച്ചുവച്ചിരിക്കുകയാണ്. നമുക്ക് മറ്റെവിടെയെങ്കിലുമൊക്കെ പോകണ്ടേ? ഇവൻ വിടില്ല. ഇവനോട് നമുക്ക് പ്രതികാരം ചെയ്യണം.''

രണ്ടാമത്തെ പ്രേതം പറഞ്ഞു.

''വേണം. ഇവനെ അങ്ങനെ വിട്ടുകൂടാ. നമുക്കൊരു സ്വാതന്ത്ര്യം വേണം. ഇവനെ ഞാൻ കൊന്നുകളയും. എന്റെ കഥയിൽ വിഷം നിറച്ചൊരു കിണറുണ്ട്. നാളെ അവൻ സമ്മാനം വാങ്ങിവരുന്ന വഴിയിൽ ഞാൻ കിണർ വയ്ക്കും. അവൻ അതിൽ നിന്നു വെള്ളം കുടിക്കും. പിന്നെ നമ്മൾ സ്വതന്ത്രർ.''


വര: ടോണി ദേവസ്യ

വേറൊരു പ്രേതം ഇങ്ങനെ പറയുന്നു. ‘‘എന്റെ കഥയിൽ സുന്ദരമായ ചില വിഷക്കായ്കൾ ഉണ്ട്. അവന് വീട്ടിൽ വരുമ്പോൾ കൊടുക്കുന്ന പഴങ്ങൾക്കിടയിൽ ഞാനതു കൊണ്ടുവയ്ക്കും.’’

മൂന്നാമത്തെയാൾ. ‘‘അവന് ഏറ്റവും ഇഷ്ടം എന്റെ കഥയാണ്. അതിൽ ഭയങ്കരൻ വിഷപ്പാമ്പാണുള്ളത്. അവന്റെ പുതിയ മുറിയിലെ കട്ടിലിൽ ഞാൻ അതിനെ വളച്ചു പുളച്ചു തിരുകിവയ്ക്കും കണ്ടോളൂ.’’

വേലക്കാരൻ ഭയന്ന് വാതിൽ തട്ടിത്തുറന്നപ്പോഴേക്കും അവിടെ ആരുമില്ലായിരുന്നു. പ്രേതങ്ങൾ അദൃശ്യരാണല്ലോ!

പിറ്റേന്ന്, സമ്മാനങ്ങൾ വാങ്ങിവരുന്ന പയ്യന്റെ വണ്ടിയിൽ തന്നെക്കൂടെ കയറ്റുമോ എന്നു വേലക്കാരൻ അഭ്യർഥിച്ചു. വല്ലവിധേനയും സമ്മതം കിട്ടി. വേലക്കാരന് യജമാനന്റെ വണ്ടിയിലെന്തുകാര്യം!

വരുന്നവഴി പയ്യന് ദാഹിച്ചു. കിണർകണ്ട് ഇറങ്ങിയ ആൾക്കാരെ അയാൾ തടഞ്ഞു. പയ്യൻ അമ്പരന്നു. മറ്റുള്ളവരും. വേലക്കാരന് എന്തുകാര്യം ഇവിടെ?

എന്നാൽ കഥ പറഞ്ഞുതരുന്ന വേലക്കാരനെ പയ്യൻ തടഞ്ഞില്ല. ഈ വെള്ളം ചീത്തയാണെന്നും കുടിക്കരുതെന്നും അയാൾ പറഞ്ഞു. ഒരുവിധത്തിൽ എല്ലാവരും പിൻവാങ്ങി.

വീട്ടിലെത്തി നൽകിയ പഴക്കൂട വേലക്കാരൻ പിടിച്ചുമാറ്റി. സകലരും ദേഷ്യപ്പെട്ടു. എന്നാലും അവൻ അതു കഴിച്ചില്ല. കഴിക്കാൻ പറ്റിയില്ല. അഭിനന്ദനങ്ങൾക്കുശേഷം പയ്യനെ അവന്റെ പുതിയ മുറിയിലേക്ക് ആനയിച്ചു. അവൻ തുറന്ന കണ്ണോടെ അലങ്കാരങ്ങൾ ഉത്സാഹപൂർവം കണ്ടു. ഓടിച്ചെന്ന് പതുപതുത്ത കട്ടിലിൽ കിടക്കാൻ നോക്കവേ, പിന്നെയും വേലക്കാരൻ പാഞ്ഞുവന്ന് അവനെ തടഞ്ഞു.

ഇപ്പോൾ എല്ലാവരും വല്ലാതെ ദേഷ്യപ്പെട്ടിരുന്നു. പക്ഷേ അവരെ തടഞ്ഞ് വേലക്കാരൻ പുത്തൻ മെത്ത വലിച്ചുമാറ്റി. നമുക്കറിയാമല്ലോ, വളഞ്ഞു പുളഞ്ഞു കിടന്ന പാമ്പ് അവിടെ ഇരയെ കാത്തുകിടക്കുകയാണെന്ന്.

പയ്യന്റെ അച്ഛൻ വേലക്കാരനെ ശിക്ഷിക്കാൻ കൈയോങ്ങിയതായിരുന്നു. അയാളുടെ കൈകൾ താഴ്ന്നു. വേലക്കാരൻ കഥപറഞ്ഞു. പ്രേതങ്ങളുടെ സംഭാഷണങ്ങളുടെ കഥ. അവർക്ക് അത് അതിശയകരമായ ഒരു പുതിയ കഥയായിരുന്നു. പിന്നെ പയ്യൻ വേലക്കാരനോട് പറഞ്ഞു. ‘‘നമുക്ക് എല്ലാകഥകളും എല്ലാവരോടും പറയാം. ഇന്നുമുതൽ ഞാൻ കേൾക്കുന്നവരോടെല്ലാം നമ്മുടെ ആയിരക്കണക്കിന് കഥകൾ പറയാൻ പോകുകയാണ്. എല്ലാവരും കേൾക്കട്ടെ അല്ലേ?’’

വേലക്കാരൻ ചിരിച്ചു. പിന്നെ കഥകളുടെ കാലമായി.



വര: വിഷ്ണു പി എസ്



# ഓണക്കണ്ണീർ

സുമേഷ്കൃഷ്ണൻ എൻ എസ്

ഓണം വന്നു വിളിച്ചിട്ടും
ഉണ്ണീ ഉണരാത്തെന്തേനീ
തുമ്പപ്പൂക്കൾ ചിരിച്ചീലാ
തുമ്പിപ്പെണ്ണും വന്നില്ല
വണ്ണാത്തിക്കിളി പാടീലാ
അണ്ണാൻകുഞ്ഞു ചിലച്ചീലാ
ചിങ്ങനിലാവു തെളിഞ്ഞിട്ടും
തെങ്ങു, കവുങ്ങുകളാടീലാ
ഞാലിപ്പൂവൻ തേനുണ്ണാൻ
ഓലഞ്ഞാലികളെത്തീലാ
അത്തപ്പൂക്കളമെങ്ങും കണ്ടീ-
ലിത്തറവാടു മുടിഞ്ഞേപോയ്
പിന്നെന്തിന്നീയോണം, എന്തിനു-
പൊന്നോണം എന്റപ്പൂപ്പാ
ടാബിൽ കാണാം നല്ലോണം; യൂ-
ട്യൂബിൽ കാണാം ചന്തങ്ങൾ
അത്തപ്പൂക്കളം ചാല*യിൽ വിൽക്കാൻ
വച്ചിട്ടുണ്ടതു വാങ്ങിക്കാം.
സദ്യയ്ക്കോർഡർ കൊടുത്തൂ അച്ഛൻ
ഇപ്പൊഴതെത്തും വെയ്റ്റ് ചെയ്യൂ
ഓണം പുതുതായ്ത്തീർന്നു; നമ്മുടെ-
യോണം ഇൻസ്റ്റന്റായല്ലോ
ഒരു പാവത്താനിതു കേട്ടുള്ളം-
ഞെരിയും വണ്ണം വിലപിച്ചൂ
ഇനി ഞാൻ വരുകില്ലീച്ചുടുകാട്ടിൽ
പാതാളം താൻ ബഹുകേമം
വെണ്ണീറായൊരു സംസ്കാരത്തെ
കണ്ണീരിന്നാൽ കഴുകുന്നൂ.

** ചാല - തിരുവനന്തപുരത്തെ പ്രധാനപ്പെട്ട വ്യാപാരവാണിജ്യ കേന്ദ്രം*


Best compliments
MATTATHIL
PRINTERS & PUBLISHERS Pvt. Ltd.
CHANGANASSERY, Ph: 0481 - 2429320, 2429294
ISO 9001 - 2008 Certified Printing Company
ctpapple@gmail.com
Heidelberg Speed Master CD 102
(Double Demi 4 Colour with UV Coating)
NO WASTE
IN TIME
HIGH QUALITY
24 HOUR SERVICE
DIGITAL OFFSET MACHINE
FIRST TIME IN KERALA




# PrintExPress

PRINTER FOR CORPORATES






- Book Printing
- Magazine & Newsletters
- Brochure & Catalogues
- Calendars
- Posters
- Greeting & Invitaton Cards
- Flyers
- Envelopes
- Business Cards & Letter Heads

44/1469A, Asoka Road, Kaloor, Cochin-682017
Email: printexpresskochi@gmail.com

0484 2531336 | 96333 04336

## നിറകൺചിരി

സുജിത്




Printed and Published by **Palliyara Sreedharan** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at St Joseph's Press, Thiruvananthapuram.

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL/TV (N)/ WWPP/11/2018-2020

RNI No. 20076/70 August 2018
Regd KL/TV (N)/399/2018-2020 Published on 29-07-2018 Vol:24, Issue:08, ₹20

